# ശ്രീമദ് ഭഗവദ്ഗീത

വ്യാഖ്യാനിച്ചത്.

സി. ആർ. കേശവൻ വൈദ്യർ

സി. കെ. മൂസ്സത്
11-12-79

PROF. C.K. MOOSAD
"SUDARSAN"
TARAKKAD
PALGHAT-678 001

# ശ്രീമദ് ഭഗവദ്ഗീതാ

# BHAGAVAD GITA

FIRST IMPRESSION AUGUST, 1962.

COPIES 1000

*Price Rs. 2·75*

Rights Reserved *by* A. K. Jaganmayi Devi M. A.

PRINTED AT THE

CHANDRA MOHAN PRESS.

THYCAUD, TRIVANDRUM.

PROF. C.K. MOOSAD
"SUDARSAN"
TARAKKAD
PALGHAT

# ശ്രീമദ് ഭഗവദ്ഗീതാ

(മലയാള വിവർത്തനം)

By

നെയ്യാററിൻകര,

സി. ആർ. അയ്യപ്പൻ വൈദ്യൻ

പ്രസാധിക

എ. കെ. ജഗന്മയീദേവി M. A.

ശ്രീകൃഷ്ണസങ്കേതം, തൈക്കാട്

തിരുവനന്തപുരം.

# മാതൃസ്തുതി

കരതലവിലസത്താം സ്ഫാടികീമാല
യിൽത്തൻ—
നഖരുചി പകരുമ്പോൾ ദാഡിമീബീജ
മെന്നായ്
കരുതി യതഥ കൊത്തും തത്തയെ—
ധിക്കരിക്കും
ചൊരുചിരി വരട്ടെ, ഭൃതി മേ
നല്കിടേണം

സ.—ത.

# ഗീതാമാഹാത്മ്യം

ഭൂമിദേവി:-

ഭഗവൻ, ഭഗവാനിൽ സു-
സ്ഥിര ഭക്തിയതെവ്വിധം
ഭവിപ്പൂ ഭവഭോജിക്കെ-
ന്നരുൾ ചെയ്യണമെ വിഭോ.

2

വിഷ്ണു -

പ്രാരബ്ധിയാകിലും ഗീതാ-
ഭ്യാസ തൽപ്പരനായ് സദാ
വാഴ്കിൽ സുഖിയവൻ മുക്തൻ
കർമ്മലിപ്തനുമല്ലവൻ.

3

മഹാപാപാദിപാപങ്ങൾ
പത്മപത്രാംബുവെന്നപോൽ
പററുകില്ലൊരിടത്തും കേൾ
ഗീതാധ്യായിജനങ്ങളിൽ.

4

ഗീതതൻ ഗ്രന്ഥമെങ്ങുള്ളൂ
ഗീതയെങ്ങു പഠിപ്പതും
പ്രയാഗാദി മഹാപുണ്യ-
തീർത്ഥങ്ങൾക്കൊപ്പമാ സ്ഥലം.

5

സർവ്വദേവർ മുനീന്ദ്രന്മാർ
യോഗികൾ നാഗവർഗ്ഗവും
ഗോപീഗോപരുമെന്നല്ല
നാരദാദ്യവപാർഷദർ,

6

ഇവർ കൈങ്കര്യമാർന്നീടാൻ
ഭക്തിശ്രദ്ധായൊടെന്നുമേ
ഗീതായജ്ഞാലയം തോറും
വസിക്കുന്നു വസുന്ധരേ. (യുഗ്മകം)

7

ശ്രവണം മനനം പിന്നെ
പഠനം പാഠനാദിയും
ഗീതയെപ്പററി യാർന്നീടിൽ
മററെന്തേ മുക്തിസാധനം ?

8

ഗീതയിങ്കൽ വസിപ്പൂ ഞാൻ
ഗീത യെൻ ക്ഷേത്രമുത്തമം
ഗീതാജ്ഞാനാനുസാരം ഞാൻ
ഭരിപ്പൂ മൂന്നു ലോകവും.

9

സ്വാ f നിർവാച്യപദാത്മശ്രീ-
ഗീത യെൻ പര വിദ്യ താൻ,
അർദ്ധമാത്രയതായ് നിത്യാ-
ക്ഷരയാം ബ്രഹ്മ രൂപിണി.

10

വൈകുണ്ഠത്തിങ്കലോ യോഗി-
ഹൃത്തിലോ രവിയിങ്കലോ
വാണിടാ ഞാനെൻെറ ഭക്ത-
ഭജനസ്ഥല മെന്നിയേ.

11

മരണംവരുമന്നേര-
ത്താകിലും "ഗീത" യെന്നൊരാൾ
ഉച്ചരിച്ചാലുടൻ മുക്തി
സിദ്ധിക്കും തർക്കമില്ലിതിൽ.

12

ഗീതയിൽ തെല്ലു കേട്ടാലും
പഠിച്ചാലും കഥിക്കിലും
ദുർവൃത്തർപോലുമുൽകൃഷ്ട-
ഭക്തരായ് മുക്തരായിടും...

13

ചിദാത്മാവായ കൃഷ്ണൻ ഞാ-
നർജ്ജുനന്നരുളീടിനാൻ,
ത്രിവേദതത്വ സാരാർത്ഥാത്
പരമാനന്ദ "ഗീതയെ".

14

പ്രേയഃ ശ്രേയസ്സുകൾ ഭക്ത-
ർക്കേകും ഗീതേ, മഹേശ്വരി,
നീതാനംബ, ജഗദ്ഭവ്യ-
പൂർണ്ണേന്ദുദ്യുതിമണ്ഡലീ.

15

നിത്യവും ശ്രദ്ധയാ പാഠ്യം
നിത്യവും സ്മരണീയവും
നിത്യവും ജീവനീയ ശ്രീ-
യായതും "ഗീത"യൊന്നു താൻ.

16

ഗീതേ, ഗീതേ മഹാവിദ്യേ,
ഗീതേ, ഗീതേ, മഹോന്നതേ,
ഗീതേ, സർവ്വ ജഗന്മാതഃ
സർവ്വദെ, കൈ തൊഴുന്നിതെ.

## ഗീതാധ്യാനം

പാരാശര്യവചഃ സരോജമമലം ഗീതാർത്ഥഗ-
ന്ധോത്കടം
നാനാഖ്യാനകകേസരം ഹരികഥാ സംബോ-
ധനാബോധിതം
ലോകേ സജ്ജനഷട്പദൈരഹരഹഃ-
പേപീയമാനം മുദാ
ഭൂയാദ് ഭാരതപങ്കജം കലിമലപ്രധ്വംസി-
നഃശ്രേയസേ.

“ഓം” 2

പാർത്ഥായ പ്രതിബോധിതാം ഭഗവതാ നാരാ-
യണേന സ്വയം
വ്യാസേന ഗ്രഥിതാം പുരാണമുനിനാ മദ്ധ്യേ
മഹാഭാരതം
അദ്വൈതാമൃത വർഷിണീം ഭഗവതീ മഷ്ടാദ-
ശാദ്ധ്യായിനീ-
മംബ, ത്വാമനുസന്ദധാമി ഭഗവദ് ഗീതേ,-
ഭവദ്വേഷിണീം.

## വ്യാസധ്യാനം

നമോസ്തുതേ വ്യാസ, വിശാല ബുദ്ധേ,
ഫുല്ലാരവിന്ദായതപത്രനേത്ര,
യേന ത്വയാ ഭാരതതൈലപൂർണ്ണഃ
പ്രജ്വാലിതോ ജ്ഞാനമയപ്രദീപഃ

## ഭഗവത്സ്തുതി

പ്രപന്നചാരി.ജാതായ
വേത്രതോത്രൈകപാണയെ
ജ്ഞാനമുദ്രായ കൃഷ്ണായ
ഗീതാമൃതദുഹേ നമഃ

2

സർവ്വോപ നിഷദോ ഗാവോ
ദോഗ്ദ്ധാ ഗോപാലനന്ദനഃ
പാർത്ഥോ വത്സഃ സുധീർ ഭോക്താ
ദുഗ്ദ്ധം ഗീതാമൃതം മഹത്.

3

മൂകം കരോതിവാചാലം
പംഗും ലംഘയതേ ഗിരിം
യത് കൃപാ തമഹം വന്ദേ
പരമാനന്ദമാധവം

3

യം ബ്രഹ്മാ വരുണേന്ദ്രരുദ്രമരുതഃ
സ്തുന്വന്തി ദിവ്യൈഃ സ്തവൈഃ
വേദൈഃ സാംഗപദക്രമോപനിഷദൈർ
ഗായന്തി യം സാമഗാഃ
ധ്യാനാവസ്ഥിതതദ്ഗതേന മനസാ
പശ്യന്തി യം യോഗിനോ
യസ്യാന്തം ന വിദുസ്സുരാസുരഗണാ ദേവായ
തസ്മൈ നമഃ

ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാൽ പൂർണ്ണം,
ഉദച്യതേ. പൂർണ്ണസ്യ പൂർണ്ണ മാദായ
പൂർണ്ണമേവാ f വശിഷ്യതേ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ ഓം.

PROF. C.K. MOOSAD
"SUDARSAN"
TARAKKAD
PALGHAT-678 001

ॐ

# മുഖവുര

അജയ്യവും അതുല്യവുമായ ഒരു കീൎത്തിമണ്ഡലമാണു് "ശ്രീമദ് ഭഗവദ്ഗീത"യ്ക്കു് സംസിദ്ധമായിട്ടുള്ളതു്. ഏതു മതത്തിന്റെ അനുയായികൾക്കും പണ്ഡിതപാമരാന്തം സ്വീകരിക്കാവുന്ന ഉയൎന്നതരം തത്വചിന്തയുടെ ഒരു പ്രൗഢ സംഹിതയാണു് ഗീതയെന്നു് പണ്ടേ തന്നെ പണ്ഡിതലോകം സമ്മതിച്ചിട്ടുണ്ടു്. ആ നിലയ്ക്കു് ഇന്നും കോട്ടം തട്ടീട്ടില്ല. കുയുക്തിവാദങ്ങൾക്കു് കീഴടങ്ങാത്തതും ആന പിടിച്ചാലും അനക്കം തട്ടാത്തതുമായ സനാതന തത്വങ്ങളാണു് ഗീതയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളവയെന്നു് സൂക്ഷ്മബുദ്ധിയോടുകൂടി ചിന്തിക്കുന്നവൎക്കു് മനസ്സിലാക്കാൻ കഴിയും. ഗീതയെ വെല്ലുവിളിക്കത്തക്ക തത്വഗ്രന്ഥങ്ങൾ ഒന്നും ഭൂമുഖത്തിലവതരിച്ചിട്ടില്ല തന്നെ. ഉദാഹരണങ്ങൾ കൊണ്ടു് മുഖവുരയെ തടിപ്പിക്കാൻ കരുതുന്നില്ല എങ്കിലും ദിങ്മാത്ര സൂചകമായി ഒന്നു രണ്ടു് ഉദ്ധരണികൾ ഉന്നയിച്ചുകൊള്ളട്ടെ.

"അവ്യക്താദീനി ഭൂതാനി
വ്യക്തമദ്ധ്യാനി ഭാരത,
അവ്യക്ത നിധനാന്യേവ
തത്ര കാ പരി ദേവനാ"

ജ്ഞാനേന തു തദജ്ഞാനം
യേഷാം നാശിത മാത്മനഃ
തേഷാം ആദിത്യവദ് ജ്ഞാനം
പ്രകാശയതി തൽപരം

ഇങ്ങനെ ഈ ഗ്രന്ഥം ഉടനീളം അതൎക്ക്യങ്ങളായ തത്വങ്ങളുടെ സങ്കേതമായി സ്ഥിതിചെയ്യുന്നു. ഇതിന്റെ ഉപജ്ഞാതാവു് ശ്രീവേദവ്യാസമഹൎഷിയും പ്രജ്ഞാതാവ് ശ്രീകൃഷ്ണഭഗവാനും ശ്രോതാവും

അർജ്ജുനനമാണ്, എന്നുള്ളതും ഗ്രന്ഥ വൈശിഷ്ട്യത്തെ തെളിയിക്കുന്നുണ്ട്.

ലക്ഷത്തിൽപരം പദ്യങ്ങളടങ്ങിയ ശ്രീ മഹാഭാരതത്തിൽ ഭീഷ്മപർവ്വത്തിലുൾപ്പെട്ട ഒരു ഉപാഖ്യാനമാണ് അമൂല്യമായ ഈ ഗ്രന്ഥരത്നം. സർവ്വവേദങ്ങളുടേയും ഉപനിഷത്തുകളുടേയും സാരസർവ്വസ്വമാണിതെന്നുള്ളതും പ്രസിദ്ധമാകുന്നു.

ഇതിന്റെ പ്രമേയം ശ്രീകൃഷ്ണാർജ്ജുന സംവാദരൂപത്തിൽ നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. പാണ്ഡവരും കൗരവരും കുരുക്ഷേത്രത്തിൽ യുദ്ധത്തിനൊരുങ്ങിവന്ന ശേഷമുള്ള വാർത്തകളെന്തെന്ന് അന്ധനായ ധൃതരാഷ്ട്രരാജാവ് ചോദിച്ചതിന്, അദ്ദേഹത്തിന്റെ വഴികാട്ടിയായ സഞ്ജയൻ ഉത്തരം പറയുന്നതായിട്ടാണ് ഗ്രന്ഥത്തിന്റെ ആമുഖപ്രസ്താവന.,

ഇതിൽ പതിനെട്ട് അദ്ധ്യായങ്ങളും എഴുനൂറു പദ്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശ്രീകൃഷ്ണപരമാത്മാവും അർജ്ജുനനും പദ്യത്തിൽ സംസാരിച്ചു എന്നു കരുതേണ്ടതില്ല. പദ്യങ്ങളെല്ലാം വ്യാസമഹർഷിയുടെ രചനയും തത്വപ്രവചനങ്ങളെല്ലാം ശ്രീകൃഷ്ണഭഗവാന്റേതുമാണ്. യുദ്ധക്കളത്തിൽ ഇരുഭാഗക്കാർക്കും വേണ്ടി പടയാളികളായി നിന്നിരുന്ന ബന്ധുക്കളേയും, സ്വജനങ്ങളേയും, സഖാക്കളേയും കാണുകയാൽ മൌഢ്യംപൂണ്ട് അമ്പും വില്ലും താഴത്തിട്ട „ഞാൻ യുദ്ധംചെയ്യുകയില്ല," എന്നു പറഞ്ഞ് തേർത്തട്ടിൽ മിണ്ടാതിരുന്ന അർജ്ജുനനെ, സ്വധർമ്മനിഷ്ഠനും, വിജ്ഞാനിയും, പാപരഹിതനും, മുക്തനും ആക്കുവാൻ വേണ്ടി ഭഗവാൻ നടത്തിയ ഈ "ഉദ്ബോധനം" അർജ്ജുനന്റെ മാത്രമല്ല സർവ്വലോകത്തിന്റേയും സമ്പൂർണ്ണ ശ്രേയസ്സിന് മാർഗ്ഗദർശനം നൽകിയിരിക്കുന്നു.

ഗീതകൾ ബഹുവിധത്തിലുണ്ടെങ്കിലും അവയൊന്നും ഭഗവദ്ഗീതയ്ക്കു തുല്യമല്ല. അതിനാലാണ് മഹത്തുക്കൾ—

"ഗീതാ സുഗീതാ കർത്തവ്യാ
കിമന്യൈഃ ഗ്രന്ഥവിസ്തരൈഃ
യാ സ്വയം പത്മനാഭസ്യ
മുഖപത്മാദ് വിനിസ്സൃതാ."

എന്നു് പ്രവചിച്ചിട്ടുള്ളതു്. കർമ്മ, ഉപാസന, (ഭക്തി) യോഗം ജ്ഞാനം എന്നീ നാലുവിധ യോഗവിഭാഗങ്ങളെക്കുറിച്ചും ഭഗവദ്ഗീതയിൽ സംഗ്രഹമായി പ്രസ്താവിച്ചിട്ടുണ്ടു്. "യോഗം താൻ കർമ്മചാതുരി" "സമദർശനമേ യോഗം," "യോഗശ്ചിത്തനിരോധനഃ" എന്നിങ്ങനെ യോഗത്തെക്കുറിച്ചു് പല നിർവ്വചനങ്ങളും ഉണ്ടു്. 'യുജിർ' ധാതുവിൽ നിന്നും നിഷ്പന്നമാണു് യോഗമെന്ന നാമപദം. "ആത്മമനഃസാം സമ്മേളനം യോഗഃ" എന്നുള്ള വ്യുത്പത്തിയും യോഗത്തെത്തന്നെ നിർദ്ദേശിക്കുന്നു. സർവ്വവ്യാപിയായിരിക്കുന്ന ഈശ്വരമഹസ്സിനെ എവിടെയും ഏതിലും അഖണ്ഡമായും അനുസ്യൂതമായും കണ്ടറിയുകയും അതിൽ ലയിക്കുകയും എന്ന സാക്ഷാത്കാരാനുഭവമാണു് യോഗം. ഇതു തന്നെയാണു് പരമമായ ജ്ഞാനവും. അതിനാൽ യോഗശബ്ദം സങ്കുചിതമായ അർത്ഥത്തിലല്ല ഗീതയിൽ പ്രയോഗിച്ചിട്ടുള്ളതു്. അത്യന്തം വിപുലമായ അർത്ഥത്തിൽ തന്നെയാണു്.

ചെന്നാൽ തിരിച്ചിങ്ങു വരാത്തധാമിടത്തേയ്ക്കു്— പരമധാമത്തിലേയ്ക്കു എത്തിച്ചേരുവാനുള്ള എല്ലാ വർഗ്ഗങ്ങളിലും ഐക്യബുദ്ധിയോടുകൂടി സാധന അനുഷ്ഠിക്കുന്നവരെ അവഹേളിക്കാതെ സമദർശനനായി സ്ഥിതിചെയ്യുന്നവനാണു് യോഗി. അപ്രകാരമുള്ള യോഗിയാണു് ആദർശശാലി. ഗീതയിലെ പതിനെട്ടു അദ്ധ്യായങ്ങളുടേയും നാമകരണങ്ങളിൽ യോഗശബ്ദത്തെയാണു് വിശേഷ്യമായി (പ്രധാനമായി) നിബന്ധിച്ചിട്ടുള്ളതു്. ഇതിന്റെ ഉദ്ദേശമെന്തു്? യോഗാനുഭൂതി എന്ന ഉത്തമലക്ഷ്യത്തിൽ—ബ്രഹ്മസാക്ഷാത്കാരാനുഭവത്തിൽ എത്തിച്ചേരുന്നതിനുള്ള സാധനകൾ പല സമ്പ്രദായത്തിലുണ്ടെന്നും അവയിൽ യഥേഷ്ടം ഗുരൂപദേശാനുസരണം ഏതെങ്കിലുമൊന്നു സ്വീകരിച്ചു സാധനചെയ്താൽ മുൻ പ്രസ്താവിച്ച അനുഭൂതി ഉണ്ടാകുമെന്നും അതിനപ്പുറമായി മറ്റൊന്നും സിദ്ധിക്കേണ്ടതില്ലെന്നും നിർദ്ദേശിക്കണമെന്നതല്ലേ? എന്നാൽ കർമ്മാഭിമാനി, തപാഭിമാനി, ശ്വാസയോഗാഭിമാനി, ജ്ഞാനാഭിമാനി ഇവരാരും യോഗിനാമത്തിനു് അർഹരാകയില്ല.

"അവേദനം, വിദുർയോഗം, ചിത്തക്ഷയമകൃത്രിമം"

എന്ന ഉപനിഷദ്വചനം നോക്കുക. ശരീരമനസ്സുകൾക്കു് യാതൊരു വേദനത്തിനും (അതായതു് അറിയുക എന്ന പ്രക്രിയയ്ക്കും) അഥവാ വേദനയ്ക്കും വിധേയമല്ലാത്തതും കൃത്രിമപ്രയോഗത്താൽ സമ്പാദിക്കാത്തതുമായ ചിത്തക്ഷയത്തെയാണു് ഋഷികൾ യോഗമെന്നു് അറിഞ്ഞിരിക്കുന്നതു്. ശ്രുതികൽ നിന്നും സിദ്ധിക്കുന്ന—അതീന്ദ്രിയഗ്രാഹ്യമായിരിക്കുന്ന ബ്രഹ്മസാക്ഷാൽക്കാരാനുഭൂതി തന്നെയാണു് യഥാർത്ഥ യോഗം. ഇതുതന്നെ ജ്ഞാനം. മുക്തിയും ഇതുതന്നെ.

യോഗത്തിനു്—ഈശ്വരസാക്ഷാത്ക്കാരത്തിനു്—ഭക്തി, ശ്രദ്ധ, വൈരാഗ്യം, തപസ്സ്, ധ്യാനിത്യാദി ഘടകങ്ങൾ അത്യാവശ്യമാണു്. ഇവകളില്ലാത്ത സാധകന്മാർ, നിലം ഉഴുതൊരുക്കി ഉരമിട്ടു് പരിഷ്കരിച്ചാലും വിത്തിട്ടു മുളപ്പിച്ചു സൂക്ഷിക്കാത്ത കൃഷിക്കാരെപ്പോലെ ഫലാനുഭവികളാകയില്ല. ഈ വസ്തുതയും ഗീത തെളിച്ചു പറയുന്നുണ്ടു്.

ഇപ്രകാരം ബഹുമുഖമായി മഹനീയമായിരിക്കുന്ന ഗീത മനുഷ്യലോകത്തിനു് പഴകുംതോറും പുതിയതും അനുഭവിക്കുംതോറും നിർവ്യയവും എടുത്തു് വിനിമയം ചെയ്യുന്തോറും സമ്പൂർണ്ണവുമാകയാൽ അഭൌമവും അമൂല്യവുമായ ഒരു "മുകുന്ദനിധി" യാണെന്നു് നിസ്സന്ദേഹം പറയാവുന്നതാണു്. നവനിധികളിൽ ഏററവും പ്രാമാണികമായുള്ളതു് "മുകുന്ദനിധി"യാണു് അതു് സുപ്രസിദ്ധമത്രെ. മനുഷ്യരുടെ ദാരിദ്ര്യാദിദുഃഖങ്ങളെ തീർത്തു് സന്തുഷ്ടിയും സുഖവും നല്കുന്നതാകയാൽ അതിനു് മുകുന്ദനിധി എന്നു പേരു കിട്ടി. "മുകം" മോക്ഷത്തെ ദദാതി ഇതി—ദാനംചെയ്യുന്ന—എന്നതിനാൽ മുകുന്ദനെന്നും ഭഗവാനു പേരു നല്കാനിടയായി. ഇതു് ഭഗവാന്റെ പര്യായമായിട്ടു അന്വർത്ഥമായി നിലനില്ക്കുന്നു.

താപത്രയജന്യങ്ങളായ സകല വിഷമതകളേയും നീക്കി മനുഷ്യരാശിക്കു് മോക്ഷമെന്ന ആത്യന്തികസൌഖ്യത്തെ നല്കുന്നതു് ഭഗവാനാണല്ലോ? ഇതേ അർത്ഥത്തിലാണു് മുകുന്ദശബ്ദം ഭഗവദർത്ഥത്തിൽ അന്വർത്ഥമായതു്. ഈ വിധത്തിൽ ഭഗവദ്ഗീത ഭഗവാനാ

കുന്ന നിധിയോടുകൂടിയതാണ് എന്ന് നിഗമനം ചെയ്തിരിക്കുന്നു. ഭൂമിദേവിയുടെ ചോദ്യത്തിന് ഭഗവാൻ കല്പിച്ച ഉത്തരം താഴെ ക്കുറിക്കാം.

"ഞാൻ ഗീതയെ ആശ്രയിച്ച് (ഗീതയിൽ) സ്ഥിതിചെയ്യുന്നു. ഗീത എൻെറ ഉത്തമക്ഷേത്രമാണ്. ഗീതാതത്വത്തെ അടിസ്ഥാന മാക്കിയാണ് ഞാൻ സർവ്വലോകങ്ങളേയും ഭരിക്കുന്നതു്."

ഇതനുസരിച്ചു നോക്കുമ്പോൾ "ഗീം" ഭഗവാനാകുന്ന "മുകുന്ദനിധി"യോടുകൂടിയതാണ് എന്നുള്ളതു് നിർവിവാദമാണല്ലൊ?

പ്രസ്തുത ഗീതാ വിവർത്തനം കൊല്ലവർഷം 101 കാർത്തിക മാസത്തിലാണ് ആരംഭിച്ചതു്. കൃത്യാന്തര ബാഹുല്യത്താലും കവി യശഃപ്രാർത്ഥനയില്ലാത്തതിനാലും ആയതിലേയ്ക്കുള്ള പ്രയത്നം മന്ദാ മന്ദം ആയി തുടരാനേ എനിക്കു സാധിക്കയുണ്ടായുള്ളു. എട്ടാം അദ്ധ്യായം കഴിഞ്ഞശേഷം അത്രയും ഭാഗം അധികനാൾ ബഹിർ- ദർശനം കൂടാതെ എൻെറ അലമാരയ്ക്കകത്തുതന്നെ സ്ഥലം പിടിച്ചി രുന്നു പിന്നീട് നൂററിപ്പതിനാലിലാണ് ഈ ഗ്രന്ഥം പൂർത്തിയാ ക്കാൻ കഴിഞ്ഞതു്. ഇതിലേയ്ക്കു് എനിക്കു പ്രേരണ നൽകിയതു പ്രധാനമായി സാക്ഷാത് ഭഗവദ്ഭക്തിതന്നെ. മാതാപിതാക്കളിലും ഗുരുജനങ്ങളിലുംനിന്ന് സിദ്ധിച്ചിട്ടുള്ള ആസ്തിക്യബുദ്ധിയും ഉത്തേജക മായിരുന്നു.

ഈ വിവർത്തനോദ്യമത്തിൽ എന്നെ നിഷ്കളങ്കം പ്രോത്സാ ഹിപ്പിച്ചിട്ടുള്ള എല്ലാ സുഹൃത്തുക്കൾക്കും വിശേഷിച്ചു സഹൃദയ പണ്ഡിതന്മാരായ ജഗതിയിൽ വിദ്വാൻ ശ്രീ എം. കൃഷ്ണപിള്ള അവർ കൾ, സാഹിത്യശിരോമണി ശ്രീ. എം. കെ. ഗോവിന്ദൻ അവർ കൾ എന്നിവർക്കും, പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുകയാണ്.

മുദ്രണ കാര്യം യഥാവസരം നിറവേററിത്തന്ന തൈക്കാട്, ചന്ദ്രമോഹൻപ്രസ്സ് പ്രവർത്തകരേയും സസ്നേഹം അനുസ്മരിക്കുന്നു.

കുറേ പിന്നിലാണ് പറയുന്നതെങ്കിലും ആദ്യമേ പ്രസ്താവി ക്കാനുള്ള കാര്യമാണ് ഇനി രേഖപ്പെടുത്തുന്നതു്. സുപ്രസിദ്ധ പണ്ഡി തകവിവര്യനും, തപോധനനും ഭൂദാനയജ്ഞത്തിൻെറ ഉപജ്ഞാ

താവും, ആയ ആചാര്യ വിനോബാജി അനുഗൃഹീതവും വിജ്ഞേയവു മായ ഒരു ചെറു പ്രസ്താവനകൊണ്ടു് ഈ വിവർത്തനത്തിനു്, പുണ്യ സ്വരൂപമായ മകുടം ചാർത്തിയെങ്കിൽ; ശാസ്തമംഗലം ശ്രീരാമകൃഷ്ണാ ശ്രമാദ്ധ്യക്ഷനും, പണ്ഡിത ശ്രേഷ്ഠനുമായ ബ്രഹ്മശ്രീ തപസ്യാനന്ദ സ്വാമികൾ സമഞ്ജസവും സാരനിബിഡവുമായ സ്വാഭിപ്രായം മുഖരി കൃതമാക്കി സുകൃതഹാരം അണിയിച്ചിട്ടുള്ളതും ചാരിതാർത്ഥ്യ ജനക മെന്നു് പറയേണ്ടതില്ലല്ലോ? ആ മഹാനുഭാവന്മാക്കു് അമിതമായ അഭിനന്ദനവും കൃതജ്ഞതയും സവിനയം സമർപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥത്തിൽ തെറവുകൾ വല്ലതും പററിട്ടുണ്ടെങ്കിൽ അവയെല്ലാം മാന്യവായനക്കാർ ചൂണ്ടിക്കാണിക്കുന്നതായാൽ അടുത്ത പതിപ്പിനിടയാകുമ്പോൾ തിരുത്തിക്കൊള്ളാം. ഇതേ വിവർത്തന ത്തിനു് ശാങ്കരഭാഷ്യം, ബ്രഹ്മസൂത്രം, ഉപനിഷത്തുകൾ കെ. എം. വ്യാഖ്യാനം, ചിത്പരമാനന്ദഗീത, കുപ്പുസ്വാമിഗീത, മുതലായ പല ഗ്രന്ഥങ്ങളും സാഹായികങ്ങളായിട്ടുണ്ടു്.

മിക്കവാറും അനുഷ്ടുപ്പുവൃത്തമാണു് ഉപയോഗിച്ചിട്ടുള്ളതു്. എ ന്നാൽ അത്ഥപുഷ്ടിയും ഭാവഗഹനതയുമുള്ള പദ്യങ്ങൾക്കു് സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം എന്നീ വൃത്തങ്ങളും പ്രയുക്തങ്ങളായിട്ടുണ്ടു്. ഏതാനും പദ്യങ്ങൾ സ്വാഗതാ, ഉപജാതി, വംശസ്ഥം, രഥോദ്ധതാ, മന്ദാക്രാന്താ, മാലിനീ, പഞ്ചചാമരം ഇത്യാദി വൃത്തങ്ങളിലും നിബദ്ധങ്ങളായിക്കാണാം. വായനക്കാരുടെ ഭിന്നരുചിയ്ക്കു് ഇതും സമുചിതമായിരിക്കുമല്ലോ. വിനീതമായ ഈ മുഖവുരയോടുകൂടി "ശ്രീമദ് ഭഗവദ്ഗീത"യുടെ ഈ എളിയ വിവർത്തനം സജ്ജന സമക്ഷം സാദരം പ്രകാശിപ്പിച്ചുകൊള്ളുന്നു.

എന്നു്, വിവർത്തനഗ്രന്ഥകർത്താ

നെയ്യാററിൻകര **സി. ആർ അയ്യപ്പൻ വൈദ്യൻ**

21-3-1962 } ശ്രീകൃഷ്ണസങ്കേതം<br>
തൈയ്ക്കാട്ട്, തിരുവനന്തപുരം.

# അദ്ധ്യായാനുക്രമണിക

## 1. കർമ്മകാണ്ഡം.


| അദ്ധ്യായം. | | പേജ്. |
|---|---|---|
| 1. | അർജ്ജുനവിഷാദയോഗം | 1–10 |
| 2. | സാംഖ്യയോഗം. | 11–27 |
| 3. | കർമ്മയോഗം.. | 27–36 |
| 4. | ബ്രഹ്മാർപ്പണയോഗം. | 36-45 |
| 5. | കർമ്മസന്ന്യാസയോഗം. | 45–51 |
| 6. | ആത്മസംയമയോഗം. | 51–61 |


## 2. ഉപാസനാകാണ്ഡം.


| | | |
|---|---|---|
| 7. | ജ്ഞാനയോഗം. | 61–67 |
| 8. | അക്ഷര ബ്രഹ്മയോഗം. | 68–74 |
| 9. | രാജവിദ്യാരാജഗുഹ്യയോഗം. | 74–82 |
| 10. | വിഭൂതിയോഗം. | 82–91 |
| 11. | വിശ്വരൂപയോഗം | 91–105 |
| 12. | ഭക്തിയോഗം | 105–109 |


## 3 ജ്ഞാനകാണ്ഡം


| | | |
|---|---|---|
| 13. | ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം | 101–117 |
| 14. | ഗുണത്രയവിഭാഗയോഗം | 117–123 |
| 15. | പുരുഷോത്തമയോഗം | 123–127 |
| 16. | ദൈവാസുരസമ്പദ്വിഭാഗയോഗം | 127–133 |
| 17. | ശ്രദ്ധാത്രയ വിഭാഗയോഗം | 133–139 |
| 18. | മോക്ഷസന്ന്യാസയോഗം | 140–156 |

श्री० अय्यप्पन का किया हुआ गीता का यह पद्य-
मय अनुवाद बहुत बरसों पहिले किया हुआ है ।
अब वह लोगों के सामने आ रहा है यह खुशी की
बात है । अनेक वर्षों के चिन्तन से अभी जो उसका
रूप बना है, मुझे आशा है, पाठकों को वह रुचिकर
होगा। श्री० अय्यप्पन संस्कृत के तो अच्छे ज्ञाता
हैं ही, पर वे एक भक्त-हृदय हैं। गीता के मार्ग-
दर्शन के अनुसार अपना जीवन बिताने की उनकी
कोशिश रही है। इसलिए यह अनुवाद मुमुक्षुजनों
केलिए आदरणीय होगा।

लोकनागरी लिपि,

भूदान-यज्ञ-यात्रा, असम प्रदेश, विनोबाभावे

१९ - ४ - १९६१. जयनगर

## Sri Ramakrishna Ashrama Charitable Hospital, Sastamangalam, Trivandrum-1.

### ശ്രീമദ് ഭഗവദ്ഗീതാ — മലയാളവിവർത്തനം

---

പഞ്ചമവേദത്തിൽ ഉൾപ്പെട്ട ഒരു ഉപനിഷത്താണ് ഭഗവദ്ഗീത. ഹിന്ദുമതത്തിന്റെ പരമപ്രമാണങ്ങൾ ഉപനിഷത്തുകളും, വേദാന്തസൂത്രങ്ങളും ഭഗവദ്ഗീതയുമാകുന്നു. അദ്ധ്യാത്മസാധകന് ശ്രവണമനനനിദിദ്ധ്യാസനങ്ങൾ അവശ്യം അനുഷ്ഠേയങ്ങളാണ്. ശ്രവണത്തിന് ഉപനിഷത്തുകളും, മനനത്തിനു വ്യാസസൂത്രങ്ങളും, നിദിദ്ധ്യാസനത്തിന് ഭഗവദ്ഗീതയും പ്രയോജനപ്പെടുന്നു. ശ്രവണമനനങ്ങൾകൊണ്ടു് ഉറപ്പിച്ച വേദാന്തതത്ത്വങ്ങൾ പ്രായോഗികജീവിതത്തിൽ കൊണ്ടുവരാനുള്ള ഉപായങ്ങളാണ് ഗീത നിർദ്ദേശിക്കുന്നതു്. സ്ഥിതപ്രജ്ഞത്വം, ഭഗവദ്ഭക്തത്വം, ഗുണാതീതത്വം, ഗീതാദിതത്ത്വം സാക്ഷാത്കരിച്ച മഹാന്മാരുടെ നിദർശനങ്ങളാകുന്നു.

ഈ അമൂല്യനിധിയുടെ വില മതിക്കാൻ പൂർവ്വസൂരികൾ പലരും പരിശ്രമിച്ചിട്ടുണ്ടു്; ഇന്നും ശ്രമം നടക്കുന്നുമുണ്ടു്. ഗദ്യമായും പദ്യമായും പല വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും മലയാളത്തിലുണ്ടു. വൈദേശിക ഭാഷകളിലും ഗീത പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. കാലദേശാതീതമായ ഒരുശാസ്ത്രമാണ് ഗീതയെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു.

നിത്യനൂതനവും അതിപുരാതനവുമായ ഈ ഗ്രന്ഥത്തിന്റെ ഒരു പുതിയ പദ്യവിവർത്തനമാണ് ഈ പുസ്തകം. തർജ്ജമകൾ ഏറിയകൂറുംമൂലം മനസ്സിലാകുന്നവർക്ക് മനസ്സിലാകുന്നവയാണ്. എന്നാൽ പരിഭാഷകളുടെ ഉദ്ദേശം, മൂലഗ്രന്ഥം മനസ്സിലാക്കാൻ കഴിവില്ലാത്തവർക്ക് അതിന്റെ ഉള്ളടക്കം മാതൃഭാഷയിൽ മനസ്സി

ലോകരീക്കൊള്ളുക എന്നുള്ളതാണു്. ലൗകികഗ്രന്ഥങ്ങൾ പോലും പരിഭാഷപ്പെടുത്തുക എളുപ്പമല്ല; അപ്പോൾ പിന്നെ ഒരു ശാസ്ത്രഗ്രന്ഥത്തിന്റെ കാര്യം പറയാനുമില്ല. അതിലും വിശേഷിച്ചു് സംസ്കൃതത്തിൽ നിന്നു്; അതും പദ്യത്തിലും.

അർത്ഥഗർഭങ്ങളും ആശയ വിശാലങ്ങളുമായ സംസ്കൃതപദങ്ങൾക്കു് തത്തുല്യങ്ങളായ ലളിതഭാഷാപദങ്ങൾ, പദദരിദ്രയായ കൈരളിയിൽ കിട്ടാൻ പ്രയാസമുണ്ടു്. വിവർത്തനം മാത്രം നോക്കിയാൽ ആശയം സുഗ്രഹമാണോ എന്ന നിലയിൽക്കൂടി ഈ വിവർത്തനം ആദ്യന്തം വായിച്ചു. അക്കാര്യത്തിൽ പരിഭാഷകൻ വിജയം വരിച്ചിട്ടുണ്ടെന്നു് സസന്തോഷം രേഖപ്പെടുത്തുന്നു. വിശദീകരണം കൂടാതെ ദുർഗ്രഹമായ മൂലപദങ്ങൾ ശങ്കരഭാഷ്യാനുസൃതമായ അർത്ഥം വ്യക്തമാകുമാറു് നിബന്ധിച്ചിട്ടുണ്ടു്. ചുരുക്കം ചില പ്രാചീനപദങ്ങളും ക്ലിഷ്ടവാക്കുകളും കടന്നുകൂടിയിട്ടുള്ളതു് അനായാസം പരിഹരിക്കാവുന്നതേയുള്ളു. കൈരളിക്കു് ഈ തിരുമുൽക്കാഴ്ചയർപ്പിച്ച കൈകൾ സുകൃതം പൂണ്ടവയാണു്. പരിഭാഷകനെ അനുമോദിക്കുകയും അദ്ദേഹത്തിനു് ഗീതാചാര്യന്റെ കരുണാകടാക്ഷം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്നു്, ശുഭാശംസി

Tapasyananda

7-8-61

# ശ്രീമദ്ഭഗവദ്ഗീതാ.

## അദ്ധ്യായം I

### അർജ്ജുനവിഷാദയോഗം.

ധൃതരാഷ്ട്രർ:— 1

ധർമ്മഭൂവാം കുരുക്ഷേത്രേ
പോരിന്നാശിച്ചു കൂടിയോർ
സഞ്ജയാ ചെയ്തതെന്താണെൻ-
മക്കളും പാണ്ഡുപുത്രരും.

സഞ്ജയൻ:— 2

“അണിചേർത്തു നിരത്തപ്പെ-
ട്ടുള്ള പാണ്ഡവസേനയെ
കണ്ടു ദുര്യോധനൻ ദ്രോണാ-
ചാര്യരോടേവ മോതിനാൻ.

3

‘പാർത്താലും പെരുതാം പാണ്ഡു-
പുത്രസേനയെ മദ്ഗുരോ,
നിൻശിഷ്യൻ ബുദ്ധിസമ്പന്നൻ
ദ്രുപദേയൻ നയിപ്പതും.

4

ശൂരരിപ്പോരിൽ വില്ലാളി-
വീരർ ഭീമാർജ്ജുനോപമർ
ദ്രുപദാഖ്യൻ മഹാവീരൻ,
യുയുധാനൻ, വിരാടനും.

5

കാശീശൻ വീര്യവാൻ ധൃഷ്ട-
കേതുവും ചേകിതാനനും
പുരുജിത്ത് ശൈബ്യനും, കുന്തി-
ഭോജനും നരപുംഗവ !

6

യുധാമന്യുപരാക്രാന്തൻ,
ഉത്തമൌജസ്സു വീര്യവാൻ,
മഹാരഥന്മാരിപ്പോരന്നോർ
സൌഭദ്രർ ദ്രൌപദേയരും.

7

നമുക്കുള്ള വിശിഷ്ടന്മാ-
രേവരെന്നു ബുധോത്തമ!
ധരിപ്പാനെൻ ചമൂനാഥ-
ന്മാരെയോതാം ഭവാനു ഞാൻ.

8.

രണജിത്താം ഭവാൻ, ഭീഷ്മർ,
കൃപരും, കർണ്ണനും തഥാ,
അശ്വത്ഥാമാ, വികർണ്ണാഖ്യൻ,
സൌമദത്തി, ജയദ്രഥൻ.

9

എനിയ്ക്കായ് ജീവനൎപ്പിച്ചോർ
ശ്ശൂരരന്യരസംഖ്യമാം,–
നാനാശസ്ത്രപ്രഹരണം–
കോലും യോദ്ധാഗ്ര്യരേവരും.

10

ഭീഷ്മാഭിരക്ഷിതം സൈന്യം
നമ്മുടേതപ്രമേയമാം
ഭീമസംരക്ഷിതം മററേ–
സൈന്യം പരിമിതം പരം.

11

എല്ലാ മാൎഗ്ഗത്തിലും നിങ്ങ–
ളെല്ലാരും നിന്നു വേണ്ടപോൽ,
ധന്യരാം ഭീഷ്മരെപ്പാൎത്തു
നന്നായ് രക്ഷിപ്പിനെപ്പൊഴും.'

12

സഞ്ജയൻ:—

അവന്നാമോദമുൾച്ചേൎത്ത–
ക്കുരുവൃദ്ധൻ പിതാമഹൻ–
വീൎയ്യവാൻ സിംഹനാദം ചെ–
യ്തുച്ചത്തിൽ ശംഖമൂതിനാൻ.

13

തുടൎന്നു പടഹം ശംഖം
മിഴാവ് തുടി കൊമ്പിവ
മററുള്ളവർ നദിപ്പിച്ച
നാദം തുമുലമായിതേ.

14

ശ്വേതാശ്വങ്ങളാം വഹിക്കും വൻ-
സ്യന്ദനം തന്നിലാസ്ഥിതർ
കൃഷ്ണാർജ്ജുനന്മാരുമപ്പോൾ
ദിവ്യശംഖങ്ങളൂതിനാർ.

15

പാഞ്ചജന്യം ഹൃഷീകേശൻ,
ദേവദത്തം ധനഞ്ജയൻ,
ഊതി വൻ പൌണ്ഡ്രമാം ശംഖം
ഭീമകർമ്മാവു ഭീമനും.

16

ധർമ്മപുത്രൻ ധ്വനിപ്പിച്ചാ-
നനന്ത വിജയത്തിനെ;
സുഘോഷമണിപുഷ്പങ്ങ-
ളാശ്വിനേയരുമങ്ങനെ.

17

വില്ലാളിവീരനാം കാശ്യൻ,
മഹായോധൻ ശിഖണ്ഡിയും,
ധൃഷ്ടദ്യുമ്നൻ, വിരാടൻ, പോർ-
തോല്ക്കാത്തുള്ളോരു സാത്യകി.

18

ബാഹുവിക്രമമേറീടും
സൌഭദ്രൻ, ദ്രുപദൻ തഥാ
ദ്രൌപദേയരുമേപ്പേരും
ശംഖം പ്രത്യേകമൂതിനാർ.

19

ആ ശബ്ദം ധാർത്തരാഷ്ട്രക്കു-
ള്ളന്തരംഗം പിളൎന്നുടൻ,
വിണ്ണിലും മണ്ണിലും തട്ടി-
ത്തട്ടി പ്രതിനദിയ്ക്കയായ്.

20

അതുപോതണിച്ചേർത്തസ്ത്ര-
വൎഷണത്തിന്നു കൌരവർ
തുടരുന്നതു കണ്ടിട്ടു
വില്ലയത്തിപ്പിടിച്ചുടൻ,

21

അൎജ്ജുനൻ കൃഷ്ണനോടേവ-
മോതിനാനവനീപതെ,
'സ്യന്ദനം സേനരണ്ടിന്നും
മദ്ധ്യേ നിൎത്തേണമച്യുത! (യുഗ്മകം)

22

ദുർബ്ബുദ്ധിയാം കൌരവന്നു
തുണയ്ക്കിപ്പോരിലെത്തിയോർ,
ആരെല്ലാമെന്നുമാരോടു-
നേൎക്കണം ഞാനിതെന്നതും

23

പോർകൊതിച്ചിവിടെത്തീട്ടു-
ള്ളവരാരൊക്കെയെന്നതും
നേരേ ഞാൻ നോക്കി നല്ലോണം
കണ്ടുകൊള്ളട്ടെ, മാധവ!'. (യുഗ്മകം)

24

സഞ്ജയൻ:—

ഗുഡാകേശൻെറ യീ വാക്യം
കേട്ട സേനകൾ രണ്ടിനും
നടുവേ, ദ്രോണ ഭീഷ്മാദ്യ-
ന്മാർക്കും ഭൂപർക്കു മൊക്കെയും.

25

മുന്നിലായി ഹൃഷീകേശൻ
സ്യന്ദനം നിർത്തിയോതിനാൻ;
'പാർത്താലും പാർത്ഥ! പോരിന്നു-
ക്കൂട്ടം ചേർന്ന കുരുക്കളെ'. (യുഗ്മകം)

26

പിതാക്കളും തത്ര പിതാമഹന്മാർ
തന്നുജരും തത്സുതരും സഖാക്കൾ,
ഭ്രാതാക്കളും മാതുലരും ഗുരുക്ക-
ളെന്നല്ല ബന്ധുക്കളുമപ്രകാരം.

27

ശ്വശുരന്മാർ സുഹൃത്തുക്ക-
ളിവരും സജ്ജരായ് പരം
രണ്ടു സേനയിലും നില്പ-
തീക്ഷിച്ചു പാണ്ഡുനന്ദനൻ. (യുഗ്മകം)

28

വൻകൃപാവശനായ് പിന്നെ
വിഷാദത്തോടു ചൊല്ലിനാൻ
'കൃഷ്ണ! മാമകർ പോരിന്നായ്
തൃഷ്ണ പൂണ്ടിഹ നില്ക്കയാൽ.

29

തളരുന്നെൻെറ യംഗങ്ങൾ
വരളുന്നു മുഖം പരം
രോമഹർഷവുമാന്നെൻെറ
ദേഹം വിറവിറപ്പൂതെ.

30

ഗാണ്ഡീവം കയ്യിൽ നില്ക്കുന്നീ-
ലെൻ ത്വക്കും നീറിടുന്നിതേ.
നില്പാനും പണി, ചേതസ്സും-
തോന്നുന്നു ചുഴലുന്ന പോൽ.

31

അശുഭങ്ങൾ നിമിത്തങ്ങ-
ളത്രെ കാണുന്നു കേശവ!
പോരിലെൻ കൂട്ടരെക്കൊന്നാൽ
ശ്രേയസ്സും കാണ്മതില്ല ഞാൻ.

32

ഇച്ഛിയ്ക്കുന്നില്ല ഞാൻ കൃഷ്ണ!
ജയവും രാജ്യസൌഖ്യവും
ജീവിതം രാജ്യഭോഗങ്ങ-
ളിവയാൽ ഫലമെന്തുവാൻ.?

33

ഏവക്കായ് നമ്മളാശിപ്പൂ
രാജ്യൈശ്വര്യ സുഖങ്ങളെ
അവർ ജീവധനം വേണ്ട-
ന്നെണ്ണിപ്പോരിനു നില്പയായ്.

34

ആചാര്യന്മാർ, പിതാക്കന്മാർ,
പുത്രരപ്പൌത്രർ, മാതുലർ,
പിതാമഹന്മാർ, സ്യാലന്മാർ,
ശ്വശുരന്മാർ, സ്വബാന്ധവർ.

35

എന്നെക്കൊല്ലുകിലും കൊൽവാൻ
ആശിപ്പീലിവരേ യിവൻ,
ത്രൈലോക്യരാജ്യലബ്ധിയ്ക്കും;
പിന്നെയോ മന്നു നേടുവാൻ. ?

36

പ്രീതിയെന്തു നമുക്കുണ്ടാ-
യീടും കൌരവഹിംസയാൽ?
കൊട്ടും പാപികളേയും നാം
കൊന്നാകിൽ പാപമേല്ക്കുമേ.

37

അതിനാൽ ബന്ധുവർഗ്ഗത്തിൻ-
കൊല നമ്മൾക്കയുക്തമാം
സ്വജനത്തെ വധിച്ചാൽ നാം
സുഖം നേടുവതെങ്ങനെ ?

38

കുലനാശോത്ഥമാം ദോഷം
മിത്രദ്രോഹജപാപവും
ലോഭത്താൽ നഷ്ടചിത്തന്മാ-
രിവർ കാണാതിരിയ്ക്കയാം.

39

കുലനാശാൎത്ഥദോഷത്തെ
പ്രത്യകം കണ്ടിടുന്ന നാം
ഇപ്പാപത്തെ നിവൎത്തിപ്പാൻ
വഴികാണേണ്ടതല്ലയൊ ?

40

കുലക്ഷയംകൊണ്ടു നിത്യ-
കുലധൎമ്മങ്ങൾ നഷ്ടമാം,
ധൎമ്മനാശാൽ കുലം സൎവ്വം
അധൎമ്മാക്രാന്തമായിടും.

41

അധൎമ്മാക്രമണം കൊണ്ടു
കുലസ്ത്രീകൾ ദുഷിച്ചു പോം,
സ്ത്രീജനങ്ങൾ ദുഷിയ്ക്കുമ്പോൾ
ഭവിപ്പൂ വൎണ്ണസങ്കരം.

42

കുലഘ്നൎക്കും കുലത്തിന്നും
സങ്കരം നരകപ്രദം
തൽപിതൃക്കൾ പതിയ്ക്കുന്നു
പിണ്ഡോദകവിഹീനരായ്.

43

കുലഘ്നൎക്കുള്ളൊരീവൎണ്ണ-
മിശ്രദോഷം നിമിത്തമായ്
നശിപ്പൂ ജന്മകൎമ്മങ്ങൾ
കുലധൎമ്മങ്ങളും തഥാ.

44

കുലധൎമ്മം നശിച്ചുള്ള
നരന്മാൎക്കു ജനാൎദ്ദന!
നരകത്തിൽ തന്നെ വാസം
ഭവിപ്പൂതെന്നു കേൾപ്പു നാം.

45

രാജ്യസൗഖ്യാശയാലുറ്റോർ-
വധത്തിന്നു തുനിഞ്ഞു നാം,
കഷ്ടം! കഷ്ടം! കൊടും പാപം
ചെയ്വാനുദ്യുക്തരായിതേ.

46

ശസ്ത്രമേന്താതെതിൎക്കാതെ
നില്ക്കുമെന്നെ സശസ്ത്രരായ്
കൌരവന്മാർ ഹനിച്ചീടി-
ലതും ക്ഷേമകരം തുലോം.

47

ഈവണ്ണം ജിഷ്ണു ചൊല്ലിത്തൻ
വില്ലുമമ്പും വെടിഞ്ഞുടൻ
തേർത്തട്ടിൽ താണിരുന്നാന-
ങ്ങഴലാണ്ടുള്ളിടിഞ്ഞവൻ.

ഒന്നാമദ്ധ്യായം കഴിഞ്ഞു.

---

+ ജാതി = ജന്മം:—

* ജാതിർജാതം ച സാമാന്യം എന്നുള്ളതിനാൽ ജാതി എന്ന പദം ജനനം അല്ലെങ്കിൽ ജന്മത്തിന്റെ പൎയ്യായമാണ്.

## അദ്ധ്യായം II

### സാംഖ്യയോഗം

സഞ്ജയൻ:—

അൻപേറെയാർന്നു; കണ്ണീരാൽ
കൺനിറഞ്ഞു കലങ്ങിയും
അഴതങ്ങിനെ മേവീടും-
പാത്ഥനോടോതി മാധവൻ.

2

'നീചർ സേവിപ്പതസ്വർഗ്ഗ്യ-
മകീർത്തിപ്രദമീവിധം
മൌഢ്യം നിനക്കകാലത്തി-
ലെങ്ങുന്നുണ്ടായിതർജ്ജുന!

3

പൌരുഷക്കേട്ട പാടില്ലീ-
നിനക്കിന്നിതയുക്തമാം,
തുച്ഛമാം ചിത്തദൌർബല്യം
വിട്ടെണീല്ക്കു! പരന്തപ!'

4

അർജ്ജുനൻ:—

എവ്വിധം ഞാനെതിർത്തസ്ത്രം
പോരിൽ, ദ്രോണരിൽ ഭീഷ്മരിൽ
എയ്യും?; മധുരിപോ, പാക്കി-
ലിവർ പൂജാർഹരല്ലയൊ?

5

സന്മാന്യരാം ഗുരുജനങ്ങളെനിഗ്രഹിച്ച-
ച്ചെഞ്ചോരപൂശിയ സുഖങ്ങളശിപ്പതേക്കാൾ,
ആ യർത്ഥകാമികളിലാഹതി ചേർത്തിടാതെ
യിമ്മന്നിലാന്നിവനിരന്നു ഭുജിയ്ക്കുനല്ലൂ.

6

ജയം നമുക്കുദിച്ചിടാമവർക്കുമപ്രകാരമാം-
അതാക്കറിഞ്ഞിടാമതിങ്കലേതുമെച്ചമെന്നതും
നശിയ്ക്കിലേവർ, നമ്മൾ ജീവിതാശ-
കൈവെടിഞ്ഞിടാ-
മടർക്കളത്തിൽ മുന്നിലാകരുക്കളെത്തി-
നിൽപ്പതെ.

7

കാർപ്പണ്യദോഷകലുഷീകൃതമാംസ്വഭാവ-
ത്താലിന്നു ധർമ്മമറിയാതെ മനംകുഴങ്ങി
ചോദിപ്പു നന്മയിവദേനതത്തു ചൊ-
ല്ക!യെന്നെ-
ശ്ശാസിച്ചിടാം; അഗതി ഞാൻ
തവശിഷ്യനല്ലോ!

8

ശത്രുക്കളററതിസമൃദ്ധിയെഴുന്നരാജ്യം
ദേവാധിരാജപദമെന്നിവ കിട്ടിയാലും
എന്നിന്ദ്രിയങ്ങളെ വരട്ടിടുമീവിഷാദം
തീർന്നീടുമെന്നു കരുതുന്നവനല്ല യീ ഞാൻ.

9

സഞ്ജയൻ:—

എന്നു ചൊല്ലിഗ്ഗുഡാകേശൻ
യുദ്ധമാശിപ്പതില്ലിനി-
എന്നും ശ്രീമാധവൻതന്നോ
ടോതി മൌനമിയന്നിതു.

10

രണ്ടുസൈന്യത്തിനും മദ്ധ്യേ
നിന്നു കേഴുമവന്നോടായ്
ഹൃഷീകേശൻ ചിരിച്ചുംകൊ-
ണ്ടീവചസ്സുരുളീടിനാൻ.

ശ്രീകൃഷ്ണൻ:—

11

ദുഃഖിച്ചിടേണ്ടാത്തവരെക്കുറിച്ചു
ദുഃഖിപ്പു നീ പ്രാജ്ഞസമം വചിപ്പൂ.
ചത്താരിരിപ്പോരിവരാരെയോർത്തും
വിദ്വാൻ വിഷാദിയ്ക്കുകയില്ല തെല്ലും.

12

ഇല്ലാതിരുന്നില്ലൊരുനാളുമീഞാൻ,
നീയും നൃപന്മാരിവരും നിനയ്ക്കിൽ,
ഈനമ്മളാരുംപരമിന്നിമേലും
ഇല്ലാതെയാകില്ലയി, പാണ്ഡുസൂനോ !

13

ബാല്യയൌവന വാർദ്ധക്യം
ദേഹത്തിങ്കൽ വരുന്നപോൽ
ദേഹി ദേഹാന്തരം പൂകും
ധീരൻ മോഹിയ്ക്കയില്ലതിൽ.

14

മാത്രാസ്പൎശങ്ങൾ ശീതോഷ്ണ-
സുഖദുഃഖപ്രദങ്ങളാം
നിത്യമല്ലവയുണ്ടായി
മായും, പാൎത്ഥ! സഹിയ്ക്ക നീ.

15

സുഖവും ദുഃഖവും തുല്യം-
കരുതും ധീരമൎത്ത്യനെ
മാത്രാസ്പൎശങ്ങൾ ബാധിപ്പീ-
ലവൻ മോക്ഷത്തിനൎഹനാം.

16

ഇല്ലാത്തതുള്ളതായീടി-
ല്ലുള്ളതില്ലാതെയും വരാ.
ഇവരണ്ടിന്റെയും സൂക്ഷ്മ-
തത്ത്വം ജ്ഞാനികൾ കണ്ടിടും.

17

ലോകമൊക്കെ നിറഞ്ഞുള്ളൊ-
ന്നറികാത്മാവനശ്വരം,
നാശമില്ലാത്തതിൻ നാശം-
ചെയ്‌വാനേവൻ സമൎത്ഥനാം?

18

നാശമററളവററീടും-
നിത്യനാം ദേഹിതന്നുടെ
ഈ ദേഹങ്ങളൊടുങ്ങീടു-
മതിനാൽ പോരു ചെയ്ക നീ.

19

ഹന്താവിതെന്നും ഹതനെന്നുമായി-
ച്ചിന്തിപ്പിതേ ദേഹിയെ രണ്ടുകൂട്ടർ,
അറിഞ്ഞിടില്ലായവർ തത്ത്വമെത്തും,
"ആത്മാവു കൊല്ലില്ല കൊലപ്പെടില്ല."

20

ആത്മാവാകുമിവൻ ജനിയ്ക്കാ, മരണം
പ്രാപിയ്ക്കാ വീണ്ടും ഭവി-
ച്ചാഴ്കെന്നീവകയൊന്നുമില്ലയൊരുകാ--
ലത്തും നരോത്തംസമെ!
ദേഹത്തെക്കൊലചെയ്തിടും പൊഴുതിലും
കൊല്ലപ്പെടുന്നീലിവൻ,-
നിത്യൻശാശ്വതനാം പുരാണനജനെ-
ന്നോർമ്മിച്ചുകൊൾകർജ്ജുന!

21

നിത്യനവ്യയനജൻ വിനാശമ-
റ്റൊന്നിതെന്നറിവതാരു ജീവനെ,
ആയവൻ,പറയുകാരെയാണുകൊ-
ല്ലിപ്പതിങ്ങുകൊലചെയ്തിടുന്നതും.?

22

ജീർണ്ണിച്ചവസ്ത്രങ്ങൾ വെടിഞ്ഞു മർത്ത്യൻ
നവങ്ങളായുള്ളവ ചാർത്തിടുംപോൽ,
കേടാർന്ന ദേഹത്തെവെടിഞ്ഞുദേഹി
കൈക്കൊണ്ടിടുന്നു പുതുതാം ശരീരം.

23

ശസ്ത്രങ്ങളിതിനെത്തെല്ലും
മുറിപ്പീലഗ്നി നീററിടാ.
നലയ്ക്കില്ല ജലം ചൊററും
വരട്ടീടില്ല മാരുതൻ.

24

ഛേദിക്കൽ നീററിടൽ നലയ്ക്കൽ-
വരട്ടലെന്നീ-
യാതൊന്നിനാലുമെവ്നെന്നു മധൃഷ്യനാവൂ
ആത്മാവചഞ്ചലനശേഷഗതൻ--
സ്ഥിരൻ താൻ
നിത്യൻ ചിരന്തനനവൻ, കുരുവീരമൌലെ,

25

അവ്യക്തനാത്മാവവിചിന്ത്യനെന്നും
വികാരിയല്ലെന്നു മുരച്ചിടുന്നു;
അക്കാരണത്താലിതുനീയറിഞ്ഞാൽ
ദുഃഖിപ്പതിന്നില്ലവകാശലേശം.

26

ആത്മാവുനിത്യവും ജാതൻ,
നിത്യവും മൃതനെന്നുമെ;
നീ നിനയ്ക്കുകിലും പാൎത്ഥ!
ദുഃഖിപ്പാനില്ല കാരണം.

27

ജാതനായവന്നു മൃത്യുവെത്തിടുന്നു നിശ്ചയം
ഹാ! മൃതന്നുന്നുനമുദ്ഭവിച്ചിടുന്നു ജന്മവും
ആകയാലൊഴിച്ചിടാനസാ-
ദ്ധ്യകാര്യമാമിതിൽ
ശോകമാൎന്നിരിപ്പതിങ്ങ-
യുക്തമാണയേ, സഖെ!

28

അവ്യക്താദികൾ ഭൂതങ്ങൾ
വ്യക്തമദ്ധ്യങ്ങൾ ഭാരത !
അവ്യക്താന്തങ്ങൾ, ചിന്തിച്ചാൽ
ഇതിങ്കൽ ഖേദമെന്തുവാൻ ?

29

ഒരുവനിതിനെ നോക്കുന്നദ്ഭുതം-
പോലെയെന്നാ-
ലപരനിതിനെയോതുന്നദ്ഭുതം
പോലെതന്നെ;
പുനരൊരുവനിതേത്താനദ്ഭുതം-
പോലെ കേൾക്കു-
ന്നൊരുവനുമിവയൊന്നും കൊണ്ടറി-
ഞ്ഞീടുകില്ല.

30

സൎവ്വദേഹസ്ഥനാമാത്മാ-
വെക്കാലത്തുമവദ്ധ്യനാം;
അതിനാൽ സർവ്വഭൂതത്തെ-
പ്പററി, ക്ലേശിച്ചിടേണ്ട നീ.

31

സ്വധമ്മം നോക്കിയാലും നീ
കലുങ്ങീടേണ്ട തെല്ലുമെ;
ധമ്മ്യയുദ്ധമൊഴിഞ്ഞന്യം
ക്ഷത്ര്യനെന്താണു സദ്ഗതി ?

32

ഓരാതെ കൈവന്ന, തുറന്നനാക-
ദ്വാരത്തിനൊക്കും രണമീദൃശം ഹാ !
പുണ്യത്തിടമ്പാകിയൊരാര്യരത്രെ
യതേല്ക്കുവോരെന്നതുമോക്കെടോ നീ.

33

ധമ്മ്യമാകുമൊരീയുദ്ധം
ചെയ്യായ്കിൽ നീ സ്വധമ്മവും
കീത്തിയും നഷ്ടമായ് പാപ-
മശിപ്പാനിട വന്നിടും.

34

അത്രമല്ലിഹ തീരാത്ത-
ദുഷ്ഷേരാളുകളോതിടും;
മാനികൾക്കാത്മനാശത്തെ-
ക്കാളകീത്തിയസഹ്യമാം.

35

പേടിച്ചു പോർവിട്ടു പിരിഞ്ഞതായി-
ച്ചിന്തിയ്ക്കുമേ നിന്നെ മഹാരഥന്മാർ,
അവക്കു മുന്നം ബഹുമാന്യനായി-
ട്ടിരുന്ന നീ മേൽ പരിഹാസ്യനാകും.

36

നിൻമിടുക്കിനെ നിന്ദിച്ചും-
കൊണ്ടു നിൻെറയരാതികൾ,
അപവാദങ്ങൾ ചൊല്ലീടു-
മതേക്കാൾ ദുഃഖമെന്തുവാൻ?

37

ഹതനാകിലൊ നീസുരലോകമാളും,
ജയമേല്ക്കിലിങ്ങു ഴിമന്നാളനാകും.
അതിനാലയെ ! നിശ്ചയദാർഢ്യമാന്നി-
ങ്ങമരാടുവാനജ്ജുന! നീയെണീയ്ക്കു.

38

ജയവും തോൽവിയും ലാഭാ-
ലാഭവും സുഖദുഃഖവും
സമം ചിന്തിച്ചു നീ പോരി-
ലേപ്പെട്ടു,-പാപമില്ലതിൽ.

39

ജ്ഞാനയോഗം കഥിച്ചേൻ ഞാ-
നോതീടാം കർമ്മയോഗവും
അതാചരിച്ചു നീ പാത്ഥ !
കർമ്മബന്ധം തുലയ്ക്കണം.

40

ആരംഭ ദോഷമിതിനില്ല മുടക്കിയാലും
വന്നീടുകില്ല വിനയൊന്നുമിതല്പമാത്രം
ചെയ്യീടിലും മരണ ജന്മ സമുദ്രഭീതി-
യെല്ലാമകററിയതിനെക്കരെയാക്കിടുന്നു.

41

മോക്ഷസ്വഭാവമാർന്നീടും
ബുദ്ധിയൊന്നാണു ഫല്ഗുന,
യാഗാദിതൽപരന്മാർ തൻ-
ബുദ്ധി നാനാവിഭിന്നമാം.

42

വേദവാദരതരായ് പരലക്ഷ്യം
സ്വർഗ്ഗമെന്നിനഹിയെന്നു നിനച്ചും
കാമപൂരിതമനസ്സോടതഃത്ര
കേമമെന്നുമരുളുന്നറിവറ്റോർ.

43

ഭോഗഭൂതിയുളവാകുവതിന്നായ്
കർമ്മഭേദമരുളുന്നവയായും
ജന്മകർമ്മജഫലങ്ങളെയേകും
നിഷ്ഫലോക്തികൾ വചിപ്പവരല്ലോ?
(യുഗ്മകം)

44

ആയതിങ്കലതിസക്തമനസ്സാ-
ന്നാവൃതസ്ഥിതിയെഴുന്നവരാരും
മോക്ഷസിദ്ധിയതിനായിഹ ബുദ്ധി-
സ്ഥൈര്യ്യമല്പകയുമില്ല കിരീടിൻ.

45

ത്രിഗുണവിഷയമത്രെ വേദമെല്ലാം
ഗുണങ്ങൾ-
ക്കുപരിനിലയുറപ്പിച്ചീടു നീ ഭാരതേന്ദ്ര,
അനിശമമരണം നിർദ്വന്ദ്വനായ്
നിത്യസത്വ-
സ്ഥിതിയൊടുമിഹയോഗക്ഷേമമറ്റാത്മ-
വാനായ്.

46

നീരം നിറഞ്ഞെങ്ങുമുയൎന്നിരിയ്ക്കേ–
ക്കൂപത്തിനാലില്ലുപകാരമേതും,
അമ്മട്ടു് ബ്രഹ്മജ്ഞതയതിയ്ക്കുമില്ല,–
വേദങ്ങളെക്കൊണ്ടുപകാരമൊന്നും.

47

കൎമ്മത്തിനല്ലാതെയൊരിക്കലും നിന–
ക്കതിൻ ഫലങ്ങൾക്കധികാരമില്ലതാൻ
ഫലത്തിനായ് കൎമ്മവുമാചരിച്ചിടൊ–
ല്ലകൎമ്മവാനായുമിരുന്നിടൊല്ല നീ.

48

ലാഭാലാഭങ്ങളിൽ തുല്യ–
ബുദ്ധിയായ് പററലെന്നിയേ,
കൎമ്മം യോഗസ്ഥനായ് ചെയ്യൂ;
സമത്വം—“യോഗ”മാണെടൊ !

49

സകാമമേററവും നീചം
നിഷ്കാമം യോഗമുത്തമം ;
ഇതാശ്രയിയ്ക്കൂ നീ, കൎമ്മ–
ഫലാകാംക്ഷികളജ്ഞർ താൻ.

---

പാഠഭേദം ശ്ലോ 45

(കാമ്യകൎമ്മനികരാഗമമെല്ലാം
സന്ത്യജിയ്ക്കുകവികല്പമെന്നതും
നിത്യസത്വനിലയാൎന്നിഹ യോഗ–
ക്ഷേമവും വിടണമാത്മയുക്തനായ്.)

50

ബുദ്ധിയുക്തർ വിടുന്നിങ്ങു
പുണ്യപാപങ്ങൾ രണ്ടുമെ ;
അതിനാൽ യോഗവാനാക,
യോഗംതാൻ–കർമ്മചാതുരി

51

കർമ്മോത്ഥമാം ഫലം വിട്ടോർ
ബുദ്ധിയുക്തർ മനീഷികൾ,
ജന്മബന്ധങ്ങളററെത്തും
പദം പരമസൌഖ്യദം.

52

എപ്പോൾ നിൻബുദ്ധിയജ്ഞാന–
ദോഷം നീങ്ങിത്തെളിഞ്ഞിടും,
അപ്പോൾ, കേൾക്കേണ്ടതും മുന്നേ–
കേട്ടതും നീ വെറുത്തുപോം.

53

ആഗമങ്ങളരുളും ബഹുവാദം
കേട്ടിളക്കമിയലും തവചിത്തം
ബ്രഹ്മനിഷ്ഠയിലുറച്ചിളകാതായ്
നില്ക്കിലപ്പൊഴുതുയോഗമെഴും നീ.

---

പാഠഭേദം ശ്ലോ 53

(ആഗമോക്തിയുടെ ഭിന്നതയാലി–
ങ്ങാകുലത്വമിയലും തവചിത്തം
എന്നു നിശ്ചലസമാധിയിൽ നില്ക്കു–
ന്നന്നു നൂനമുളവാം തവയോഗം.)

54

സമാധിയാൽ പ്രജ്ഞയുറച്ചുയോഗി-
യ്ക്കെന്താണുചിഹ്നം ? ഭഗവന്മുരാരെ !
അവൻെറവാക്കെങ്ങിനെയാണിരിപ്പും
നടപ്പുമെമ്മട്ടതുമോതിടേണം.

55

മനോഭിലാഷമെല്ലാം വി-
ട്ടാത്മാനന്ദമിയന്നു താൻ,
വാഴവോനെപ്പറഞ്ഞീടാം
നിശ്ചലജ്ഞാനിയെന്നെടൊ !

56

ദുഃഖമേററിളകിടാതെയും സുഖം
പററിയാലതിലടിഞ്ഞീടാതെയും
കോപരാഗഭയമെന്നിമൌനിയായ്-
മേവിടും സ്ഥിതമനീഷയാന്നവൻ.

57

എല്ലാററിലും പററലൊഴിഞ്ഞുമെന്നാൽ,
ശുഭാശുഭാമോദനനിന്ദയററും,
മേവുന്നവൻപ്രജ്ഞയുറച്ചയോഗി-
യെന്നസ്തശങ്കം കരുതീടുകജ്ജുന !

---

പാഠഭേദം ശ്ലോ 54

(സമാധിയാൽ പ്രജ്ഞയുറച്ചയോഗവാൻ
ഭാഷിച്ചിടും ഭാഷയതേതു ? കേശവ,
യാതൊന്നിനെപ്പററി വചിയ്ക്കുമമ്മഹാ-
നിരിപ്പതെമ്മട്ടു ? നടപ്പതെങ്ങനെ ? )

58

അംഗങ്ങളെക്കച്ഛപമെന്നപോൽത-
ന്നക്ഷങ്ങളെത്തദ്വിഷയങ്ങൾ തന്നിൽ,
പെടാതെ സംപൂർണ്ണമൊതുക്കിവാഴും-
പുമാൻ-സ്ഥിതപ്രജ്ഞനയെകിരീടിൻ !

59

വിഷയങ്ങൾ നിരാഹാര-
ദേഹിയെത്തീണ്ടിടാതെയാം
ശേഷിയ്ക്കും രസമെന്നാലും
അതും പോം പരദർശനാൽ.

60

മോക്ഷാർത്ഥമുദ്യമം ചെയ്യും
വിദ്വാൻതൻ മാനസത്തെയും,
ഹരിച്ചീടുന്നിതക്ഷങ്ങ-
ളദമ്യങ്ങൾ ബലാൽ, സഖെ !

61

ആ യിന്ദ്രിയങ്ങളെയശേഷമടക്കിയെന്നിൽ
പായിച്ചുചിത്തമൊടുയോഗമിയന്നിടേണം
ആർക്കിന്ദ്രിയങ്ങളഖിലംവശമപ്പുമാൻതാൻ-
പ്രജ്ഞാനസുസ്ഥിരതയാർന്നവനർജ്ജുനാ,കേൾ

62

ഇന്ദ്രിയാർത്ഥങ്ങൾ ചിന്തിപ്പോ-
നുണ്ടാം പററലവററയിൽ,
പററലാലാശയുണ്ടാകും
ആശയാൽ കോപവും തഥാ.

63

കോപത്താലവിവേകത്വ-
മതിനാലോർമ്മകേടുമെ;
ഓർമ്മകേടാൽ ബുദ്ധിനാശം
ബുദ്ധിനാശാൽ വിനാശമാം.

64

രാഗദ്വേഷമകന്നാത്മ-
വശ്യമാമിന്ദ്രിയങ്ങളാൽ,
കർമ്മങ്ങളാചരിച്ചാലും
ജിതാത്മാ തെളിവേല്പുതെ.

65

തെളിവാർന്നിടുകിൽ ദുഃഖ-
മെല്ലാമില്ലാതെയായിടും.
മനംതെളിഞ്ഞവന്നാശു
ബുദ്ധിനിശ്ചലമാകുമെ.

66

കരണഗണമടക്കാത്തുള്ളവ-
ന്നാത്മബോധം
നഹി, യവന്നുനിജാത്മദ്ധ്യാനവും
നാസ്തിയത്രെ;
അതുതുടരുകയില്ലെന്നാകിലൊ
ശാന്തിയില്ലി-
ങ്ങിതിനു തരമെഴാഞ്ഞാലെങ്ങ-
ഹൊ ! മോക്ഷസൌഖ്യം?

67

ചരിയ്ക്കുമിന്ദ്രിയങ്ങൾക്ക,
പിൻപേപോകുന്ന മാനസം,
ഹരിപ്പൂ പ്രജ്ഞയെ, കാററു
നൌകയെപ്പോലെയാഴിയിൽ.

68

അതിനാലിന്ദ്രിയാൎത്ഥം വി-
ട്ടിന്ദ്രിയങ്ങളെയൊക്കെയും,
നിവൎത്തിപ്പിയ്ക്കുവോൻ തൻെറ
പ്രജ്ഞസുസ്ഥിരമാണെടൊ!

69

ജനങ്ങൾ നിദ്രാവശരായിടമേവം
രാവിങ്കൽ യോഗീശരുണൎന്നിരിപ്പൂ.
ജന്തുക്കളേതിങ്കലുണൎന്നിരിയ്ക്കു-
മതാണു തത്വജ്ഞനുരാത്രിപാൎത്ഥ.

70

നിറഞ്ഞുകൊണ്ടനക്കമററി-
രിക്കുമംബുരാശിയിൽ
ജലങ്ങൾചെന്നടിഞ്ഞിടുന്ന-
പോലെയാത്മയോഗിയിൽ,
കടന്നിടുന്ന കാമമൊക്കെയ-
ങ്ങടിഞ്ഞുപോ;മവൻ
പ്രശാന്തിപൂകു,മേവമല്ല കാ-
മകാമി നിൎണ്ണയം.

71

വന്നൊരാശമുഴുവൻ വെടിഞ്ഞു; മേൽ
വന്നിടേണ്ടതിലുമാസ്ഥയെന്നിയെ;
എൻെറയെന്നുമഹമെന്നുമേതുമേ,
ചിന്തിയാതവനു ശാന്തിയാന്നിടാം.

72

ബ്രഹ്മനിഷ്ഠയിതുതന്നെ പാത്ഥ, യീ-
ധമ്മമല്ലിലിഹ മോഹമററുപോം.
അന്ത്യകാലമതിലെങ്കിലും വരു-
ന്നാകിലീനില, വിമുക്തിയേകിടും.

രണ്ടാമദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം III

### കമ്മയോഗം

ജ്ഞാനം കമ്മത്തിനെക്കാളും
ശ്രേഷ്ഠമെങ്കിൽ ജനാർദ്ദന,
ഘോരകമ്മത്തിലേയ്ക്കെന്നെ
പ്രേരിപ്പിക്കുന്നതെന്തിനായ്.

2

വിരുദ്ധവാക്കാലവിടുന്നിവൻെറ
ബുദ്ധിയ്ക്കു സമ്മോഹമണയ്ക്കയാണോ ?
യാതൊന്നിനാലുന്നതിയെന്നിലുണ്ടാ-
മതോതണേ മാധവ, തീച്ചയാക്കി.

ഭഗവാൻ

3

സാംഖ്യർക്കും യോഗികൾക്കും ഞാൻ
പണ്ടേ നിഷ്ഠകൾ രണ്ടിനം:
ചൊല്ലിനേൻ ജ്ഞാനകർമ്മാഖ്യ-
യോഗങ്ങളിഹഭൂമിയിൽ.

4

കർമ്മം ചെയ്യാതൊഴിഞ്ഞീടും
പുമാൻ നിഷ്കർമ്മിയായിടാ;
കർമ്മസന്ന്യസനം കൊണ്ടും
സിദ്ധി കൈവന്നിടാദൃഢം.

5

കർമ്മം ചെയ്യാതല്പനേരം
പോലുമാരുമിരുന്നിടാ ;
മായാഗുണങ്ങൾക്കടപ്പെട്ടു
ചെയ്തുപോം കർമ്മമേവരും.

6

കർമ്മേന്ദ്രിയങ്ങളെയടക്കുകിലും മനസ്സാൽ
തത്തൽപ്രവൃത്തികൾനിനച്ചുവസിപ്പതേവൻ
ആ മർത്ത്യമൂഢമതിയെപ്പറയുന്നു കള്ള-
സ്സന്ന്യാസിയെന്നുലകരെൻ കുരുവീരമൌലെ;

7

ജ്ഞാനേന്ദ്രിയങ്ങൾ ചിത്തത്താ-
ലമർത്തിക്കാമമെന്നിയെ,
കർമ്മേന്ദ്രിയങ്ങളാൽ കർമ്മ-
മാരംഭിപ്പോൻ വിശിഷ്ടനാം.

8

ചെയ്തീടുകാവശ്യകമായ കർമ്മ-
മതാണകർമ്മത്തിലുമുത്തമം കേൾ.
അകർമ്മിയായീടിൽ നിനക്കു ജീവ-
സന്ധാരണംപോലുമസാദ്ധ്യമാകും.

9

യജ്ഞാർത്ഥമായുള്ളവ വിട്ടുമററു-
കർമ്മങ്ങൾ ലോകത്തിനു ബന്ധനങ്ങൾ
അതോർത്തു നീ പററലൊഴിഞ്ഞു യജ്ഞ-
കർമ്മങ്ങൾ ചെയ്തീടുക സവ്യസാചിൻ.

10

യജ്ഞമൊത്തുപരമേഷ്ഠി ലോകരെ
സൃഷ്ടിചെയ്തു പുനരിത്ഥമോതിനാൻ,
ഇഷ്ടിനിങ്ങളുടെ കാമധേനുവാ-
കട്ടെ!നിങ്ങളിതിനാൽ തഴയ്ക്കുവിൻ!

11

നിലിമ്പരെപ്പോററുക!നിങ്ങളിഷ്ടിയാൽ,
നിലിമ്പരും പോററുക!നിങ്ങളെപ്പുറം
ഇവണ്ണമന്യോന്യതകൊണ്ടുദിച്ചിടും-
ശ്രേയസ്സു നിങ്ങൾക്കിരുകക്ഷികൾക്കുമേ.

12

യജ്ഞത്തിനാൽ തുഷ്ടിയെഴുംസുരന്മാ-
രിഷ്ടങ്ങൾനിങ്ങൾക്കരുളീടുമല്ലൊ?
അവർക്കുനല്കാതവർനല്കിടുന്ന-
തശിയ്ക്കുവോൻ—തസ്കരനാണുനൂനം.

13

യജ്ഞശിഷ്ടം ഭുജിച്ചീടും
സത്തർപാപവിമുക്തരാം
തങ്ങൾക്കായിപ്പചിച്ചുണ്ണും
പാപന്മാർ—പാപമുണ്ണുവോർ.

14

അന്നത്തിൽ നിന്നുഭൂതങ്ങ-
ളന്നം മേഘത്തിൽ നിന്നുമെ;
മേഘം യജ്ഞത്തിൽ നിന്നുണ്ടാം
യജ്ഞം കർമ്മത്തിൽ നിന്നുമാം.

15

കർമ്മം വേദത്തിൽനിന്നുണ്ടായ്
വേദ മക്ഷരസംഭവം
അതിനാലക്ഷരം ബ്രഹ്മം
നിത്യം യജ്ഞത്തിൽ നില്പതാം.

16

ഇമ്മട്ടേപ്പെട്ടിടും ചക്ര-
ഗതിപിൻതുടരാതവൻ,
പാപിയിന്ദ്രിയസന്തുഷ്ടൻ
വ്യർത്ഥജീവിതവാൻ സഖേ;

17

ആത്മാവിൽ പ്രേമമർപ്പിച്ച-
മാത്മാവിൽ തൃപ്തിയാർന്നുമെ,
ആത്മസന്തുഷ്ടിയുംപൂണ്ടോ-
നില്ലകർത്തവ്യമൊന്നുമെ;

18

ഇല്ലിങ്ങൊന്നുമിവൻ ചെയ്യോ
ചെയ്യാഞ്ഞോ നേടിടേണ്ടതായ്,.
ഒരു ഭൃതരെയും പററി-
നില്ലേണ്ടൊന്നിന്നുമേയിവൻ.

19

ഒന്നുമാശിച്ചിടാതെ നീ-
യെന്നുംചെയ്യേണ്ടതൊക്കെയും
ചെയ്ക!നിഷ്കാമിയാംകർമ്മി
കൈവല്യം പൂകിടുന്നതെ.

20

നിഷ്കാമകർമ്മയോഗത്താൽ
സിദ്ധരായ് ജനകാദികൾ;
ലോകാനുഗ്രഹമാലോചി-
ച്ചാലും നീ കർമ്മയോഗ്യനാം.

21

നിപുണജനമനുഷ്ഠിക്കുന്ന-
തേതാണതേതാ-
നിതരനമനുവർത്തിച്ചീടുമി-
പ്പാരിടത്തിൽ ;
അവനെതുനിയമം കയ്ക്കൊ-
ള്ളുമൊ ലോകരെല്ലാ-
മതിനെയനുസരിയ്ക്കും നിർണ്ണ-
യം പാണ്ഡുസൂനൊ;

22

ലോകങ്ങൾ മൂന്നിങ്കലുമില്ലെനിയ്ക്കു
കർത്തവ്യമെന്നല്ലനവാപ്തമായും,
ആപ്തവ്യമായും, പുനരൊന്നുമെയെ-
ന്നാലുംസഖെ കർമ്മണിസംസ്ഥിതൻ ഞാൻ.

23

കർമ്മത്തിലുത്സാഹസമേതനായി ഞാ-
നൊരിക്കലും മേവുകയില്ലയെങ്കിലൊ?
മനുഷ്യരെല്ലാവരുമെൻവഴിയ്ക്കുതാൻ
തുടൻന്നുപോവാനിടയായിടാമെടൊ.

24

കർമ്മംചെയ്യാതെ ഞാൻ വാണാൽ
മുടിയും ലോകമൊക്കെയും
വർണ്ണസങ്കരമുണ്ടാകും
പ്രജാനാശവുമേപ്പെട്ടും.

25

ഫലാശകയ്യൊണ്ടറിവററക്കൂട്ടർ
കർമ്മങ്ങൾചെയ്യുന്നളവിങ്ങുവിദ്വാൻ,
ഫലാശകൈവിട്ടുലകിന്നുനന്മ-
യാശിച്ച കർമ്മങ്ങൾതുടൻന്നിടേണം.

26

കർമ്മസംഗികളാമജ്ഞർ—
ക്കുള്ള ബുദ്ധിയെമാററൊലാ;
സത്കർമ്മയുക്തനായ് പ്രാജ്ഞാ-
നവർക്കാദശ് മേകണം.

27

മായാഗുണങ്ങളാൽ ചെയ്യ-
പ്പെട്ടന്യകർമ്മമൊക്കെയും
ചെയ്യാൻ ഞാനെന്നു ചിന്തിപ്പോ-
നഹന്താമൂഢമാനസൻ.

28

ഗുണ കർമ്മ വിഭാഗങ്ങൾ-
ക്കുള്ള തത്വമറിഞ്ഞവൻ,
ഗുണങ്ങൾ ഗുണസംസ്ഥങ്ങ-
ളെന്നു ചിന്തിച്ചസക്തനാം

29

പ്രകൃതിഗുണവിമൂഢന്മാരഹങ്കാരപൂർവ്വം
ദശകരണഗുണത്തിൽ സ്വാഭിമാനംവഹിപ്പു.
അറിവധികമെഴാത്തുള്ളാജ്ഞന്മാർക്കു ബുദ്ധി-
ഭ്രമമണുവുമണച്ചീടൊല്ല, സർവ്വജ്ഞനായോൻ.

30

എല്ലാക്കർമ്മവുമെന്നിൽത്താ--
നർപ്പിച്ചദ്ധ്യാത്മബുദ്ധിയാൽ
മമത്വമാശയുംവിട്ടു,
പോർചെയ്യു പതറാതെ നീ.

31

ശ്രദ്ധപൂണ്ടുമനസൂയയാണ്ടുമി-
ങ്ങേവരെൻ മതമിതാചരിയ്ക്കുമോ
നിത്യമായവർ വിശുദ്ധിയേൾപ്പു, ക-
ർമ്മങ്ങൾതന്നഭിനിവേശഹാനിയാൽ.

32

ഏവരെൻമതമിതാചരിച്ചിടാ-
തേറെ നിന്ദയൊടുഴമവിടുന്നിതെ,.
ഏതുമെയറിവെഴാത്തൊരമ്മഹാ-
മൂഢരാണറിക! നഷ്ടരെന്നു നീ.

33

അറിവുള്ളവനും ചെയ്‌വൂ
പ്രകൃതിയ്ക്കൊത്തുസൎവ്വവും,
പ്രകൃത്യധീനരെല്ലാരും,
അതുരോധിച്ചിടാവതൊ?

34

ഇന്ദ്രിയാൎത്ഥങ്ങളിൽ തന്നെ
രാഗദ്വേഷങ്ങൾ നില്പിതെ.
അവയ്ക്കധീനനായീടൊ-
ല്ലവ യോഗിയ്ക്കു ശത്രുവാം.

35

നല്ലവണ്ണമന്യധൎമ്മമാചരിച്ചിരിപ്പതേ-
ക്കാൾസ്വധൎമ്മമാണുനന്നതെത്രമോശമാകിലും
സ്വന്തധൎമ്മനഷ്ടനായ്മരിയ്ക്കിലും ശുഭാവഹം
ചിന്തചെയ്കിൽ, അന്യധൎമ്മമെത്രയും ഭയങ്കരം.

36

അൎജ്ജുനൻ:—

ഇച്ഛിയ്ക്കായ്കിലുമീമൎത്ത്യൻ
പാപംചെയ്യുന്നതാരുടെ
ആജ്ഞയാലിഹവാൎഷ്ണേയ,
ബലാൽ പ്രേരിതനെന്നപോൽ ?

37

കൃഷ്ണൻ:—

തൃപ്തിയേശാത്തൊരിക്കാമം
ഇതേ വൻപാപിയാം ചിനം;
രജോഗുണോത്ഥമാം വൈരി-
യിതെന്നറികയർജ്ജുന !

38

പുകയാൽ തീ, മുകുരം മലത്തിനാൽ,
മറവൂ ഗർഭമതുദ്ബവേഷ്ടനാൽ;
അതുപോലറിവും മറഞ്ഞിടു-
ന്നിഹകാമം കുടികൊൾകിലാരിലും.

39

ഒന്നുകൊണ്ടും ശമിച്ചീടാ-
ത്തുള്ളൊരിക്കാമമെപ്പൊഴും
മറയ്ക്കും ജ്ഞാനമെല്ലാമെ
ജ്ഞാനിതൻ നിത്യവൈരിയായ്.

40

ഇന്ദ്രിയങ്ങൾ മനംധീയും
ഇതിനാസ്ഥാനമാണെടൊ;
ഇവയൊത്തറിവും മൂടി
മയക്കുന്നിതു ദേഹിയെ.

41

അതിനാലിന്ദ്രിയഗ്രാമ-
മടക്കീട്ടാദ്യമർജ്ജുന,
ത്യജിക്കു ജ്ഞാനവിജ്ഞാന-
ഹന്താവാം കാമപാപിയെ.

42

ഇന്ദ്രിയങ്ങൾ പ്രധാനങ്ങ-
ളവയെക്കാൾ മനംപരം
മതിതാനതിലും മുഖ്യ-
മതേക്കാൾ മുഖ്യനീശ്വരൻ.

43

ഏവം ബുദ്ധിയിലെത്തിടാത്തൊ-
രു മഹസ്സായീടുമാത്മാവിനെ
ബ്ബോധിച്ചീടുക; യോഗനിഷ്ഠയിൽ
മനസ്ഥൈര്യം വരുത്തീട്ടുടൻ;
പ്രാപിയ്ക്കാനരുതാത്ത കാമവടി-
വാർന്നീടും മഹാവൈരിയെ
ദ്ദൂരെത്തള്ളുക! ബാഹുവിക്രമമെഴും
യോദ്ധൃവൃന്ദചൂഡാമണേ.

മൂന്നാമദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം IV

### കർമ്മബ്രഹ്മാർപ്പണയോഗം.

ഈ യോഗമവ്യയം മുന്നം
ആദിത്യന്നോതിഞാൻ സഖേ,
ആദിത്യൻമനുവിന്നോതി
മനുവിക്ഷ്വാകുവിനോടുമേ.

2

പാരമ്പര്യമുറയ്ക്കേവം
രാജർഷികളറിഞ്ഞതാം
ഈ യോഗം ദീർഘകാലത്താൽ
നഷ്ടമായ് പാരിലർജ്ജുന.

3

ഇഷ്ടനും ഭക്തനും നീയെ-
ന്നെണ്ണിഞാനപ്പുരാതനം
യോഗമിന്നുനിനക്കോതി-
ത്തന്നു, ഗോപ്യമിതുത്തമം.

4

അർജ്ജുനൻ:--

ആദിത്യൻ മുൻപുദിച്ചുള്ളോൻ,
ഭവാൻ പിൻപു ജനിച്ചവൻ.
പിന്നെയെങ്ങിനെയോർപ്പൂ ഞാ-
നങ്ങാദ്യമിതുചൊന്നതായ് ?

5

കൃഷ്ണൻ: —

ബഹുജന്മങ്ങൾ നീങ്ങിപ്പോയ്
നമുക്കെന്നറികർജ്ജുന,
അറിയുന്നിഹ ഞാനെല്ലാം
അവ നീയറിയില്ലെടൊ.

6

ജന്മനാശങ്ങളില്ലാത്തോൻ
ഭൂതേശൻ ഞാൻ സ്വമായയാൽ;
സ്വന്തം പ്രകൃതി വിട്ടീടാ-
തവതാരമെടുപ്പുതെ

7

ധമ്മത്തിൻ നാശമെപ്പോഴാ-
ണധമ്മോന്നതിയെപ്പൊഴൊ
രൂപമൂഠക്കൊണ്ടു ഞാനാപ്പാഠ
ജനിച്ചീടുന്നു ഭാരത.

8

സാധുസംരക്ഷണത്തിന്നും
ദുഷ്ടനാശത്തിനും തഥാ,
ധമ്മസംസ്ഥാപനത്തിന്നും
യുഗംതോറും ജനിപ്പു ഞാൻ.

9

ഏതാദൃശംമഹിതമെന്നുടെ ജന്മകമ്മ-
മേവൻമറയ്ക്കറിവതായവനന്തരിച്ചാൽ,
പിന്നെജ്ജനുസ്സവനു നാസ്തിയവൻ പരാത്മ
ധാമത്തി-ലെന്നിൽവിലയിപ്പുസഖെ, കിരീടിൻ

10

രാഗം ഭയം കോപമിവററെ വിട്ടി-
ട്ടെന്നെപ്പരം നിഷ്ഠയൊടാശ്രയിച്ചും,
ജ്ഞാനാഗ്നിയാൽ പാവിതചിത്തരായും
എൻഭാവമാൻറുള്ളവരുണ്ടസംഖ്യം.

11

ആരെന്നെയെങ്ങിനെ നിനച്ചു ഭജിച്ചിടുന്നു
ഞാനാവിധത്തിലവരെപ്പരിചയ്യ്ചെയ്വൂ.
നേരോക്കിലൊ മനുജരൊക്കെയുമെന്റെ മാഗ്ഗ-
മാണാശ്രയിപ്പതെതുമട്ടിലുമാത്മബന്ധൊ;

12

കൎമ്മത്തിൻ സിദ്ധിമന്നിങ്കൽ
ക്ഷിപ്രമുണ്ടാവതാകയാൽ,
ദേവതാപൂജചെയ്യുന്നി-
ങ്ങത്തുമോഹിച്ചു മാനവർ.

13

ഗുണ കൎമ്മവിഭാഗത്താൽ
ചാതുർവൎണ്ണ്യം ചമയ്ക്കയാൽ;
തൽകൎത്താവാണകൎത്താവാ-
മവ്യയൻ ഞാൻധരിയ്ക്ക നീ.

14

കൎമ്മങ്ങളെന്നിലേശുന്നീ-
ലില്ലെനിയ്ക്ക ഫലേച്ഛയും
ഏവമാരെന്നെയറിവു
കൎമ്മബന്ധ മവന്നെഴാ.

15

ഏവം ബോധിച്ചുതാൻ കൎമ്മം
ചെയ്തു മുൻമോക്ഷകാമികൾ;
അതിനാലപ്പൂർവ്വരെപ്പോൽ
നീയും കൎമ്മം നടത്തുക!

16

കൎമ്മാകൎമ്മം തിരിച്ചോതാൻ
വിദ്വാന്മാരും ഭ്രമിപ്പിതെ;
യാതൊന്നറിഞ്ഞാൽ നിൻപാപം
പോകുമക്കൎമ്മമോതുവേൻ.

17

കർമ്മാകർമ്മവികർമ്മങ്ങ —
ളെല്ലാം പ്രത്യേകമായി നീ,
ഗ്രഹിച്ചീടുക! കർമ്മത്തിൻ
ഗതി ദുർഗ്രഹ മാണെടൊ;

18

കർമ്മത്തിങ്കലകർമ്മം പി–
ന്നതിൽകർമ്മവുമാവിധം
കാണ്മവൻ ജ്ഞാനിയും യോഗി
സർവ്വകർമ്മിയുമാണവൻ.

19

സങ്കല്പമാശയിവയെന്നിമുറയ്ക്കുസർവ്വ
കർമ്മങ്ങളെവനീഹചെയ്തിടുമപ്പുമാനെ;
ജ്ഞാനാഗ്നിതന്നിൽ നിജകർമ്മമെരിച്ചവിദ്വാ-
നാണെന്നു, പണ്ഡിതജനങ്ങൾപറഞ്ഞിടുന്നു.

20

കർമ്മസിദ്ധികളിലാശവിട്ടു സം
തൃപ്തനായപരസേവയെന്നിയേ:
വാഴുവോൻ ചിലതുചെയ്കിലെന്തവൻ,
ചെയ്‌വതില്ലിവിടെയൊന്നുമുണ്മയിൽ.

21

മെയ്‌മനങ്ങളെയടക്കിയാശയും
വിട്ടു, സർവ്വവകയും വെടിഞ്ഞവൻ,
ദേഹകാര്യമതുകേവലം നട–
ത്തുന്നതിങ്കലിഹ പാപമില്ലെടൊ !

22

നിനച്ചിടാതെകിട്ടിടുന്നതിങ്കലാശ്ശു
തൃപ്തനായ്
വിമത്സരതപമാൻതാൻ വികല്പമേതു-
മെന്നിയെ,
ലഭിപ്പതും ലഭിച്ചിടാതിരിപ്പതും
സദാസമം
നിനപ്പവന്നു തത് പ്രവൃത്തിബന്ധമൊന്നു-
മേകിടാ

23

സംഗമൊന്നിലുമെഴാതെ മുക്തനായ്
ജ്ഞാനമായതിൽ മനസ്സുറപ്പൊടും,
യജ്ഞമായഖിലമാചരിപ്പവ-
ന്നില്ലകമ്മമവശിഷ്ടമല്പവും.

24

യജ്ഞാംഗമാമപ്പണം,മഗ്നി, ഹോമം
ഹോതാ,ഹവിസ്സീ, വകയൊക്കയും കേൾ;
ബ്രഹ്മം സഖേ, ബ്രഹ്മസമാധി കൈക്കൊ-
ണ്ടെത്തേണ്ടതും ബ്രഹ്മമതിങ്കലല്ലോ.

25

ദേവയജ്ഞം നടത്തുന്നു
യോഗിമാർ ചിലരന്ന്യരൊ ?
ബ്രഹ്മാഗ്നിതന്നിലാത്മാവാ-
ലാത്മയജ്ഞം നടത്തുവോർ.

26

ശ്രോത്രാദീന്ദ്രിയമപ്പിപ്പൂ
സംയമാഗ്നിയതിൽ ചിലർ;
ശബ്ദാദിവിഷയം മററു-
ചിലരിന്ദ്രിയ വഹ്നിയിൽ.

27

ഇന്ദ്രിയപ്രാണകർമ്മങ്ങൾ
ഹോമിപ്പൂ ചിലയോഗികൾ,
ജ്ഞാനദീപിതമാമാത്മ-
സംയമാഗ്നിയിലാകവെ.

28

ദാനം തപസ്സ്,ത്തമയോഗചര്യ,
സ്വാദ്ധ്യായ മദ്ധ്യാപനമെന്നിതെല്ലാം,
യജ്ഞങ്ങളാ,ണീവക,യുഗ്രനിഷ്ഠ-
ന്മാരാചരിപ്പൂയതിസത്തമന്മാർ.

29

അപാനനിൽ പ്രാണനെയാഴ്ത്തിയും ചിലർ
അപാനനെ പ്രാണനിലേററിയും പരർ
ഇവററരണ്ടിൻഗതിയെത്തടഞ്ഞുമേ-
യജിപ്പുവേറേ ചിലരാത്മയോഗികൾ.

30

നിയതാഹാരരായ് പ്രാണൻ-
തന്നിൽ പ്രാണനെയും ചിലർ
യജിയ്ക്കുന്നവരെല്ലാം യാ-
ഗജ്ഞർ,-പാപം തുലപ്പവർ.

31

യജ്ഞശിഷ്ടമമൃതം ഭുജിയ്ക്കുവോ
രെത്തിടുന്നിതു സനാതനം പദം.
യജ്ഞമറ്റവനിവിടില്ല നന്മയ-
ന്യത്രപിന്നതുവരുന്നതെങ്ങിനെ?

32

വേദത്തിനുള്ളിലിതുമട്ടിലനേകയജ്ഞ-
പ്രസ്താവമുണ്ടറിയുകാവകയജ്ഞമെല്ലാം,
കർമ്മങ്ങളാൽ സമുദിതങ്ങളവററകൾ തൻ-
തത്വംഗ്രഹിച്ചിടുകിലജ്ജന, മുക്തനാം നീ.

33

ദ്രവ്യയജ്ഞത്തിനെക്കാളും
ജ്ഞാനയജ്ഞം വിശിഷ്ടമാം.
കർമ്മമെല്ലാമതിൻയോഗാ-
ലൊടുങ്ങീടും ധനഞ്ജയ,

34

നമിച്ചുസേവിച്ചുമപേക്ഷചെയ്തും
ധരിക്കണം നീയതു പാണ്ഡുനന്ദന,
ജ്ഞാനോപദേശം കൃപപൂണ്ടു നൽകും
നിനക്കെടൊ ജ്ഞാനികൾ തത്വദർശികൾ.

35

യാതൊന്നിനേയറിയുകിൽ പുനരീവിധത്തിൽ
മോഹം ഭവിച്ചിടുകയില്ല നിനക്കുമേലാൽ
എന്നല്ല സത്വനിവഹങ്ങളശേഷമെന്നിൽ
കാണായ്‌വരും പുനര, നിന്നിലുമപ്രകാരം

36

സർവ്വപാപങ്ങളും ചെയ്യോർ-
തന്നിൽ നീ മുൻപനാകിലും
ജ്ഞാനമാം നൌകകൊണ്ടെല്ലാ-
പ്പാപവും നീ കടന്നുപോം...

37

എരിതീ ചാമ്പലാക്കുന്നു
വിറകിൻ നിരയെത്തഥാ,
ജ്ഞാനാഗ്നി ഭസ്മമാക്കുന്നു
കർമ്മമെപ്പേരുമർജ്ജുന;

38

ജ്ഞാനംപോൽ ശുദ്ധമായ് പാരി—
ലൊന്നുമില്ല ധനഞ്ജയ,
കാലത്താൽ യോഗസംസിദ്ധൻ
ബോധിയ്ക്കുന്നിതതും സഖെ,

39

ശ്രദ്ധയാൻവിജിതാക്ഷനായ്സ്വയം
ബോധതൽപ്പരത പൂണ്ടിരിപ്പവൻ.
ജ്ഞാനമേലുമതിനാലവന്നു കൈ,
വന്നിട്ടും പരമശാന്തിയും ക്ഷണാൽ.

40

നശിയ്ക്കും ശ്രദ്ധയില്ലാത്തോൻ
സംശയാത്മാവുമജ്ഞനും
ശങ്കാവാനില്ലഹൊ!സൌഖ്യം
സ്വർഗ്ഗവും നരലോകവും

41

അതിനാൽ മോഹജം നിന്റെ-
യുള്ളിൽത്തങ്ങുന്നസംശയം
ജ്ഞാനാസിയാലറുത്താത്മ-
യോഗമാന്നേഴുന്നേല്ക്കനീ.

നാലാമദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം V

### സന്ന്യാസയോഗം.

അജ്ജുനൻ:—

കമ്മസന്ന്യാസവും പിന്നെ
യോഗവും ചൊല്ലി നീ ഹരെ;
ഏതിതിൽ ശ്രേഷ്ഠമെന്നങ്ങു
നിശ്ചയിച്ചെന്നോടോതണെ.

2

ഭഗവാൻ:—

സന്ന്യാസകമ്മയോഗങ്ങൾ
രണ്ടും മോക്ഷപ്രദങ്ങൾ താൻ.
അവയിൽ കമ്മസന്ന്യാസാൽ
കമ്മയോഗം വിശിഷ്ടമാം.

3

വിദ്വേഷവും കാംക്ഷയുമററുസൌഖ്യ
ദുഃഖാദിയാം ദ്വന്ദ്വവുമെന്നിയെപ്പൊഴും
വസിപ്പതാരാണവനാണു നിത്യ-
സന്ന്യാസി സംസാരമവന്നൊഴിഞ്ഞുപോം.

4

സാംഖ്യവും യോഗവും വേറായ്-
ച്ചൊൽവൂ ബാലര,തേവിധം
വിജ്ഞരോതില്ലിതൊന്നാന്നാൽ
വരും രണ്ടിന്റെയും ഫലം.

5

സാംഖ്യത്താലെത്തിടും സ്ഥാന-
മെത്തും യോഗത്തിനാലുമെ
സാംഖ്യയോഗങ്ങളൊന്നെന്നു
കാണുന്നോൻ തന്നെ കാണ്മവൻ.

6

യോഗംകൂടാതെ സന്ന്യാസം
പ്രാപിയ്ക്കാനിഹ ദുഷ്കരം.
യോഗവാൻ മുനി പൂകുന്നു
ബ്രഹ്മത്തിലവിളംബിതം.

7

യോഗസ്ഥനായ് ഹൃദയശുദ്ധിയൊടും ജയിച്ചു,
ചിത്തത്തെയും കരണസംഹതിയേയുമേവം
സർവ്വാത്മഭൂതനഹമെന്നുമറിഞ്ഞവന്നു
കർമ്മത്തിനാൽ കിമപി ലേപനമേല്ക്കുകില്ല.

8

കാൺക, കേൾക്ക, വിസജ്ജിയ്ക്കു,
കണ്ണടയ്ക്കു, തുറക്കുക,
സ്വീകരിക്ക, മണംകൊൾക,
നിദ്രചെയ്ക നടക്കുക.

9

സ്പശനം ശ്വാസനം ഭക്ഷ്യ-
പ്രാശമെന്നിവയൊക്കെയും
വിഷയങ്ങളിലക്ഷങ്ങൾ
വേശിച്ചുണ്ടാവതാണുതാൻ.
അതിനാൽ യോഗി ഒന്നും താൻ
ചെയ്യീലെന്നു മിവററയിൽ
തനിക്കാസക്തിയില്ലെന്നും
നിനച്ചീടുന്നിതെപ്പൊഴും.

10

ബ്രഹ്മാപ്പണം ചെയ്തഥ കമ്മമെല്ലാം
സംഗംത്യജിച്ചാരു നടത്തിടുന്നു
അവങ്കുലശീടുകയില്ല പാപം
പത്മച്ഛദത്തിൽ ജലമെന്നപോലെ.

11

കായ, മാനസ, മനീഷകൊണ്ടുമ-
ക്കേവലേന്ദ്രിയ ഗണത്തിനാലുമെ,
ആത്മശുദ്ധിവരുവാൻ യതീന്ദ്രർ നി-
ഷ്കാമകമ്മമിയലുന്നു ഭാരത,

---

8-ം 9-ം ശ്ലോകങ്ങളുടെ വിവത്തനം മൂന്നു ശ്ലോകങ്ങളാക്കിയിരിക്കുന്നു

12

യുക്തൻ കർമ്മ ഫലംവിട്ടു
നേടുന്നു നിത്യശാന്തിയെ.
അയുക്ത നാശയാൽ കർമ്മ-
ഫലാസക്തൻ നിബദ്ധനാം.

13

വശി കർമ്മങ്ങളെല്ലാം വി-
ട്ടിരിപ്പൂ നിജദേഹമാം
നവദ്വാരപുരം തന്നിൽ
ചെയ്യൽ ചെയ്യിക്കലെന്നിയെ.

14

കർമ്മങ്ങളും കർമ്മഫലാനുബന്ധവും
കർത്തൃത്വവും കേവലമീശ്വരൻ സ്വയം
നിർമ്മിച്ചിടുന്നില്ലിവിടെ സ്വഭാവമാ-
ണയെ,പ്രവർത്തിപ്പതു പാർക്കിലർജ്ജുന,.

15

വിഭുവാരുടെയും പാപം
ഗ്രഹിയ്ക്കുന്നില്ല പുണ്യവും.
ജ്ഞാനത്തെ മൂടുമജ്ഞാനം-
കൊണ്ടു മോഹിപ്പുജീവികൾ.

16

ജ്ഞാനത്താലേവരജ്ഞാന-
നാശംചെയ്തവർക്കുതാൻ
ആദിത്യനെന്നപോൽ ജ്ഞാനം
പരനെത്തെളിയിപ്പിതെ.

17

ജ്ഞാനത്തിനാലഖിലകല്മഷവും തുലച്ച
മാത്മാവിലേ രതിയിയന്നതിൽ നിഷ്ഠപൂണ്ടും
തൽബുദ്ധിയാനുമമരുന്നവർ ചേർന്നിടുന്നു
പിന്നെജ്ജനുസ്സിനിടമററ വിശുദ്ധധാമം.

18

വിദ്യയും വിനയവും തികഞ്ഞെഴും
വിപ്രനിൽ, ശ്വപചനിൽ, ഗജത്തിലും
ശ്വാവു ഗോവിവയിലും സമത്വമാം
ദൃഷ്ടിയാന്നു മരുവുന്നു പണ്ഡിതർ.

19

സമചേതസ്സോടുവാണിടുന്നവ-
ർക്കിവിടെത്തന്നെ ഭവത്തെ വെന്നിടാം
സമമായ് ബ്രഹ്മമദോഷമാകയാ-
ലവരാ ബ്രഹ്മമതിങ്കലാസ്ഥിതർ.

20

പ്രമോദ മിഷ്ടാപ്തിയിലാന്നിടാതെയും
പ്രിയേതരത്തിങ്കലുഴന്നിടാതെയും
വാഴുന്നിതെ മോഹമകന്നുറപ്പൊടും
ബ്രഹ്മത്തിലായ് ബ്രഹ്മമറിഞ്ഞവൻ സഖെ;

21

ബാഹ്യാർത്ഥ സംസക്തി വെടിഞ്ഞവന്നു
സിദ്ധിയ്ക്കു മാത്മാവിലെഴുന്നതാം സുഖം;
സദ്ബ്രഹ്മയോഗസ്ഥിതി യാന്നുവെന്നാ-
ലവന്നുദിച്ചീടുമനശ്വരം സുഖം.

22

ബാഹ്യമാമനുഭവങ്ങളൊക്കെയും
ദുഃഖഭൂമികളറിഞ്ഞുകൊൾക നീ.
വന്നു മായുമവയിങ്കലാരമി-
യ്ക്കില്ലഭിജ്ഞരരിവംശമർദ്ദന,

23

ദേഹനാശത്തിനും മുൻപേ
കാമക്രോധജമൂർച്ഛയേ,
നീക്കുവാനേവനോ ശക്തൻ
സുഖിയാം യോഗിയാമവൻ.

24

ആത്മാവിൽ സുഖിയായാത്മ-
തൃപ്തനായ് തത്പ്രകാശനായ്
വർത്തിപ്പോൻ ബ്രഹ്മമായ് താനേ
ബ്രഹ്മനിർവ്വാണമാർന്നിടും.

25

പാപം നശിപ്പിച്ചു മനസ്സടക്കിയും
വികല്പഭാവങ്ങളറുത്തു നീക്കിയും
സമസ്തഭവ്യപ്രതിപത്തിയാർന്നെഴും
മുനീന്ദ്രരേല്ക്കും പരമാത്മനിർവ്വതി.

26

കാമക്രോധങ്ങൾ കൈവിട്ടു
മാനസം കീഴടക്കിയും
വാഴുമാത്മജ്ഞർ തൻ ചുററും
വിളങ്ങും ബ്രഹ്മനിർവ്വതി.

27

ഇന്ദ്രിയങ്ങളെ ബാഹ്യമാം വിഷയങ്ങ-
ളൊക്കെ വെളിയ്ക്കുതാൻ,
നിത്തിയും പുരികങ്ങൾ തന്നിടയി-
ങ്കലക്ഷി നിലയ്ക്കവെ,
നാസികയ്ക്കകമാം പ്രദേശമതിൽ
ചരിച്ചിയലുന്നതാം-
പ്രാണനേയുമപാനനേയുമൊ-
രേവിധത്തിൽ വരുത്തിയും.

28

ബുദ്ധിയൊത്തുമനസ്സുമിന്ദ്രിയവർഗ്ഗവും
വശമാക്കിയും,
മുക്തിചിന്തയതിങ്കലേ നിഭൃതോ-
ത്സുകതാമിയററിയും,
കോപവും ഭയമിച്ഛയെന്നിവയൊക്കെ
വിട്ടു മനാരതം
വാണിടും മുനിയാണു മുക്തന-
റിഞ്ഞുകൊൾക ധനഞ്ജയ.
(യുഗ്മകം)

29

ഭോക്താവു ഞാൻ യജ്ഞ തപസ്സിനെല്ലാം
മഹേശനാൻ ഞാനലകിന്നശേഷം
എല്ലാററിനും സ്നേഹിതനായതും ഞാൻ-
താനെന്നുമോർത്തീടുകിൽ മോക്ഷമുണ്ടാം.

അഞ്ചാമദ്ധ്യായം കഴിഞ്ഞു.

# അദ്ധ്യായം VI

## കർമ്മസംയമയോഗം.

ഭഗവാൻ:—

ചെയ്യുന്നകർമ്മങ്ങളെവൻ ഫലാശ
കൈവിട്ടു ചെയ്യോനവനാണു യോഗി,
സന്ന്യാസിയുംതാദൃശനാം, നിരഗ്നി-
നിഷ്കർമ്മിമാരല്ലറികർജ്ജുനാ നീ.

2

സന്ന്യാസമെന്നോതിയതേതിനെത്താ-
നറിഞ്ഞുകൊൾക, യോഗമതെന്നുമർജ്ജുനാ!
ബാഹ്യാർത്ഥസഞ്ചിന്തനമററിടാത്തോ-
നൊരുത്തനും യോഗിപദം ഗമിച്ചിടാ.

3

യോഗത്തിലാരോഹണവാഞ്ഛയേലും
മുനിയ്ക്കുകർമ്മം പരമാമുപായം.
യോഗാധിരൂഢന്നു തദീയമുക്തി-
യ്ക്കുപായമല്ലോ ശമവും നിനച്ചാൽ.

4

ഇന്ദ്രിയാർത്ഥങ്ങൾ കർമ്മങ്ങ-
ളിവയിൽ പററലെന്നിയേ,
സർവ്വസങ്കല്പസന്ന്യാസം
ചെയ്യോൻ യോഗാധിരൂഢനാം.

5

തന്നെത്താനുദ്ധരിയ്ക്കേണം,
തന്നെ പ്രക്ഷീണനാക്കൊലാ,
തനിയ്ക്കു ബന്ധു താനത്രേ,
താൻതന്നേ തന്റെ ശത്രുവും.

6

തന്നാലെ തന്മനമതാരു ജയിച്ചിടുന്നു-
തമ്മാനവന്നരിയബന്ധുവവൻ, കിരീടിൻ,
ചിത്തം ശരിക്കു വിജയിപ്പതിനെത്തിടാത്ത
മർത്ത്യൻ തനിക്കു രിപുവിൻ നിലയിങ്കലത്രേ.

7

തന്നെജ്ജയിച്ചു പുരുശാന്തിയിയന്നവന്നു
ശീതോഷ്ണദുഃഖസുഖമെന്നവയിങ്കലും കേൾ
മാനാവമാനമതിലും പരമാത്മതത്ത്വ-
സാന്നിദ്ധ്യമെപ്പൊഴുതുമങ്ങു വിളങ്ങിടുന്നു.

8

ചാഞ്ചല്യമററ റിവു വേററ റിവെന്നിവററാൽ,
സാതൃപ്തിയാന്നു വിജിതേന്ദ്രിയവൃത്തിയായും,
മൺ, കല്ലു, പൊന്നി,തുകളിൽ സമദൃഷ്ടിയായും
മേവുന്ന യോഗിയെവനായവനാണു യുക്തൻ.

9

മദ്ധ്യസ്ഥർ വിദ്വേഷ്യരഥ സ്വകീയർ
മിത്രാര്യുദാസീനസുഹൃത്തമന്മാർ,
പാവങ്ങൾ പാപിഷ്ഠർ തുടങ്ങിയോരി-
ലഭേദബുദ്ധിക്കാണു വിശിഷ്ടയോഗി.

10

കായമാനസമടക്കിയാശയും
തീരെ വിട്ടു നിഖിലം ത്യജിച്ചുമെ
ഏകനായ് വിജനമാർന്നനാരതം
യോഗി യോഗനില കൈവരിക്കണം.

11

ഔന്നത്യവും താഴ്ചയുമേറെയില്ലാ-
തുറച്ചതാം നല്ലൊരിരിപ്പിടത്തെ;
സ്ഥാപിച്ചു ദർഭാജിനവസ്ത്രമൊന്നോ-
ടൊന്നിന്നുമേലിട്ടു ശുചിസ്ഥലത്തിൽ.

12

അതിങ്കലാർന്നിട്ടു മനസ്സിനെത്താ-
നേകാഗ്രമാക്കിപ്പരിചോടു യോഗം
ശീലിക്ക! ചിത്തേന്ദ്രിയ വൃത്തിയെല്ലാ-
മടക്കിയാത്മാവിനു ശുദ്ധി ചേർപ്പാൻ.

(യുഗ്മകം)

13

ദേഹവും തല കഴുത്തുമൊപ്പമായ്
നിർത്തണം ചലനമേതുമെന്നിയേ.
ദിക്കിലെങ്ങുമിയലാത്ത നോട്ടവും
നാസികാഗ്രമതിലായിരിയ്ക്കണം.

14

സദ്ബ്രഹ്മചാരിവ്രതമാർന്നു പേടിവി-
ട്ടത്യന്തശാന്താത്മകനായനാരതം
ഇരിക്കണം മത്പരനായ് മനസ്സു കീ-
ഴടക്കി മച്ചിത്തമിയന്നു യോഗവാൻ.

15

ഈവിധം നിയതമാനസത്തൊട-
ഭ്യാസമെപ്പൊഴുമെഴുന്നയോഗിതാൻ
എന്നിലുള്ളോരനിർവാച്യമായ നി-
ർവ്വാണശാന്തിപദമെത്തിടുന്നിതെ.

16

അത്യാഹാരി, നിരാഹാരി,
നിദ്രാധിക പരായണ്ണൻ,
നിദ്രാഹീനനിവർക്കാർക്കും
പററിടാ യോഗമജ്ജുന

17

യുക്താഹാരവിഹാരനും
യുക്തചേഷ്ടനുമാവിധം
യുക്തസ്വപ്നാവബോധനും
യോഗം ദുഃഖഘ്ന മാമെടൊ,

18

എപ്പൊഴവനു മനസ്സടങ്ങി യാ,-
ത്മാവിലായിനില കൊണ്ടിടുന്നവൊ
അപ്പൊഴാസകലകാമനിസ്പൃഹൻ
"യുക്ത"നെന്നു പറയപ്പെടുന്നിതെ.

19

ആത്മയോഗത്തിനാലററ-
മടങ്ങും യോഗിതൻ മനം
കാററില്ലാത്തിടമാർന്നുള്ള
ദീപം പോലുലയാത്തതാം.

20

യോഗസേവയിൽ നിരുദ്ധമാം മന-
സ്സേതിലാണുപരമിച്ചിടുന്നുവൊ
തന്നെയേതിലിഹ കണ്ടുയോഗിത,-
ന്നാലെ തന്നിൽ മുദമാൎന്നിടുന്നുവൊ,

21

ഇന്ദ്രിയങ്ങളിലൊതുങ്ങിടാത്തതും
ബുദ്ധിയാൽ പരമറിഞ്ഞിടാവതും
ഏതതാണു സുഖമഗ്ര്യമെന്നറി-
ഞ്ഞോനെതിങ്കലിളകാതിരിപ്പതും,

22

ഏതിന്റെ സിദ്ധിയ്ക്കുമതീതമൊന്നും
കിട്ടേണ്ടതില്ലെന്നറിയപ്പെടുന്നതും
യാതൊന്നിലാൎന്നോനിലുരത്ത ദുഃഖ-
പ്രകമ്പനത്തിന്നിടമേകിടാത്തതും.

23

ഏതാണതിന്നാണു രുജാഭിയോഗ-
വിയോഗമാം യോഗമതെന്നനാമം
അക്ഷീണചിത്തത്തൊടു നിശ്ചയാൎന്നി-
ങ്ങതാചരിക്കേണ്ടതുതന്നെ പാൎത്ഥ. (കുളകം)

24

സങ്കല്പത്തിലുദിക്കുമാശയഖിലംപാടെ-
വെടിഞ്ഞും പുറ-
സ്സഞ്ചാരത്തിനു വിട്ടിടാതെ കരണൌ--
ഘത്തെ നിയന്ത്രിച്ചുമെ
ചെതസ്സെ ദൃഢനിശ്ചയാൎന്ന മതിയാ-
ലാത്മാവിലാക്കിസ്സ്വയം
മന്ദം മന്ദമുപാരമിയ്ക്ക, ചെറുതും
ചിന്തയ്ക്കിടം നൽകൊലാ.

26

എങ്ങെങ്ങു ചപലം ചിത്തം
ചരിപ്പൂ സ്ഥൈര്യമെന്നിയേ
അങ്ങങ്ങു നിന്നുമാകർഷി-
ച്ചാത്മവശ്യമതാക്കണം.

27

പ്രശാന്തചേതസ്സോടു ശാന്തമാം രജ-
സ്സിയന്നു പാപത്തെയകററി വിജ്ഞനായ്
ഭവിച്ച യോഗിയ്ക്കുടനുത്തമം സുഖം
ലഭിപ്പിതെ ഭാരതവംശരത്നമെ,

28

ഏവമഭ്യാസമെപ്പോഴു
മേലും യോഗി യകല്മഷൻ,
സസുഖം ബ്രഹ്മസംസ്പർ-
പരമാനന്ദമാർന്നീടും.

29

യോഗനിഷ്ഠയൊടു കൂടിയേതിലും
തുല്യദർശനമിയന്നിടും യതി
കാണ്മു തന്നിലിഹ സർവ്വഭൂതവും
സർവ്വഭൂതമതിലങ്ങു, തന്നെയും.

30

എന്നെയെങ്ങുമിഹ കണ്ടിടുന്നതും
എന്നിലേതുമതുപോലെ കാണ്മതും
ഏവനാണവനു ഞാൻ മറഞ്ഞിടു-
ന്നില്ലെനിയ്ക്കുവനുമപ്രകാരമാം.

---

25-ാമത്തെ ശ്ലോകം യുഗ്മകത്തിൽ ചേർത്താകയാൽ 24-ാമത്തെ ശ്ലോകത്തോടു ചേർത്തു തർജ്ജമ ചെയ്തിരിക്കുകയാണ്.

31

സർവ്വഭൂത ഗതനാകുമെന്നെയേ-
കത്വഭാവനയൊടും ഭജിച്ചിടും
യോഗിയെവ്വിധ മിരിയ്ക്കിലും ശരി-
യ്യെന്നിലാണവനിരിപ്പതർജ്ജുനാ.

32

സുഖ ദുഃഖങ്ങളേതേതു
ജീവികൾക്കുളവാകിലും
തനിയ്ക്കെന്നതുപോൽ തന്നെ
ചിന്തിപ്പോൻ യോഗി വയ്യനാം.

33

അർജ്ജുനൻ:—

സമദർശനമേ യോഗം
എന്നു കല്പിച്ചു നീ ഹരെ,
സുസ്ഥിരത്വമിതിൽ കാണ്മീ-
ല്ലുള്ളം ചഞ്ചലമാകയാൽ.

34

ബലമായി പ്രമഥിച്ചിടും മനം
നിഭൃതം ചഞ്ചലമാന്നിരിപ്പതാം
അതിനേ നിഗ്രഹിക്കയെന്നതോ മാ-
രുതനെപ്പോലെ യതീവ ദുഷ്കരം.

35

ഭഗവാൻ:—

ചഞ്ചലം മനമടക്കി നിർത്തുവാൻ
വൻപുതന്നെ യതിനില്ല സംശയം
എങ്കിലെന്തതിനെ വെന്നുകൊൾക വൈ-
രാഗ്യമഭ്യസന മെന്നിവററയാൽ.

36

ആത്മസംയമമെഴാതെ യോഗ സം-
സിദ്ധി കൈവരികയില്ലിതെന്മതം,
ആത്മവാനതു ലഭിച്ചിടാം പ്രയ-
ത്നിച്ചു സാധനകളാൻ കൊള്ളുകിൽ.

37

അർജ്ജുനൻ:—

ശ്രദ്ധാവാനെങ്കിലും യോഗ-
ഭ്രഷ്ടചിത്തനു കേശവ,
സിദ്ധികിട്ടായ്കിൽ മേലുണ്ടാം
ഗതിയെന്തു ചൊല്ലണെ.

38

സ്വർഗ്ഗമോക്ഷ വഴിതെററിയുററമാം
കാററടിച്ചു ചിതറുന്ന കാറുപോൽ
അപ്രതിഷ്ഠയൊട്ട ദൈവമാർഗ്ഗസം
മൂഢനാം യതി നശിയ്ക്കുകില്ലയൊ?

39

എൻെറ സംശയമിതൊക്കെയും ഭവാൻ
തീർത്തനുഗ്രഹമിയററിടേണമെ,
അങ്ങൊഴിഞ്ഞപരനില്ല, യേകനി-
സ്സംശയത്തിനെയറുത്തകററുവാൻ.

40

ഭഗവാൻ:—

അർജ്ജുന, നാശമുണ്ടാകി-
ല്ലവന്നിഹ പരങ്ങളിൽ
അപ്പനെ, നല്ലകാര്യങ്ങൾ
ചെയ്യോൻ ദുർഗതിയാർന്നിടാ.

41

യോഗഭ്രഷ്ടനനേകാണ്ടു
സ്വർഗ്ഗലോകത്തു വാണിട്ടും
പിന്നെസ്സാത്വികരാം ശ്രീമാ-
ന്മാർതൻ ഗേഹേ ജനിപ്പിതു.

42

അഥവാ ബോധവാന്മാരാം
യോഗിമാർ തൻ കുലത്തിലും
ജനിയ്ക്കാ മീവിധം ജന്മം
ലോകത്തിൽ ദുർലഭം പരം.

43

പൂർവ്വദൈഹികമതാം സ്വബുദ്ധി സം-
സ്കാരമാശു കലരുന്നൊരപ്പുമാൻ,
പിന്നെയും പരമുയന്ന സിദ്ധി കൈ-
വന്നിടാനരിയ യത്നമാർന്നിടും.

44

പാരവശ്യമൊടവൻ വസിയ്ക്കിലും
പൂർവ്വവാസന ബലാൽ ഹരിച്ചിടും,
ബ്രഹ്മകാമനുമെടൊ, കടന്നു മേ-
വുന്നു, വേദ വിധികൾക്കുമപ്പുറം.

45

പണിപ്പെട്ടിഹ യത്നിയ്ക്കും
യോഗിതാൻ പാപമററവപോയ്
ബഹുജന്മങ്ങളാൽ സിദ്ധി-
യാന്നു മോക്ഷം ഗമിച്ചിടും.

46

തപസ്വികരം ജ്ഞാനികരം കമ്മിമാരെ—
ന്നിവക്കു മേലായ് നിലകൊരംവു യോഗി
അക്കാരണത്താലിഹ യോഗിയായി—
ബ് ഭവിക്ക നീയും കുരുവംശസൂനൊ,

47

ശ്രദ്ധയോടുമെവനെന്നിൽ മാനസം
നിത്തി യെൻഭജന മാചരിക്കുമൊ
അപ്പുമാനഖിലയോഗിമാരിലി—
ങ്ങുത്തമോത്തമനിതെന്മതം സഖെ;

ആറാമദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം VII

### ജ്ഞാനവിജ്ഞാനയോഗം.

ഭഗവാൻ·

എന്നെത്താൻ ശരണീകരിച്ചു മന-
താരെന്നിൽ സമപ്പിച്ചു കൊ—
ണ്ടീയോഗം മുറയായ് നടത്തു കി—
ലയെ, സമ്പൂണ്ണനാമെന്നെ നീ
ഹാ! സന്ദേഹ മകന്നിട്ടും പടിയറി—
ഞ്ഞീടുന്നതെവ്വണ്ണമെ—
ന്നോതാമായതു കേട്ടുകൊരംക—
നിതരാം സശ്രദ്ധനായ് മത്സഖെ,

2

വിജ്ഞാനസഹിതം ജ്ഞാന-
മെല്ലാം ചൊല്ലാം നിനക്കു ഞാൻ,
അതു നീയറികിൽ പിന്നെ,-
യന്യ മില്ലറിയേണ്ടതായ്.

3

ആയിരത്തിലൊരുത്തൻ താൻ
സിദ്ധിയ്ക്കായ് യത്നമാൎന്നിടാം
യതിയ്ക്കും സിദ്ധരിൽ പക്ഷേ .
ഏകൻ മത്തത്വബോധിയാം.

4

മണ്ണു വെള്ളമൊടുകാററു, മഗ്നി യാ-
കാശവും മന മഹന്തയും തഥാ
ബുദ്ധിയിങ്ങിനെ യൊരെട്ടു ഭേദമൎ-
ക്കൊണ്ടു മത്പ്രകൃതി മിന്നിടുന്നിതേ.

5

ഇച്ചൊന്നൊരെന്നപരയാം പ്രകൃതിയ്ക്കുമേലായ്
മറെറാന്നുമുണ്ടതിനു പേർ പരയെന്നുരപ്പൂ.
ജീവത്വമാൎന്നിടു മതാണുലകത്തെയെല്ലാം
താങ്ങിത്തരത്തിൽ നില നിത്തുവതജ്ജുനാ,കേൾ

6

ഭൂതങ്ങളെല്ലാ മിവ രണ്ടിൽ നിന്നു-
മുണ്ടാവതാണെന്നു ധരിച്ചു കൊൾ നീ,
സമസ്ത വിശ്വത്തിനു മാ വിധത്തിൽ
നിദാനവും നാശകനും സഖേ ഞാൻ.

7

ചരടിൽ മണിഗണങ്ങൾക്കൊപ്പ-
മായ് എന്നിലല്ലൊ
ഭുവനമിതു സമസ്തം കോർത്തിരി-
ക്കുന്നു പാർക്കിൽ,
ഇതരമൊരണു പോലും നാസ്തിയാണെ-
ന്നിൽ നിന്നും
പരതരമുര ചെയ്വാൻ പാർത്ഥ! ദേവാ-
ത്തംസമുത്തെ ;

8

രസം ജലത്തിൽ പ്രഭ സൂര്യ ചന്ദ്രരിൽ,
സ്വനം നഭസ്സിൽ നരരിൽ സുപൌരുഷം
മറയ്ക്കശേഷം പ്രണവാക്ഷരം പരം
ധരിക്ക ഞാനെന്നു ശരിയ്ക്കു ഫല്ഗുനാ.

9

ഭൂമിയിൽ പുണ്യഗന്ധം ഞാൻ
തേജസ്സഗ്നിയിലും സഖെ,
ജീവരാശികളിൽ ജീവൻ,
താപസർക്കു തപസ്സു ഞാൻ.

10

ജീവജാലത്തിനെപ്പൊരു-
മഴിവില്ലാത്ത വിത്തു ഞാൻ,
തേജസ്വികൾക്കു തേജസ്സും
ബുദ്ധിമാന്മാർക്കു ബുദ്ധിയും

11

കാമ രാഗങ്ങളേശാത്ത
ബലം ഞാൻ പാർത്ഥ, ശക്തരിൽ.
ധർമ്മ്യമാം കാമവും ഞാനേ
ജീവിവർഗ്ഗത്തിനൊക്കെയും

12

ഏതേതുതാൻ സാത്വികവസ്തുജാതം
ഏതൊക്കെയൊ രാജസതാമസങ്ങൾ
അതൊക്കെയെന്നിൽ പ്രഭവിപ്പു ഞാനി–
ല്ലവററിലെന്നാലവ യെന്നിലത്രേ.

13

ഗുണങ്ങളിമ്മൂന്നു മിയന്നിടുന്നതാം
ഭാവങ്ങളാൽ മോഹിത മീ ജഗത്തെടൊ,
അറിഞ്ഞിടുന്നില്ലിതവയ്ക്കു മപ്പുറം
വിളങ്ങിടും നിത്യനെ–യെന്നെയാരുമെ.

14

ത്രിഗുണാത്മികയാ മെൻെറ
മായാദേവിയലംഘ്യ താൻ,
എന്നെത്താൻ ശരണം പ്രാപി-
ച്ചവരീമായ താണ്ടിടും.

15

ദുരാചാരികൾ, മൂഢന്മാർ,
മായയാലറിവററവർ,
ആസുരാത്മാക്കൾ, നീചന്മാ–
രിവരെന്നെബ് ഭജിച്ചിടാ.

16

ആൎത്തൻ ജിജ്ഞാസു വൎത്ഥാൎത്ഥീ
ജ്ഞാനിയിങ്ങിനെ നാലിനം
പുണ്യശാലികൾ താനെന്നെ-
ബ്ഭജിപ്പൂ ഭരതൎഷഭ;

17

അക്കൂട്ടരിൽ ജ്ഞാനി വിശിഷ്ടനെന്നി-
ലേകാന്തമാം ഭക്തി കലൎന്നിരിയ്ക്കയാൽ;
അവന്നു ഞാനെത്രയുമററ ബന്ധു-
വമ്മട്ടിനിയ്ക്കായവനും പ്രിയൻ താൻ.

18

ഉല്കൃഷ്ടർ തന്നെ യിവരൊക്കെയു മെന്നിരിയ്ക്കിലും
ജ്ഞാനിയ്ക്കു ഞാനപരനല്ലിതു തന്നെ യെന്മതം.
എന്നല്ലവൻ പരമമാം ഗതിയെന്നുമെന്നെയാ-
ണോൎമ്മിച്ചു യുക്ത ഹൃദയത്തൊടുകൂടി വാഴ്‌വതും.

19

അനേക ജന്മങ്ങൾ കഴിഞ്ഞൊടുക്കം
ജ്ഞാനത്തിനാലെന്നി ലണഞ്ഞിടുന്നോൻ
ഇക്കണ്ടതെല്ലാമിഹ വാസുദേവ-
നെന്നോൎപ്പിതെ ദുർല്ലഭനമ്മഹാത്മാ

20

അതാതു കാമങ്ങൾ നിമിത്തമായ് തൻ
വിവേകമററീടിന മാനവന്മാർ,
സ്വവാസനയ്ക്കൊത്തു ഭജിച്ചിടുന്നു-
ണ്ടതാതു നിഷ്ഠായുത രന്യ ദേവരെ.

21

ഏതേതു മൎത്ത്യനേതേതു-
മൂൎത്തിയെ സ്സേവ ചെയ്‌വിതെ ?
അവന്നുറപ്പെഴും ശ്രദ്ധ-
യതിൽ ത്താനേകിടുന്നു ഞാൻ.

22

അതേ ശ്രദ്ധയൊടാ ഭക്ത-
നതിൻ പൂജ നടത്തുകിൽ,
തദ്വാരാ ഞാൻ കൊടുക്കുന്നാ-
രിഷ്ട കാമങ്ങളല്ലിതെ.

23

അത്യല്പധീയേലു മവക്ക് നിത്യമാം
ഫലങ്ങളല്ലാതുളവാകയില്ലെടൊ,
ദേവാൎച്ചനം ചെയ്യുവർ ദേവർ തന്നിലും
മദ്ഭക്തരീയെന്നിലു മാൎന്നിടുന്നയേ

24

സൎവ്വോത്തമം നിൎവ്യയ മെൻ പ്രഭാവം
ഗ്രഹിയ്ക്കവയ്യാത്ത വിമൂഢബുദ്ധികൾ
അവ്യക്തനെന്നാകിലു മെന്നെ യെന്നും
സുവ്യക്തനായ്‌ത്തന്നെ നിനച്ചിടുന്നു.

25

ഞാനെല്ലാൎക്കും തെളിഞ്ഞീടാ
യോഗമായ മറയ്ക്കയാൽ
ജന്മ നാശ വിഹീനൻ ഞാ-
നെന്നെ മൂഢരറിഞ്ഞീടാ.

26

കഴിഞ്ഞ ഭൂതത്തെയുമല്ലവു മിപ്പൊഴുള്ളതും
വരാവതും പാർക്കിലശേഷവും ഞാൻ
അറിഞ്ഞിടുന്നെങ്കിലു മാരുമെന്നെയി-
ന്നറിഞ്ഞിടുന്നില്ലയി മാന്യബുദ്ധേ;

27

രാഗദ്വേഷങ്ങളാലുണ്ടാം
ദ്വന്ദ്വമോഹം നിമിത്തമായ്
ജന്മം മുതല്ക്കേയജ്ഞാനം
പൂകുന്നു ജീവരാശികൾ.

28

പുണ്യകർമ്മങ്ങളാൽ പാപം
നശിച്ചീടിന മാനവർ
ദ്വന്ദ്വമോഹമകന്നെന്നെ-
ബ്ഭജിപ്പൂ ദൃഢനിഷ്ഠരായ്.

29

ജരാമരണമററീടാ-
നന്നിയെന്നെബ്ഭജിപ്പവർ
അറിഞ്ഞീടുന്നിതെ,-ബ്രഹ്മം
അദ്ധ്യാത്മം കർമ്മമൊക്കെയും

30

അധിഭൂതനു മധിദൈവനു മ-
ധിയജ്ഞനു മീ ഞാ-
നിതുമല്ലര മറിവാന്നിവിട മരു-
ന്നവരാരൊ ?
മരണം വരു മളവിങ്കലു മകമെ-
ന്നിലുറപ്പി-
ച്ചുവരെന്നുടെ പരതത്വവു മ-
റിയുന്നിതു നൂനം.

ഏഴാമദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം VIII

### അക്ഷരബ്രഹ്മയോഗം.

അജ്ജുനൻ:—

ബ്രഹ്മമെന്തെന്തിതദ്ധ്യാത്മം ?
കമ്മമെന്തു ? ജഗല്പതെ,
അധി ഭൂതമതെന്തൊന്നാ-
ണധി ദൈവവു മോതണെ ;

2

അധി യജ്ഞനെവനോ ദേ-
ഹത്തിലങ്ങനെ വാഴ്വതും
കഥമങ്ങയെ യന്ത്യത്തിൽ
യോഗിമാരറിയേണ്ടതും ?

3

ഭഗവാൻ:—

നാശം പാറാത്ത തെല്ലാററിലുമുപരി വി-
ളങ്ങുന്നതെ ബ്രഹ്മമെന്നാൽ
ദേഹത്തിൻ ജീവനായ് ത്താനമരു മതിനെഴും
ഭാവ മദ്ധ്യാത്മമത്രെ.
ഭൂത വ്രാതങ്ങളും സ്ഥാവര നിചയമത്താ
സംഭവിപ്പാൻ നിദാനീ-
ഭൂതം ദേവ പ്രസാദാത്മകയജനമയെ
കമ്മമെന്നോമ്മ ചെയ്യു.

4

അധിഭൂതമനിത്യ വസ്തു താൻ
അധി ദൈവത മിങ്ങു പൂരുഷൻ,
തനുവിൻ പരതത്വ മായതാ-
ണധി യജ്ഞനു മെന്നറിയ്ക നീ.

5

അന്ത്യകാലത്തു മെന്നെത്താൻ
ചിന്തിച്ചവൻ കളേബരം
ത്യജിപ്പു തവനെന്നെത്താൻ
പ്രാപിപ്പു തക്കമില്ലിതിൽ.

6

ഏതേതു രൂപത്തെ നിനച്ചു കൊണ്ടി-
ദ്ദേഹത്തെ യന്ത്യത്തിൽ വെടിഞ്ഞിടുന്നു ?
തദ്രൂപചിന്താപരനായവൻ ചെ-
ന്നെത്തുന്നി താ രൂപമതിൽ കിരീടിൻ,

7

ആകയാല നിശമെന്നെ യോർമ്മ ചെ-
യ്താചരിച്ചിടുക നിൻെറ കൃത്യവും
ബുദ്ധിയും മനവുമെങ്കൽ വയ്ക്കിൽ നീ
യെത്തുമെന്നിലതിനില്ല സംശയം.

8

അഭ്യാസയോഗമാൻപുള്ളം
മററെങ്ങും പാഞ്ഞിടാതെ താൻ
ധ്യാനിപ്പോൻ പരമാം ദിവ്യ-
ബ്രഹ്മസിദ്ധി വരിപ്പൂതെ.

9

വേദജ്ഞരക്ഷര മിതെന്നരുളുന്ന തേതൊ,
രാഗം പെടാത്ത മുനിമുഖ്യർ ഗമിപ്പതേതൊ,
യാതൊന്നിലാശയൊടു മാനവർ ബ്രഹ്മചര്യ-
മേലുന്നവൊ, പദമതിങ്ങു ചുരുക്കിയോതാം.

10

സർവ്വജ്ഞൻ സകലാനുശാസനകരൻ
ധാതാവു സൂക്ഷ്മത്തിലും,-
സൂക്ഷ്മൻ, പ്രാക്തന നർക്കവർണ്ണ നിരുളിന്ന-
ങ്ങേപ്പുറം നില്പവൻ;
ചിന്തിപ്പാനരുതാത്ത രൂപ മിയലുന്നോ-
നാകുമപ്പൂരുഷൻ
തന്നെത്തന്നുടെ യന്ത്യവേളയിലു മാരത്യ-
ന്ത ഭക്ത്യന്വിതം.

11

മുററീടും നിജയോഗ ശക്തിയൊടു താൻ
സ്വപ്രാണനെ ഭ്രൂക്കൾ തൻ-
മദ്ധ്യത്തായ് പരിചോടു നിർത്തി ലവവും
ചാഞ്ചല്യ മേലാത്തതാം
ചിത്തത്തോടു മനുസ്മരിയ്ക്കു മവനാ ദിവ്യ-
പ്രഭാവോജ്ജ്വല
ശ്രീപാറീപ്പുലരും പരം പുരുഷനിൽ ചേ-
ന്നീടുമന്യാദൃശം
(യുഗ മകം)

12

ദ്വാരങ്ങളെപ്പേരുമടച്ചു ചിത്തം
രോധിച്ചു ഹൃത്തിൽ സ്ഥിരമായ് നിറുത്തി
മൂർദ്ധാവിലായ് പ്രാണനെയും കയററി
യോഗോക്തമാം നിഷ്ഠയിലാൻ കൊണ്ടും,

13

ബ്രഹ്മാഖ്യമോങ്കാര മതിൻ ജപത്തോ
ടുള്ളത്തിലീയെന്നെ നിനച്ചു കൊണ്ടും
ദേഹം വെടിഞ്ഞിട്ടു ഗമിച്ചിടുന്നോ-
നാത്യന്തികം സദ്ഗതി പൂകിടുന്നു. (യുഗ്മകം)

14

ഏകാഗ്ര ചിത്തത്തൊടു നിത്യമെന്നെ-
ച്ചിന്തിച്ചു മേവുന്നവനേവനാണോ,
ആ നിത്യയോഗ സ്ഥിത നെന്നിലെത്താ-
നെളുപ്പമാ ണില്ലവികല്പമേതും.

15

ഉത്കൃഷ്ട സംസിദ്ധിയൊടെന്നിലെത്തും
മഹത്തുകൾ ദുഃഖ നികേതമായും
അസത്യമേലുന്നതുമായ ജന്മം
വീണ്ടും പ്രവേശിയ്ക്കുകയില്ലയല്ലോ ?

16

ബ്രഹ്മ ലോകാദി ലോകങ്ങ-
ളേതു സിദ്ധിയ്ക്കിലും സഖെ,
പുനർജന്മം ഭവിച്ചീടും
എന്നിലാന്നാലതില്ല താൻ.

17

ആയിരം യുഗമെത്തുമ്പോൾ
ബ്രഹ്മാവിൻ പകലൊന്നുപോം,
രായുമാവിധമെന്നത്രെ
ചൊല്ലുന്നു കാലവേദികൾ.

18

ബ്രഹ്മാവിൻ നിശപോയ് പ്രഭാതസമയം
വന്നെത്തു മത്തൌവ്വില-
വ്യക്തത്തിന്നു മുദിച്ചിടുന്നു വിവിധാകാ-
രങ്ങളാം വ്യക്തികൾ.
അപ്പോലപ്പകൽ മാഞ്ഞു ശർവ്വരിയണ-
ഞ്ഞീടുന്ന നേരത്തില-
വ്യക്തം തന്നി ലതൊക്കെയും വിലയവും
പ്രാപിച്ചു കൊള്ളുന്നിതു.

19

വീണ്ടും വീണ്ടും ജനിച്ചിട്ടും
വീണ്ടും വീണ്ടും ലയിച്ചുമെ;
അതേ ഭൂതങ്ങൾ താണ്ടുന്നു
ബ്രഹ്മാവിൻ ദിന രാത്രികൾ.

20

ഇച്ചൊന്ന വ്യക്താ വ്യക്തത്തി-
ന്നന്യമായ് നിത്യമായ് പരം
ഭാവ മൊന്നുണ്ടു ലോകങ്ങൾ
നശിച്ചാലുമനശ്വരം.

21

അവ്യക്തമാമിതിന്നെ യക്ഷരമെന്നു ചൊല്ലു
ന്നാത്യന്തികം ഗതിയിതെന്നു മുച്ചിടുന്നു.
തൽസ്ഥാനമെത്തുകിലനന്തരമില്ല ജന്മ-
മെന്നല്ലഃതു പരമമെന്നുടെ ധാമവും കേൾ.

22

സർവ്വമുള്ളിലടക്കി ത്ത-
ന്നെങ്ങും വ്യാപിച്ചു മേവിടും
പരനത്രേ പുമാൻ, പ്രാപ്യ-
നവ നേകാന്ത ഭക്തിയാൽ.

23

ഏതു കാലത്തു മെയ് വിട്ടാൽ
യോഗിക്കുണ്ടാം പുനർ ഗതി
ഏതു കാലത്തതുണ്ടാവി-
ല്ലതും പാർത്ഥ, പറഞ്ഞിടാം.

24

ഉത്തരായന വെൺ പക്ഷം
വഹ്നി വാരൊളി വാസരം
എന്നിസ്സുരപഥത്തൂടെ
പൂകും യോഗി വിമുക്തനാം.

22

ദക്ഷിണായനമതിൽ കറുത്ത പ-
ക്ഷത്തി ലല്ലിലഥ ധൂമ മാർഗ്ഗമായ്
പോമവൻ ശശിമഹസ്സിലാന്നു പി-
ന്നിങ്ങു താൻ തിരികെ വന്നിടുന്നിതേ.

26

ഉലകത്തിനു ശാശ്വതങ്ങളാണീ
ഗതി രണ്ടു, സിത കൃഷ്ണ നാമകങ്ങൾ.
ഇനിയും ജനിയേകിടാത്തതാണൊ-
ന്നിതരം താദൃശമല്ല കേവലം.

27

ഇച്ചൊന്ന രണ്ടു വഴിയും ശരിയായ് ഗ്രഹിക്കും
യോഗിക്കൊരുത്തനു മിവന്നിടുകില്ല മോഹം
അക്കാര്യമോർത്തവിരതം പരമാത്മയോഗം
കൈക്കൊണ്ടു വാഴുക സഖെ, കുരുരാജമൌലെ,

28

ദാനം തപസ്സു മഖ മാഗമ പാഠമെന്നി-
ക്കർമ്മങ്ങളാലുദിത പുണ്യ ഫലങ്ങൾ താണ്ടി
ചെന്നെത്തിടും മഹിതമാദിമമാം പദത്തി-
ലിച്ചൊന്നതത്ത്വനിലയൊക്കെയറിഞ്ഞയോഗി

എട്ടാമദ്ധ്യായം കഴിഞ്ഞു.

---

## അദ്ധ്യായം IX

രാജവിദ്യാരാജഗുഹ്യയോഗം

ഭഗവാൻ:—

അഹിതചിന്തനമററ നിനക്കു ഞാ-
നറിവു വേററിവൊത്തരുൾ ചെയ്തിടാം
പരമഗുഹ്യമതാ മതറിഞ്ഞു സം-
സൃതിയൊഴിഞ്ഞു നിനക്കു വിമുക്തനാം.

2

രാജ വിദ്യയിതു ധർമ്മ്യമക്ഷയം
പാവനം പരമഗുഹ്യ മുത്തമം
നേരിലുററ റിവതിന്നു മിങ്ങനു-
ഷ്ഠിപ്പതിന്നു മെളുതാണതോക്ക നീ.

3

ഈ ധർമ്മം തന്നിലശ്രദ്ധ-
യെന്നിലെത്താത്ത പൂരുഷർ
മൃത്യുസംസാര മാർഗ്ഗത്തിൽ
വീണ്ടും ചൂഴ്ന്നുഴലുന്നിതെ.

4

അവ്യക്തമൂർത്തിയായ് ഞാനീ
ലോകമെങ്ങും നിറഞ്ഞവൻ.
എന്നിൽ വാഴുന്നു ഭൂതങ്ങ-
ളെല്ലാ മവയിലല്ല ഞാൻ.

5

സൂക്ഷ്മം നിനയ്ക്കിലിഹ ഭൂത ഗണങ്ങളെന്നിൽ
സംസ്ഥങ്ങളല്ലറിയു കൈശപരമെന്റെ യോഗം.
എന്നാത്മ വൈഭവ വശാലവയുത്ഭവിച്ചു
വർത്തിക്കിലും, സ്ഥിതിയിനി യ്ക്കവയിങ്കലില്ല.

6

എല്ലാടവും വ്യാപ്തിയെഴും മഹത്താം
കാറെറന്നു മെമ്മട്ടമരുന്നു വാനിൽ
അവ്വണ്ണമെന്നിൽ സ്ഥിതി ചെയ്തിടുന്നു
ഭൂതങ്ങളെല്ലാ മിതറിഞ്ഞു കൊൾക നീ.

7

കല്പം നശിയ്ക്കു മള വർജ്ജുന, ഭൂത ജാത-
മെപ്പേരുമെൻ പ്രകൃതിയിങ്കലടങ്ങിടുന്നു.
കല്പാദിയിങ്കലവയെ പ്പുനരുത്ഭവത്തി-
ന്നൊപ്പിച്ചു ഞാൻ വിടുകയും പതിവാണു പാർത്ഥ,

8

പ്രകൃതിവശാ ലത്യവശം
ഭൂതഗ്രാമം സമസ്തവും പാർക്കിൽ,
മത് പ്രകൃതിക്കു വിധേയൻ
വീണ്ടും വീണ്ടും ചമച്ചീടുന്നിതു ഞാൻ.

9

അകർമ്മ ബന്ധ മേശാതെ-
താനുദാസീനനെന്ന പോൽ
വസിയ്ക്കു മെന്നെക്കർമ്മങ്ങൾ
ബന്ധിയ്ക്കില്ല ധനഞ്ജയ,

10

മത്സാന്നിദ്ധ്യ വശാൽ മായ-
സൃഷ്ടിക്കുന്നു ചരാചരം
അതിനാൽ വിശ്വ ചക്രത്തിൻ-
ഭ്രമണം നില നില്പിതെ.

11

പരമാ മെൻറ ഭൂതേശ-
ഭാവത്തെ യറിയായ്കയാൽ
മാനുഷാ കൃതിയായെന്നെ-
ച്ചിന്തിപ്പൂ മന്ദബുദ്ധികൾ.

12

മനം മയക്കുന്നൊരു രാക്ഷസാസുര-
സ്വഭാവമേലും വിമനസ്വികൾക്കെടൊ,
ഫലിച്ചിടില്ലാശ യതല്ല കർമ്മവും-
ഫലിച്ചിടാ ജ്ഞാനവു മപ്രകാരമെ.

13

ദൈവീ പ്രകൃതിയാർന്നുള്ള
മഹാന്മാരേക ചിത്തരായ്
ഭൂതാദിയാ മവ്യയനെ-
ന്നറിഞ്ഞെന്നെ ബ്ഭജിപ്പിതെ.

14

എപ്പോഴു മെൻ കീർത്തന മുച്ചരിച്ചും
ദൃഢവ്രതം പൂണ്ടു പരിശ്രമിച്ചും
ഭക്തിത്തഴപ്പാൻ നമിച്ചുമെന്നെ
സ്സംയുക്തരായ് ത്താ നവർ സേവ ചെയ്വൂ

15

വിശ്വതോമുഖനാ മെന്നെ
ജ്ഞാനയജ്ഞത്തിനാൽ ചിലർ
ഒന്നായും, ചിലർ വേറായും
പലമട്ടു ഭജിപ്പിതെ.

16

ക്രതു ഞാൻ യജ്ഞവും ഞാനാം
സ്വധ ഞാ നൌഷധം പരം
മന്ത്രം ഞാ നഗ്നി ഞാൻ ഞാനാ-
ണാജ്യവും ഹോമ മെന്നതും

17

ലോകത്തിന്നു പിതാ മാതാ,
ധാതാ, മുത്തച്ഛ നെന്നിവർ
ഞാനേ, ഞാൻ ശുദ്ധ മോങ്കാരം
വേദ്യവും മൂന്നു വേദവും.

18

ലോകത്തിൻ ഗതി ഞാ നിതിന്റെ ഭരണം
ചെയ്യുന്നവൻ ഞാ നിതിൻ-
നാഥൻ, സാക്ഷി, നിവാസവും ശരണവും
ഞാനേ, സുഹൃത്തും തഥാ
ഉല്പത്തിസ്ഥലവും സ്ഥിതിസ്ഥലവു-
മവ്വണ്ണം ലയസ്ഥാനവും
ഞാനെന്നോർക്ക നിധാനവും വിലയമെ-
ത്തീടാത്തവിത്തും സഖേ;

19

ചൂടേകുവോൻ, വർഷദൻ ഞാൻ
വർഷമില്ലാതെയാക്കുവോൻ,
മൃത്യുവും ഞാ നമൃതവും
അസത്തും സത്തു മർജ്ജുന.

20

ത്രൈവിദ്യരാം സോമപ രെന്നെ യജ്ഞം
വഴിക്കുപാസിച്ചഘമററു നാകം-
പ്രാർത്ഥിപ്പു, പുണ്യത്തൊടു മിന്ദ്രലോകം
പുക്കാസ്വദിപ്പൂ പുരു ദിവ്യ ഭോഗം.

21

സ്വർഗ്ഗത്തിൻ സുഖ മാസ്വാദിച്ചു വരവേ
പുണ്യക്ഷയം വന്നിട്ടും
തത്ക്ഷണം മനുഷ്യലോക മിതിൽ
വീണ്ടും വന്നു ചേരുന്നിവർ
വേദത്തെ പ്പര മാശ്രയിച്ചു പലതും കർമ്മ-
ങ്ങൾ ഭോഗേച്ഛയാൽ
ചെയ്യുന്നോർക്ക് ഗതാഗത ത്തിന്നിടയാ മീ-
മട്ടയേ, ഫല്ഗുന,

22

അന്യനില്ലെന്നു ചിന്തിച്ചി--
ട്ടേവ രെന്നെ ബ്ഭജിപ്പിതേ
ആ നിത്യയുക്തർ തൻ യോഗ--
ക്ഷേമ മെന്നും വഹിപ്പു ഞാൻ.

23

ശ്രദ്ധയോ ടിതരദേവസേവ കൈ-
ക്കൊണ്ടിട്ടും നിഖില ഭക്തരും സഖേ,
സത്യമായ് വിധി വിരുദ്ധമാകിലും
ചെയ്യതെൻ യജനമാണു കേവലം.

24

യജ്ഞത്തിനെല്ലാമധിനായകൻ ഞാൻ
ഭോക്താവു മീഞാനറികില്ലുനാ നീ
ഗ്രഹിച്ചിടുന്നില്ലവരെൻെറ തത്വ-
മക്കാരണത്താൽ നിപതിച്ചിടുന്നു.

25

പ്രാപിപ്പൂ ദേവവ്രതർ ദേവരേയും
പിതൃവ്രതക്കാർ സ്വ പിതൃക്കളെയും
ഭൂതേജ്യരോ ഭൂതഗണത്തെയും മൽ-
പൂജാരതന്മാർ പരമെന്നെയും. കേൾ.

26

ഫലമോ, ദലമോ, പൂവോ,
ജലമോ, യതമാനസർ,
ഭക്തിപൂർവ്വാർപ്പണം ചെയ്യാ-
ലതു ഞാനാസ്വദിച്ചിടും.

27

യാതൊന്നു ചെയ്വതു മശിപ്പതു മേതുതാനോ
ഹോമിപ്പതും വിജയ, നല്കുവതും നിനയ്ക്കിൽ
യാതൊന്നു നീയിഹ തപിപ്പതുമൊക്കെയെന്നി-
ലർപ്പിച്ചു ചെയ്ക കുരുസത്തമ, സത്യവാദിൻ,

28

ഇമ്മട്ടിലിങ്ങയി ശുഭാ ശുഭമാം ഫലങ്ങ-
ളേകുന്ന കർമ്മവലയം വിലയം ഭവിയ്ക്കും
സന്ന്യാസയോഗയുതനായിവസിയ്ക്കിൽ മുക്തി-
യാർന്നെന്നിൽ നീയണയുമുത്തമ, സത്വബുദ്ധേ,

29

സമൻ ഞാൻ ഭൂതവർഗ്ഗത്തി-
ലില്ലെനിയ്ക്കു ഹിതാഹിതർ.
ഭക്ത്യാ യാന്തു ഭജിപ്പോരിൽ
വാഴ്വൂ ഞാനവരെന്നിലും.

30

ഏകാന്ത ഭക്തിയോടെന്നെ
ദുരാചാരൻ ഭജിയ്ക്കിലും
ശസ്തനാണവനെഃന്നാക്ക
സത് കൎമ്മാദ്ധ്യക്തനാകയാൽ.

31

ധൎമ്മാത്മാവായവൻ വേഗം
പ്രാപിക്കും നിത്യശാന്തിയെ.
അധഃപതനമെൻ ഭക്ത-
നുണ്ടാവില്ലറികൎജ്ജുന.

32

സ്ത്രീകൾ ശൂദ്രരൊട്ടു വൈശ്യരും തഥാ
പാപജാതികളുമൊക്കയും സഖെ,
എന്നെ നിത്യമിഹ സേവ ചെയ്യുകിൽ
ചേൎന്നിടുന്നിതവരും പരാഗതി.

33

പിന്നെച്ചൊല്ലേണ്ടതുണ്ടൊ സുകൃതനിധി-
കളാം വിപ്രരമ്മട്ടു ഭക്ത-
ന്മാരാം രാജൎഷിമാരെന്നിവരുടെ ഗതി ഞാൻ,
ക്രൂരെശ്ശം സാരവേദിൻ,
പാൎത്തീടും തോറു മത്ത്യൎക്കുട വ്യഥയരുളും,
നിത്യമല്ലാത്തതാ മീ-
പാൎത്തട്ടൽ പെട്ടവൻ നീ പരഗതിയണ-
വാൻ സേവ ചെയ്യണമെന്നെ.

34

എന്നിൽത്തന്നെ മനസ്സു വയ്ക്കുക സദാ മൽ-
ഭക്തനാകെന്നെ നീ,
പൂജിച്ചീടുക യെന്നെയും പ്രിയമിയന്നെ-
ന്നും നമിച്ചീടുക.
എന്നിൽത്തന്നെ യിദ്ധവിധത്തിലതി താ-
ല്പര്യത്തൊടാത്മാവു തൻ-
സംയുക്ത സ്ഥിതി കൈവരിക്കുകിൽ നിന-
ക്കെന്നിൽ പ്രവേശിച്ചിടാം.

ഒൻപതാം അദ്ധ്യായം കഴിഞ്ഞു.

---

## അദ്ധ്യായം X

### വിഭൂതി യോഗം

കേൾപ്പാനാശിച്ചിട്ടും നിന്റെ
ഹിത മിച്ഛിച്ചിടുന്ന ഞാൻ.
ഓതുമുത്തമ വാക്യം നീ-
യിനിയും കേൾക്ക ഫല്ഗുന,

2

എന്നുത്ഭവം സുരഗണങ്ങളലിഷീശപാന്മാ-
രെന്നുള്ളവർക്കു മറിവാൻ കഴിവുള്ളതല്ലാ,
വൃന്ദാരക പ്രകരവും മുനിമാരു മെന്നിൽ-
നിന്നാണുദിച്ചിടുവ തെങ്ങിനെ നോക്കിയാലും.

3

ലോകേശനെന്നു മജനെന്നു മനാദിയെന്നു-
മെന്നെ ഗ്രഹിപ്പതെവനാ ണിതവന്നു പാർത്താൽ
സമ്മോഹ മെന്നതു വരില്ലതുമല്ല സർവ്വ-
പാപത്തിൽ നിന്നവനു മോചനവും ലഭിക്കും.

4

വിവേകവും ജ്ഞാനവു മാശയേതു-
മെഴായ്ക, സത്യം ക്ഷമ, യുള്ളടക്കം
ദമം സുഖം ദുഃഖ, മത്തും ജന്മസ്സും
ലയം ഭയം നിർഭയ മെന്നിവററയും

5

സമത്വവും ദാന മഹിംസ, മോദം
തപസ്സു, സത്കീർത്തി, യകീർത്തിയേവം
പൃഥഗ്വിധം ഭൂതതതിക്കുദിക്കും
ഭാവോത്ഭവം സർവ്വവുമെന്നിൽ നിന്നാം.

(യുഗ്മകം)

6

സമസ്ത മർത്ത്യാ വലികൾക്കു മാദി
പിതാക്കളാകുന്ന മനുക്കൾ നാല്‌വരും
സപ്തർഷിമാരും മമ മാനസത്തിൽ
നിന്നുത്ഭവിച്ചാരവർ മത്സ്വഭാവികൾ

7

മദീയമായുള്ള വിഭൂതി യോഗം
ശരിക്കറിഞ്ഞിങ്ങു വസിച്ചിടുന്നോൻ,
വികമ്പമേലാത്തൊരു യോഗ മാളു-
മെന്നുള്ളതിൽ സംശയമില്ല തെല്ലും.

8

നിദാന മീ ഞാനഖിലത്തിനും കേ—
ളെല്ലാം പ്രവൎത്തിപ്പതു മെന്നിൽ നിന്നാം
ഇത്തത്വ മോൎമ്മിച്ചിഹ ബുധിമാന്മാ—
രെന്നെബ്ഭജിക്കുന്നിതു ഭക്തിപൂൎവ്വം.

9

മത്ച്ചിത്തരായ് പ്രാണനെ യെന്നിലാക്കിയും
പരസ്പരം മൽകഥ യുച്ചരിച്ചുമെ,
മദ്ദൈവതേവാദ് ബോധന മാചരിച്ചു മി—
ങ്ങാനന്ദ മേല്ക്കുന്നു രമിച്ചിടുന്നിവർ.

10

പ്രീതിപൂൎവ്വക മനാരതം മന—
സ്സെന്നിൽ വച്ചിഹ ഭജിച്ചിടുന്നവർ
എങ്കലെത്തു വതിനായവൎക്കു ഞാൻ
ജ്ഞാന യോഗമരുളുന്നി തജ്ജുനാ,

11

അവൎക്കനുഗ്രഹം നൽകാ—
നാത്മ ഭാവസ്ഥനായി ഞാൻ
ഭാസ്സെഴും ജ്ഞാന ദീപത്താ—
ലജ്ഞാനാന്ധ്യ മകററുവേൻ.

12

അൎജ്ജു:-

പരം ബ്രഹ്മം പരം ധാമം
പവിത്രം പരമം ഭവാൻ
പുരുഷൻ ശാശ്വതൻ ദിവ്യ—
നാദി ദേവനജൻ വിഭു.

13

എന്നു, നാരദനും വ്യാസ-
നസിതൻ ദേവലൻ തഥാ
മുനിമാരേവരും ചൊൽവൂ
ചൊൽകയാണങ്ങു മെന്നോടായ്. (യുഗ്മകം)

14

എന്നോടു ചൊൽവതിതു സർവ്വവുമീശ, സത്യ-
മെന്നുള്ളിൽ ഞാൻ കരുതിടുന്നു വികല്പമില്ല.
എന്നാൽ, ഭവാനേതുവിധത്തിൽ വെളിപ്പെടുന്നു-
വെന്നുള്ളതേതു മറിവില്ല സുരാസുരർക്കും.

15

സൃഷ്ടിക്കു കർത്താവിഹ ഭൂതനാഥൻ
ദേവർക്കു ദേവൻ ജഗദീശനേവം
തിളങ്ങി മേവും പുരുഷോത്തമാ നീ
യല്ലോ, വിഭോ, നിന്നെയറിഞ്ഞിടുന്നോൻ.

16

ഏതേതു മാഹാത്മ്യമിയന്നു കൊണ്ട-
ങ്ങീലോകമെങ്ങും നിറവാർന്നിടുന്നു,
അദ്ദിവ്യമാഹാത്മ്യമിനിക്കശേഷ-
മങ്ങുന്നു ചൊല്ലിത്തരണേ ദയാലോ,

17

എന്നേരവും ചിന്തയൊടങ്ങയെ ഞാ-
നറിഞ്ഞിരിക്കാൻ വഴിയെന്തു യോഗിൻ,
ഏതേതു ഭാവങ്ങളിലായ് ഭവാനെ-
ച്ചിന്തിച്ചിടേണ്ടുന്നതു മുൾക്കരുന്നിൽ.

18

അങ്ങാത്മ യോഗമത്തു മാത്മവിഭൂതിയും ചൊ-
ല്ലീടേണമെന്നോടു സവിസ്തരമിന്നു വീണ്ടും
കർണ്ണാമൃതം തിരുവചസ്സനുകർന്നിനിക്കു-
വന്നീല തൃപ്തിയിനിയും കരുണാപയോധെ,

19

ഭഗവാൻ:—

എങ്കിലൊ കേൾ മുറയ്ക്കെന്റെ
മുഖ്യ ദിവ്യ വിഭൂതികൾ
അവ തൻ വിസ്തരം പാർത്താ-
ലന്ത മററുള്ളതാണെടൊ.

20

ആത്മാവു ഞാൻ ഗുഡാകേശ,
സർവ്വ ഭൂതാശയസ്ഥിതൻ,
ലോകങ്ങൾക്കാദിയും മദ്ധ്യ-
മന്തവും ഞാൻ നിനയ്ക്ക നീ.

21

ആദിത്യന്മാരിൽ ഞാൻ വിഷ്ണു
ജ്യോതിസ്സുകളി ലർക്കനും,
താരകങ്ങളിൽ ഞാൻ ചന്ദ്രൻ,
മരുൽക്കളിൽ മരീചിയും.

22

വേദത്തിന്നൊക്കെ ഞാൻ സാമ-
വേദം, വാനോർക്കു വാസവൻ,
മനം ഞാനിന്ദ്രിയങ്ങൾക്കു,-
ചൈതന്യം പ്രാണികൾക്കു ഞാൻ.

23

രുദ്രരിൽ ശംഭു വിത്തേശൻ
യക്ഷരക്ഷസ്സുകൾക്കു ഞാൻ,
വസുക്കൾക്കഗ്നിദേവൻ ഞാൻ,
ഗിരികൾക്കു സുമേരുവും.

24

പുരോഹിതന്മാരിൽ മുൻപൻ ഞാൻ
ഗുരുവെന്നറികർജ്ജുന,
സേനാനായകരിൽ സ്കന്ദൻ
തടാകങ്ങളിലാഴി ഞാൻ:

25

ഭൃഗു ഞാൻ മുനികൾക്കെല്ലാം
വാക്കിലോങ്കാരമാണു ഞാൻ
യജ്ഞത്തിൽ ജപയജ്ഞം ഞാൻ
ഹിമവാൻ സ്ഥാവരങ്ങളിൽ

26

വൃക്ഷവർഗ്ഗത്തിലശ്വത്ഥം
ദേവർഷികളിൽ നാരദൻ
ഗന്ധർവ്വരിൽ ചിത്രരഥൻ
സിദ്ധരിൽ കപിലൻ മുനി.

27

പാലാഴിയിൽ നിന്നുളവായൊരുച്ചൈ-
ശ്രവസ്സു ഞാനശ്വഗണത്തിനെല്ലാം
ഐരാവതം ഞാനിഭവീരരിൽ ഭൂ-
വരൻ നരന്മാരിലറിഞ്ഞിടേണം.

28

ആയുധങ്ങളിൽ വജ്രം ഞാൻ
ഗോക്കളിൽ കാമധേനുവും
പ്രജാഹേതുവിൽ ഞാൻ കാമൻ
സർപ്പവർഗ്ഗത്തിൽ വാസുകി.

29

നാഗങ്ങളിലനന്തൻ ഞാൻ
വരുണൻ ജലദേവരിൽ
പിതൃക്കൾക്കര്യമാവും ഞാൻ
സംയമക്കാരിലന്തകൻ.

30

പ്രഹ്ലാദൻ ദൈത്യരിൽ ഞാനാം
ഗണിക്കുന്നോർക്കു കാലവും
മൃഗങ്ങൾക്കു മൃഗേന്ദ്രൻ ഞാൻ
ഗരുഡൻ പക്ഷികൾക്കുമേ.

31

ശുദ്ധികാരകരിൽ കാററും
ശസ്ത്രവാന്മാരിൽ രാമനും
മകരം മീനുകൾക്കെല്ലാം
ഗംഗ ഞാൻ പുഴകൾക്കെടൊ,

32

സർഗ്ഗങ്ങൾക്കാദിയും മദ്ധ്യം
അന്തവും ഞാൻ ധനഞ്ജയ,
വാദിപ്പോർക്കൊക്കെ വാദം ഞാൻ
വിദ്യകൾക്കാത്മവിദ്യ ഞാൻ.

33

അക്ഷരങ്ങൾക്കകാരം ഞാൻ
സമാസങ്ങൾക്ക ദ്വന്ദ്വവും
നാശമില്ലാത്ത കാലൻ ഞാൻ
ധാതാ ഞാൻ സർവ്വതൊ മുഖൻ.

34

ഉണ്ടാകുവോൎക്കെല്ലൊരു ജന്മ മീ ഞാൻ
സർവ്വംഹരിക്കുന്നൊരു മൃത്യുവും ഞാൻ
സതീജനത്തിൻ സ്മൃതി, ബുദ്ധി, ധൈര്യം,
ശ്രീ, കീൎത്തി, വാക്കും, ക്ഷമയെന്നതും ഞാൻ

35

സാമത്തിങ്കൽ വിശിഷ്ടമാകിയ ബൃഹത്സാമം
സഖെ, ഞാൻ തഥാ
ഛന്ദോരാശിയിലുത്തമോത്തമ മഹാ ഗായ-
ത്രിയും ഞാനെടൊ,
മാസശ്രേണിയിൽ മാൎഗ്ഗശീഷ മതു ഞാ-
നപ്പോലെ പുഷ്പോല്ഗമ-
ശ്രീകോലുന്ന വസന്തമാണൃതുവിൽ ഞാ-
നെന്നും ധരിച്ചീടു നീ.

36

തേജസ്വികൾക്ക തേജസ്സാം
ചതിയന്മാൎക്ക ചൂതു ഞാൻ,
ജയം ഞാൻ വ്യവസായം ഞാൻ
സത്വവാന്മാൎക്ക സത്വവും

37

വൃഷ്ണികൾക്കിഹ കൃഷ്ണൻ ഞാൻ
പാണ്ഡവൎക്കു ധനഞ്ജയൻ,
മുനിമാരിലഹം വ്യാസൻ,
കവികൾക്കുശനസ്സു ഞാൻ.

38

ദുഷ്ടന്മാരെ യടക്കിടുന്നവരിൽ ഞാൻ
ദണ്ഡം ജയിച്ചീടുവാ-
നിച്ഛിക്കും ജനതയ്ക്കു നീതിയഥ് ഞാൻ
ഗോപ്യങ്ങളിൽ മൌനമാം
ചിച്ഛക്തിപ്രഭ യെങ്ങുമേ; നിരുപമം
ശോഭിപ്പതുൾക്കണ്ണിനാൽ
സ്വച്ഛന്ദം നുകരും പ്രബുദ്ധരിലെഴും ജ്ഞാനം
പരം ഞാൻ സഖേ,

39

സൎവ്വ ഭൂതത്തിനും വിത്തു
ഞാനാണെന്നറികൎജ്ജുന,
ഞാനൊഴിഞ്ഞില്ലയെ, പാൎത്ഥ,
തെല്ലുമിങ്ങു ചരാചരം.

40

ദിവ്യങ്ങളാമെന്റെ വിഭൂതികൾക്കി-
ങ്ങില്ലന്ത മെന്നുള്ളതറിഞ്ഞു കൊൾക,
ചൊന്നീടിനേനെങ്കിലു മേകദേശം
നിന്നോടു ഞാൻ വിസ്തര മീവിധത്തിൽ.

41

ശ്രീയൊ, വിഭൂതിയൊ, ശക്തി-
തന്നെയൊ പാരമാൎന്നതായ്
കാണ്മതൊക്കെയു മെൻ തേജോ-
ലവ ജാതങ്ങളോൎക്ക നീ.

42

അല്ലെങ്കിലിത്ര നീയേറെ-
യറിഞ്ഞീടുന്ന തെന്തിനായ്
ഏകാംശത്താൽ ജഗത്തെല്ലാം
നിറഞ്ഞു നിലകൊൾവു ഞാൻ.

പത്താം അദ്ധ്യായം കഴിഞ്ഞു.

---

## അദ്ധ്യായം XI

വിശ്വരൂപദൎശന യോഗം.

അൎജ്ജു:—

അനുഗ്രഹിച്ചിന്നവിടുന്ന ചൊന്നതാ-
മദ്ധ്യാത്മ, മത്യന്തരഹസ്യ മുത്തമം
വചസ്സു യാതൊന്നതിനാലകന്നിതെൻ
മതിക്കെഴും വിഭ്രമമൊക്കെയും വിഭൊ,

2

ഭൂതങ്ങൾ തൻ ജന്മ ലയങ്ങളും നി-
ന്നനന്ത മാഹാത്മ്യവു മംബുജാക്ഷ,
സവിസ്തരം നീ യരുൾ ചെയ്തതെല്ലാം
നകന്നു ഞാൻ കണ്ണുപുടങ്ങളാലെ.

3

സമസ്തവും നിൻ തിരുമേനി ചൊന്നപോ-
ലെന്നുള്ളതിന്നില്ല വികല്പമല്പവും
എന്നാകിലും താവകരൂപമൈശ്വരം
കാണ്മാൻ പരാത്മൻ, കൊതികൊണ്ടിടുന്നു ഞാൻ.

4

അതു ഞാൻ കാണ്മതശക്യമല്ലയെന്നായ്
കരുതുന്നാകിലിവന്നു യോഗ നാഥാ
അഴിവറ്റെങ്ങുമെഴും ഭവത്സ്വരൂപം
മിഴികൾക്കുത്സവമാക്കണേ; ദയാലോ,

5

ഭഗവാൻ:-

പല വിധ വർണ്ണമൊടും പലവിധത്തിൽ
പലവടിവാന്നെഴുമെന്റെ ദിവ്യരൂപം
ശതവിധമായിര മിക്കണക്കിലായി-
പ്പരിചൊടു കാണുക പാർത്ഥിവേന്ദ്ര മൌലെ.

6

ആദിത്യരോടമരരും പുനരാശ്വിനേയ-
ന്മാരും വസുക്കളൊടു രുദ്രരുമെന്നു വേണ്ട
പണ്ടാരുമെ നയനഗോചരമാക്കിടാത്തോ-
രെന്നദ്ഭുതാകൃതി യസംഖ്യവുമിങ്ങു നോക്കു.

7

ചരാചര ജഗത്തെല്ലാ-
മൊന്നിച്ചെന്നംഗ സംസ്ഥമായ്
കണ്ടാലും, മററു നീ കാണ്മാ-
നിച്ഛിക്കുന്നതു മൊക്കെയും.

8

ഇക്കണ്ണുകൊണ്ടെന്നെ നിനക്കു നേരെ-
കാണ്മാൻ കഴിഞ്ഞീടുക യില്ലയല്ലോ
അക്കാരണാ ലിന്നുതരുന്നു ദിവ്യ-
നേത്രങ്ങൾ കാണ്കൈശ്വരമെന്റെ യോഗം.

9

സഞ്ജ:- ഇവണ്ണം ചൊല്ലി, ഹെ രാജൻ,
മഹായോഗേശ്വരൻ ഹരി
കാട്ടിനാൻ പാർത്ഥനായ് തന്റെ
രൂപ മൈശ്വര മുത്തമം.

10

അനവധിയാനന ലോചനങ്ങളെന്ന-
ല്ലനവധികാത്ഭുത ദർശനങ്ങളും ഹാ !
അനവധി ദിവ്യ വിഭൂഷണങ്ങളല്ലോ-
ലനവധി പൊങ്ങു മഭൌമികായുധങ്ങൾ,

11

ഇവയു മമന്ദ സുഗന്ധ മാല്യ ലേപാം-
ബര രുചിരാഭയുമാന്നു ദേവദേവൻ,
പരിചിൽ വിളങ്ങി യനന്തനായു മത്യ-
ത്ഭുതകരനായു മശേഷ വിശ്വഭൃതൻ.

(യുഗ്മകം)

12

ആയിരം കതിരോന്മാരീ-
വാനിലൊന്നിച്ചുദിക്കുകിൽ
ഉണ്ടാം ദീപ്തി, മഹാവിശ്വ-
രൂപശോഭയ്ക്കു തുല്യമാം

13

പലേ വിധത്തിൽ പ്രവിഭക്തമാകും
ജഗത്തു നിശ്ശേഷവു മക്ഷണത്തിൽ
ദേവാദി ദേവൻെറ കളേബരത്തി-
ലൊന്നായ് വിളങ്ങുന്നതു കണ്ടു പാൎത്ഥൻ.

14

അതിനാ ലത്ഭുതാവിഷ്ടൻ
പാൎത്ഥൻ പുളകഭൂഷിതൻ,
തലതാഴ്ത്തി നമിച്ചിട്ടാ-
ദേവനോടേവ മോതിനാൻ.

15

അൎജ്ജു:-

എല്ലാ ഭൂത വിശേഷസംഘവു മതേമട്ടാ-
യമൎത്ത്യൗഘവും
ചെല്ലാബ്ജാസനമാൎന്നിട്ടും മഹിതനാം ബ്രഹ്മാ-
വിനെത്തന്നെയും
ചൊല്ലാളും മുനി മുഖ്യരേയും അതുപോൽ
ദിവ്യോരഗക്കൂട്ടവും
മല്ലാരെ, ഭവദീയ മെയ്യിലടിയൻ കാണുന്നു
കൺമുമ്പിലായ്.

16

എണ്ണമററ വദനങ്ങ ളക്ഷികൾ കരങ്ങൾ
കുക്ഷികളു മാൎന്നനിൻ
വണ്ണനീയക മനന്തരൂപമയി കണ്ടിട്ട-
ന്നിതെവിടത്തിലും
നിൎണ്ണയം പുനരെനിക്കു നിൻെറ യവസാ-
നവും നടുവുമാദിയും
കാണുമതിന്നു കഴിയുന്നതില്ല ജഗദീശ, വിശ്വ-
വിപുലാകൃതെ,

17

ചക്രവും ഗദയും കിരീടമത്തും ധരിച്ച്
സമസ്ത ദിക്-
ചക്രവും പുരു ദീപ്തമാക്കി ദിവാകരാഗ്നി-
സമാഭനായ്
നോക്കുവാനരുതാത്ത മട്ടില ഃമേയനായെ-
ഴുമങ്ങയെ-
പ്പാക്കയാണിഹ ഞാൻ പ്രഭാന്വിചയൈക
മണ്ഡലമായ് പ്രഭോ,

18

വിശ്വത്തിനാധാരമതായ് വിളങ്ങിടും
ബ്രഹ്മം ഭവാൻ ജ്ഞേയവു മങ്ങു തന്നെയാം
സനാതനൻ ശാശ്വതധർമ്മപാലകൻ
പുമാൻ ഭവാ നവ്യയനെന്നുമെന്മതം

19

ആദിമദ്ധ്യമവസാന മെന്നിവയൊഴിഞ്ഞത-
തായമിതവീര്യമൊ-
ത്തംശുമാലി ശശി നേത്രമായവധിയററ
കൈകളിനലുന്നതായ്
ദീപ്തമാകിയ ഹുതാശവക്ത്രനിര യാന്ന
നിൻ പ്രചുരഓസ്സിനാൽ
വിശ്വമൊക്കെയു മെരിപ്പതാം ഭവദമേയ-
രൂപമിഹ കാൺമു ഞാൻ.

20

ആകാശ ഭൂദശ മതിന്നിടയ്ക്കായ്
കാണപ്പെട്ടും ദിക്കുകളൊക്കെ യങ്ങയാൽ
നിറഞ്ഞിരിപ്പു ഭവദുഗ്രരൂപം
കണ്ടമ്പരക്കുന്നിതു മൂന്നു ലോകവും

21

ദേവക്കൂട്ടമിതാ ഭവാനിലഭയം പ്രാപിപ്പു
കൈക്കൂപ്പി നിൻ-
ഭാവത്തിൽ പുരുഭീതിയാൻ ബഹുധാ
വാഴ്ത്തുന്നു നിന്നെച്ചിലർ
ക്ഷേമാശംസയൊടും മുനിപ്രകരവും സിദ്ധൌഘ-
ഘലവും പുഷ്കല-
ശ്രീകോലും വിവിധങ്ങളാം സ്തുതികളാൽ
നിന്നെപ്പുകഴ്ത്തുന്നിതേ.

22

ഗന്ധർവ്വയക്ഷാസുര സിദ്ധ ദേവതാ-
സംഘങ്ങളാദിത്യ വസുക്കൾ സാദ്ധ്യരും
രുദ്രാശ്വിവിശ്വമരുത് പിതൃക്കളും
ആശ്ചര്യമാർന്നങ്ങയെ നോക്കി നില്പിതു.

23

അനവധി മുഖനേത്രം പാണിപാദം തുടക്കാ-
മ്പനവധിവയർവീരപ്പല്ലുമാർന്നുത്രഘോരം
തിരുവടിവിതു കണ്ടീലോകമെല്ലാം നടുങ്ങു-
ന്നിതു പുരു ഭയപൂർവ്വം ഞാനുമവ്വണ്ണമത്രെ.

24

കത്തും കാന്തി കലർന്നനേക നിറമാർന്നാകാ-
ശ വീഥിക്കുമേ-
ലെത്തീടുംപടി വായ്പിളർന്നു മിഴിയാൽ
തീക്കട്ട പാറിപ്പരം
മെത്തും ഭീതിദമായിടുന്ന ഭവദീയാകാര-
മീക്ഷിച്ചെനി-
യ്ക്കേൽക്കുന്നില്ലിഹ ധൈര്യവും സഹനവും ചേ-
തസ്സിൽ വിഷ്ണോ വിഭോ.

25

ദംഷ്ട്രാകരാളങ്ങൾ ഭവന്മുഖങ്ങൾ
കല്പാന്തകാലാനല സന്നിഭങ്ങൾ
ദർശിച്ചു ഞാൻ ദിക്കറിവീല സൗഖ്യം
കൊൾവീല ദേവേശ, തെളിഞ്ഞിടേണം.

26

ഇക്കാണുന്നൊരു ധാർത്തരാഷ്ട്രർ, മറ്റുപോൽ
ഭൂപാല സംഘങ്ങളും,
ഭീഷ്മദ്രോണരൊടൊത്തു സൂതസുതനും,
സേനാസമൂഹങ്ങളും,
എന്നല്ലെങ്ങടെ യോധമുഖ്യരുമഹൊ; തിങ്ങി
ത്തിരക്കാന്നു നിൻ-
ദംഷ്ട്രാഭീകരവക്ത്രമണ്ഡല ഗുഹയ്ക്കുള്ളിൽ
പ്രവേശിപ്പിതേ

**27**

അവരിൽ ചിലരങ്ങടെ
വീരദന്താന്തരങ്ങളിൽ
പെട്ടുകാണുന്നു ശീർഷങ്ങൾ
പൊട്ടിച്ചിതറിയങ്ങനെ ;

28

നദികൾ പലവഴിക്കായുക്കൊട്ടം പാഞ്ഞുനേരി-
ട്ടുദധിയിലുടനോടിച്ചെന്നു ചേരുന്ന പോലെ
സകല മനുജ വീരന്മാരുമീയുജ്ജ്വലത്താം,
തവവദന സമൂഹത്തിങ്കലെത്തുന്നു ചിത്രം !

---

27-ാം ശ്ലോകത്തിന്റെ പൂർവ്വാർദ്ധം 26-ാം ശ്ലോകത്തോടു ചേർത്ത-
ന്വയിച്ച് വിവർത്തനം ചെയ്തിരിക്കയാണ്. ഉത്തരാർദ്ധം മാത്രമെ
27 ാം ശ്ലോകത്തിലുൾക്കൊള്ളിച്ചിട്ടുള്ളൂ.

29

കത്തുന്ന തീയ്യിൽ ശലഭങ്ങൾ വേഗം
പറന്നു നാശത്തിനണഞ്ഞിടും പോൽ
ലോകങ്ങളെല്ലാമതി ശീഘ്രമങ്ങേ-
വക്ത്രങ്ങളിൽ പുക്കു നശിച്ചിടുന്നു.

30

കത്തീടും ഭവദീയ വക്ത്രനിരയാൽ ചുററാ-
കെയെത്തിപ്പിടി-
ച്ചീലോകത്തിനെ നക്കി നക്കിയുടനപ്പാടെ
വിഴുങ്ങുന്നു നീ;
വിശ്വത്തെക്കുടുമീപ്പ്രി ചേത്തു നിതരാം
പൂരിച്ചെഴും നിൻെറയാ-
തേജസ്സംഹതി നീററിടുന്നിതതിനെ പ്പാരം
പരാത്മൻ വിഭൊ,

31

ഘോരദേവശ, നമിച്ചു നില്ക്കുമിവനിൽ
കാരുണ്യമാൎന്നോതണെ,
ഘോരാകാര മിയന്നെഴുന്നൊരു ഭവാ-
നാരെന്നതിൻ വാസ്തവം
നേരായാദിമനാം ഭവാനെ യറിവാ-
നിച്ഛിപ്പു ഞാ നേറ്റുമേ
ബോധിപ്പീല ഭവാൻെറ കൃത്യ മെതുമ-
ട്ടെന്നുള്ളതും മൽപ്രഭൊ.

ഭഗവാൻ:- 32

ഞാനത്രെ നിഖിലപ്രണാശനകരൻ കാലൻ
മഹാ നെൻെറ യീ-
സംരംഭം ഭുവനോപസംഹരണമാണെന്നും
ധരിച്ചീട്ട നീ,
നീയില്ലെങ്കിലുമിങ്ങെതിർത്തു നില കൊണ്ടീ-
ട്ടുന്ന യോധാക്കളിൽ
ജീവിക്കുന്നവരായ്‌വരില്ലൊരുവരും സന്ദേഹ-
മില്ലേതുമേ.

33

അക്കാര്യ്യം കരുതിക്കരുത്തൊട്ടമെണീററി-
ക്കണ്ട ശത്രുക്കളെ-
ത്തോല്പിച്ചുത്തമകീർത്തിയാന്ന വനിതൻ
ഭോഗം ഭുജിച്ചീട്ട നീ,
മുന്നേ താനിവരൊക്കെയും നിഹതരാണെ-
ന്നാലതോർത്തിട്ടയെ
നിന്നീടുന്ന നിമിത്തമാത്രമിഹ നീ ഹെ,
സവ്യസാചിൻ സഖെ.

34

എന്നാലേ ഹതരായ്‌ക്കഴിഞ്ഞ വിരുത-
ന്മാരായ യോദ്ധാക്കളീ-
ഭീഷ്മ, ദ്രോണ, ജയദ്രഥാ,ക്കർണനയ-
ന്മാർ, മററു പോരാളികൾ
എന്നീ വീരരൊടേററു പോരിടുക നീ
കൊന്നീട്ട ശത്രുക്കളെ
ഖിന്നതപം കലരായ്ക്ക തെല്ലും അടരിൽ
ജേതാവു നീ തന്നെയാം.

—

35

സഞ്ജ:—

ശ്രീകേശവന്റെ മൊഴികേട്ടു വിറച്ചുകൊണ്ടു-
കൈകൂപ്പിനിന്നധിക ഭീതിയൊടും കിരീടി
വീണ്ടും നമിച്ചു പ്രണമിച്ചു സഗദ്ഗദം ബോ-
ധിപ്പിച്ചു കൃഷ്ണഭഗവാന്റെ സമക്ഷമേവം.

36

അൎജ്ജു—

സമുചിതമായി ഭൂമൻ നിന്മഹത്വം പുകഴ്ത്തി-
പ്പുരമുലകതി ഹർഷം പൂണ്ടു രഞ്ജിച്ചിടുന്നു
നിശിചരർ ദിശതോറും പേടിപൂണ്ടോടിടുന്നി-
ങ്ങടിയിണ പണിയുന്നു സിദ്ധസംഘങ്ങളെല്ലാം.

37

ദേവാധീശ, ജഗന്നിവാസ, മഹിതാത്മാവേ,
ഭവാനാത്മ ഭൂ-
വിന്നും മൂലപിതാവനന്തനഴിവെത്തീടാത്ത
തത്വം പരം.
സത്തും പിന്നെ യസത്തുമപ്പുറമെത്തുണ്ടെ-
ന്നാലതും സർവ്വവും
നിത്യൻ നീ പുനരെന്തുകൊണ്ടവർ നമി-
ച്ചീടില്ല നിന്നെ പ്രഭോ?

38

നീയാദിദേവൻ പുരുഷൻ പുരാണൻ
നീയിജ്ജഗത്തിന്നു നിധാനമല്ലോ,
വേത്താവു വേദ്യം പരധാമവും നീ
വിശ്വം നിറഞ്ഞുള്ളനന്തരൂപിൻ.

39

കാററും കാലനു മഗ്നിയും വരുണനനും താരേ–
ശനും ബ്രഹ്മനും
നീയത്രെ പ്രപിതാമഹൻ നിഖില ഭൂത–
ങ്ങൾക്കുമെൻ ദൈവമെ,
അങ്ങേക്കായിരമായിരം നതികൾ ഞാനർപ്പിപ്പൂ
വീണ്ടും ഭവത്–
പാദാബ്ജം പ്രണമിച്ചിടുന്നു ഭഗവൻ
വീണ്ടും നമസ്കാരമെ !

40

മുന്നും പിന്നുമഹം നമിപ്പൂ ഭഗവൻ, നീയെത്തു
ദിക്കിങ്കലും
നിന്നീടുന്നതിനാൽ ഭവാനെയിഹ ഞാനെങ്ങും
നമിക്കുന്നിതെ,
ചിന്തിപ്പാനരുതാത്ത വിക്രമമിയന്നത്യന്ത
വീര്യത്തൊടി–
ന്നെല്ലാം നിറവാർന്നിടുന്നയി വിഭൊ, നീ–
തന്നെ സർവ്വാത്മകൻ.

41

ഭവാന്റെ മാഹാത്മ്യമറിഞ്ഞിടാതെയും
പ്രമാദമൊന്നും പ്രണയം നിമിത്തവും
ഹേ കൃഷ്ണ ഹേ യാദവ ഹേ സഖേതി ഞാ–
നരുളുകയായ് സ്നേഹിതനെന്ന ചിന്തയാൽ.

42

വിഹാര ശയ്യാസന ഭോജനങ്ങളിൽ
തനിച്ചുമെന്നല്ല പരക്കു മുന്നിലും
അവമയനാ മങ്ങയെ ഞാൻ വിനോദമോ-
ന്നസത്കരിച്ചേനതു ഹാ! പൊറുക്കണേ!

43

ചരാചരത്തിന്നു പിതാവു നീ താൻ
നീതന്നെ പൂജ്യൻ ഗുരുവും ഗരീയാൻ
സമൻ നിനക്കി ല്ലപരിഷ്കനെങ്ങാം ?
മൂപ്പാരിലും നീ യതുലപ്രഭാവൻ.

44

ഭർത്താ ഭാര്യയി ലച്ഛനാത്മസുതനിൽ തോഴൻ
സഖാവിങ്കല-
മ്മട്ടെന്നിൽ പിഴയും പൊറുത്തു കരുണാരാശെ
തെളിഞ്ഞീടണെ,
എന്നാൽ—അങ്ങി തിനർഹ നീയിതിനെ യാ-
ണാരാധ്യനാ യീശനായ്
മിന്നിടും തവ മുന്നിൽ വീണിഹ നമിച്ചർത്ഥി-
പ്പതും ഞാൻ വിഭൊ,

45

ഹെ ദേവേശ, ജഗന്നിവാസ തെളിവാർന്നീ-
ടേണമേ പണ്ടു ഞാൻ
കണ്ടീടാത്ത ഭവാൻെറ രൂപമിഹ കണ്ടാഹ്ലാദ
മുണ്ടെങ്കിലും
പേടിച്ചാർത്തിയിലാഴ്ന്നിടുന്നു ഹൃദയം തല്ക്കാ-
രണത്താലിനി-
ക്കാണിച്ചീടുക വിശ്വപാലനകരം നിൻ
ദേവരൂപം വിഭൊ,

46

മുൻപോൽ കിരീടം ഗദ ചക്രവും ധരി-
ച്ചിന്നങ്ങയെ ക്കാണ്മതിനാഗ്രഹിപ്പു ഞാൻ
കയ്യായിരം പൂണ്ടൊരു വിശ്വരൂപമെ,
കൈ നാലെഴും രൂപ മിയന്നിടേണമേ.

47

ഭഗവാൻ:-

തേജോമാത്ര മനന്തമാദ്യ മഖിലാണ്ഡത്തി-
ങ്കലും വ്യാപ്തമീ-
രൂപം നിന്നെയൊഴിച്ചു ഞാനിതുവരെക്കാണി-
ച്ചതില്ലാരെയും
നിന്നിൽ പ്രീതി മുഴക്കയാലിവിടെ യീ രൂപം
നിനക്കീവിധം
കാണിച്ചേനതു മാത്മയോഗമതിനാലെന്നും
ധരിച്ചീടു നീ.

48

നീയെന്നിയെയുലകി ലീവിധമെന്റെ രൂപം
കാണുന്നതിന്നു കഴിയുള്ളവനാരുമില്ല.
വേദക്രിയാദ്ധ്യയന ദാന മഖങ്ങൾ കൊണ്ടും
കണ്ടെത്തുവാൻ പണികടുത്ത വ്രതങ്ങളാലും.

49

ഏവം ഭയങ്കര മിതെന്നുടെ വിശ്വരൂപം
കണ്ടമ്പരക്കരുതു മാഴ്കരുതെ കിരീടിൻ,
നിർഭീകനായ് പ്രിയമിയന്നിനി വീണ്ടുമെന്റെ
രൂപം സുസൌമ്യമിതു നീയിഹ കണ്ടുകൊൾക.

50

സഞ്ജ:- ഇത്ഥമോതി നിജ രൂപമമ്മഹാൻ
കാട്ടിയജ്ജുനനു നന്ദനന്ദനൻ,
സ്വാസ്ഥ്യമേകിയവനററ ഭീതിയും
നീക്കിനിന്നു പുനസ്സൌമ്യ രൂപനായ്.

51

അജ്ജു:- നിൻെറ യീ മാനുഷം സൌമ്യ-
രൂപം കണ്ടു ജനാർദ്ദന
ശാന്താത്മാവായി ഞാൻ,-ഞാനായ്-
തീൎന്നിപ്പൊഴുതെൻ പ്രഭൊ

52

ഭഗവാൻ.-
കാണ്മാനരിയതാ മെൻെറ
രൂപം കണ്ടിന്നു നീ സഖെ;
ദേവന്മാർ പോലുമീ രൂപം
കാണ്മാനിച്ഛിപ്പു നിത്യവും.

53

നീ കണ്ട മട്ടിലീയെന്നെ-
ക്കാണ്മാൻ വേദം പഠിക്കിലും
തപോ ദാനേജ്യയാന്നാലും
ശക്യമല്ല ധനഞ്ജയ,

54

ദൃഢമാകിയ ഭക്തിയൊന്നിനാ-
ലിതുമട്ടെന്നെ നിരീക്ഷ ചെയ്തിടാം
പരമാത്ഥത്തിലറിഞ്ഞിടാ മത-
ല്ലണയാനും തരമാകു മെന്നിലായ്.

54

എന്നിൽക്കർമ്മമണച്ചു മൽപ്രഗതി ഞാനെ-
ന്നോൎത്തു മീ യെന്നിലേ-
ക്കന്നും ഭക്തി വഹിച്ചുമിങ്ങു വിഷയ വ്യാ-
സക്തിയെല്ലാതെയും
ഭൂതൌഘങ്ങളിലൊന്നിലും ചെറുതുമേ വൈരം
നിനയ്ക്കാതെയും
വാഴുന്നോനെവനാണവൻ സുഖമണഞ്ഞീ-
ട്ടുന്നിതെന്നിൽ സഖേ.

പതിനൊന്നാം അദ്ധ്യായം കഴിഞ്ഞു.

---

## അദ്ധ്യായം XII

### ഭക്തിയോഗം

അൎജ്ജു—

ഈമട്ടു ഭക്തർ ചിലർ സന്തതയുക്തരായി-
ട്ടങ്ങെബ് ഭജിപ്പു ചിലരോ പുനരക്ഷരാഖ്യം
അവ്യക്ത തത്വമതു താനുപസേവചെയ്‌വു
ചൊന്നാലു മീയിവരിലേവർ വിശിഷ്ടരാവൂ ?

ഭഗവാൻ:— 2

ആരെന്നിൽ മാനസമനാരത മൂന്നി യോഗം
നേരെ വഹിപ്പതതി തല്പരരായ് കിരീടിൻ,
ആ ഭക്തരാണറിക യോഗികളിൽ പ്രധാന-
ന്മാരെന്നു ഞാൻ കരുതിടുന്നതു പാണ്ഡു, സൂനൊ,

3

അവ്യക്തമാ യഖിലഗാമിയ ചിന്ത്യമിന്ന-
മട്ടെന്നുരപ്പതി നശക്യ മിളക്കമെന്യെ
മാററം പെടാതെഴുമൊരക്ഷരമായ തത്വം
താനെന്നറിഞ്ഞഖില ഭൂത ഹിതാർത്ഥരായി,-

4

എല്ലാററിലും സമ വിചാരമൊടിന്ദ്രിയങ്ങ-
ളെല്ലാമടക്കി യുപസേവനമേവർ ചെയ്‌വൂ,
ആ സാധുശീലരവരെന്നുടെ ഭക്തരെന്നിൽ-
ത്താനെത്തിടുന്നു നിയതം നൃപവീര മെല്ലെ.

(യുഗ്മകം)

5

നിർഗ്ഗുണോപാസനം പാക്കിൽ
പരം ക്ലേശാവഹം സഖേ,
പണിപ്പെട്ടാവഴിക്കലും
ഗതി സാധിപ്പു ദേഹികൾ.

6

കർമ്മമൊക്കെയുമെന്നിൽ ചേ-
ത്തന്നിൽ സുസ്ഥിരരായ് പരം
അനന്യനിഷ്ഠയോഗത്താ-
ലവരെന്നെ ബ്ഭജിക്കുമോ,

7

മനമെന്നിൽ സമർപ്പിച്ചു
വാഴുമാ ഭക്തരെ ദ്രുതം
മൃത്യുരൂപഭവാംഭോധി-
ക്കുള്ളിൽ നിന്നുദ്ധരിപ്പൂ ഞാൻ. (യുഗ്മകം)

8

മനസ്സെന്നിൽ സമർപ്പിക്കു
ബുദ്ധിയും വയ്ക്കുകെന്നിലായ്
എങ്കിൽ വാഴാം നിനക്കെന്നിൽ-
ത്തന്നെ മേലാലസംശയം.

9

മന മെന്നിലുറപ്പിപ്പാൻ
കഴിവില്ലെന്നിരിക്കിൽ നീ
അഭ്യാസയോഗമാർന്നെന്നി-
ലെത്താൻ യത്നിച്ചുകൊള്ളുക.

10

അഭ്യാസയോഗ മതിനില്ല പടുത്വമെങ്കി-
ലെൻ കർമ്മതല്പരതയാർന്നു വസിച്ചിടേണം
എന്നിഷ്ടമായഖിലകർമ്മവുമാചരിക്കി-
ലെത്തീടുമിങ്ങരിയ സിദ്ധി നിനക്കു പാർത്ഥ,

11

സാദ്ധ്യമല്ലിതു മെന്നാകിൽ
എന്നിൽ സാസക്തിയാർന്നലം
സർവ്വ കർമ്മ ഫല ത്യാഗം
ചെയ്യേണം യതചിത്തനായ്.

12

അഭ്യാസയോഗത്തിലും പെരുതാത്മബോധം,
ധ്യാനം നിനയ്ക്കിലതിലും പെരുതാണു നൂനം
ധ്യാനത്തിലും പെരുത്തു കർമ്മഫലം ത്യജിക്കൽ
ത്യാഗത്തിൽ നിന്നുമഥ ശാന്തിയുമുത്ഭവിക്കും.

13

ദ്വേഷിച്ചിടാതഖില ജീവിയിലും നിതാന്ത-
സ്നേഹം കലൎന്നു ദയവാൎന്നു മമത്വമെന്ന്യേ
ഞാനെന്ന ഭാവവുമകന്നു സുഖാസുഖങ്ങ-
ളൊപ്പംനിനച്ചു സഹനത്തൊടുമൊത്തു നിത്യം.

14

യോഗം വഹിച്ചു മനമാത്മവിധേയമാക്കി-
സ്സന്തുഷ്ടിപൂണ്ടു ദൃഢനിശ്ചയമാൎന്നു മെന്നിൽ
തൻ ബുദ്ധിയും മനവുമൎപ്പിതമാക്കിയേവൻ
മേവുന്നു മത്പ്രിയനവൻ മമ ഭക്തനല്ലോ
(യുഗ്മകം)

15

തന്നിൽ നിന്നൊരു ദുഃഖവും ഭുവനത്തി-
നെങ്ങുമെഴാതെയും
തന്നിലാവിധ ദുഃഖമേതു മതിങ്കൽ
നിന്നു വരാതെയും
ഹൎഷരോഷഭയം വിഷാദവുമെന്നി
സുസ്ഥിര ബുദ്ധിയായ്
വാണിടുന്നവനാം നിനയ്ക്കിലുത്തമൻ
മമ ഭക്തനാം.

16

ആശാപാശമകററി വാക്കുമനവും കായത്തെയും
ശുദ്ധിചെ-
യ്തതിനും സുസമൎത്ഥ നെങ്കിലു മുദാസീന-
ത്വമാൎന്നങ്ങിനെ,
ചിത്തത്തിന്നൊരുപോതിലും വ്യഥയുളിപ്പിക്കാ-
തെയും കാമ്യമാം
കൎമ്മാരംഭവു മൊക്കെ വിട്ടിരുവോൻ ഭക്തൻ
പരം മത്പ്രിയൻ.

17

ഹർഷവും ദ്വേഷവും പിന്നെ-
ശ്ശോകവും കാംക്ഷയെന്നതും
നന്മ തിന്മകളും ത്യക്താ-
ത്മവാം ഭക്തനെൻപ്രിയൻ,

18

ശത്രു മിത്ര മപമാന മാനവും
ദുഃഖ സൌഖ്യമഥശീത മുഷ്ണവും
നിന്ദയും സ്തുതിയുമൊക്കെ യൊപ്പമായ്
കണ്ടുമെതിലു മസക്തിയാൻമെ

19

ഏതുകൊണ്ടു മതുതുഷ്ടി പൂണ്ടു സ-
ങ്കേതമൊന്നു മിയലാതെ മൌനിയായ്
മാററമററ മതിയുററ ഭക്തിമാ-
നായിരിപ്പവനെനിക്കു സുപ്രിയൻ.

(യുഗ്മകം)

20

ധർമ്മാനുസാരമമൃതാണിതു ഞാൻ പറഞ്ഞ-
പോലേവരാണിഹ ധരിച്ചു ഭജിച്ചിടുന്നോർ
വിശ്വാസഭക്തി പരമാദര മെന്നിതെല്ലാ-
മുൾക്കൊള്ളുമായവരിനിക്കധികം പ്രിയന്മാർ.

പന്ത്രണ്ടാം അദ്ധ്യായം കഴിഞ്ഞു.

# അദ്ധ്യായം XIII

## ക്ഷേത്രക്ഷേത്രജ്ഞയോഗം

അർജ്ജു:-

പ്രകൃതി, പുരുഷൻ, ക്ഷേത്രം
ക്ഷേത്രജ്ഞൻ, ജ്ഞാനവും തഥാ.
ജ്ഞേയവും ഞാനറിഞ്ഞീടാ-
നിച്ഛിച്ചീടുന്നു കേശവ,

2

ഭഗവാൻ:-

ഗാത്രം താൻ ക്ഷേത്രമെന്നത്രെ
ബുധരോതുന്നു ഭാരത,
ഈ തത്വമറിയും ജീവൻ
ക്ഷേത്രജ്ഞൻ തന്നെ യോർക്കെടൊ

3

സർവ്വ ക്ഷേത്രത്തിലും മേവും
ക്ഷേത്രജ്ഞൻ ഞാൻ നിനയ്ക്ക നീ,
ക്ഷേത്രക്ഷേത്രജ്ഞർ തൻ ജ്ഞാനം
സാക്ഷാദ് ജ്ഞാന മിതെൻ മതം.

4

ക്ഷേത്രമെന്തു വിധത്തിലെങ്ങു നി-
ന്നുത്ഭവിച്ചു, വികാരമെന്തുവാൻ ?
ക്ഷേത്രിയാരവനെഴും പ്രഭാവമെ-
ന്തെന്നതൊക്കെ യരുളാം ചുരുക്കി ഞാൻ.

5

ഋഷികൾ ബഹുവിധത്തിൽ കീൎത്തനം ചെയ്തു. നാനാ-
ശ്രുതികളുമിതിനെത്താൻ വ്യക്തമായ് വിസ്തരിച്ചു
പുനരിതു പുരുയുക്തിക്കൊത്തതാം ബ്രഹ്മസൂത്രോ-
ക്തികളിലു മതി മാത്രം നിശ്ചിതം തത്വമത്രേ.

6

മഹാഭൂതങ്ങളവ്യക്തം
ബുദ്ധി പിന്നെയഹം കൃതി,
മനമൊത്തിന്ദ്രിയം പാൎക്കിൽ
പതിനൊന്നെണ്ണമങ്ങനെ.

7

അഞ്ചെണ്ണമിന്ദ്രിയാൎത്ഥങ്ങ-
ളിച്ഛയും ദ്വേഷവും തഥാ
സുഖവും ദുഃഖവും പിന്നെ
ധൈൎയ്യം ചൈതന്യമെന്നതും

ഒന്നുചേൎന്നുള്ളതേ ക്ഷേത്രം
വികാരാധീനമോൎക്ക നീ;
ഏവം ചുരുക്കമായ് ചൊന്നേൻ.
നിനക്കായ് കുരു നന്ദന, (വിശേഷകം)

8

വിനയം ദംഭരാഹിത്യം
ഗുരു സേവന മാൎജ്ജവം
അഹിംസാ ശാന്തിയും ശൗച-
മാത്മ നിഗ്രഹ മെന്നതും.

---

7-ാം ശ്ലോകത്തിന്റെ വിവൎത്തനം രണ്ടു് അനുഷ്ടുപ്പ്. വൃത്തത്തിലായി നിൎവഹിച്ചിരിക്കുന്നു.

9

അഹന്താസ്പർശമില്ലായ്മ,
വൈരാഗ്യം വിഷയങ്ങളിൽ
ജന്മമൃത്യു ജരാ വ്യാധി-
ദുഃഖ ദോഷ വിമർശനം.

10

പുത്ര ദാര ഗൃഹം തൊട്ടു-
ള്ളവയിൽ ബന്ധ ഹാനിയും
അനഹങ്കാരവും പിന്നെ-
യിഷ്ടാ നിഷ്ട ഫലങ്ങളിൽ.

11

അനന്യ യോഗമാർന്നെന്നി-
ലത്യന്താ സ്ഥിര ഭക്തിയും
ജന സംസത്തിൽ വൈരാഗ്യം
നിർജ്ജന സ്ഥലവാസവും.

12

ബ്രഹ്മജ്ഞാന പ്രയത്നം തൽ-
തത്വ ജ്ഞാനാർത്ഥ വീക്ഷണം
ഇതെല്ലാമെന്നതൊക്കെയും ജ്ഞാനം
അജ്ഞാനം മററശേഷവും. (കുളകം)

13

അറിഞ്ഞിടേണ്ടുള്ളതേതാണതോതാം
അറിഞ്ഞിതെന്നാ ലമൃതാസ്വദിക്കാം
അതോ-പരബ്രഹ്മ മനാദി, സത്ത-
ല്ലസത്തുമല്ലെന്നതു സുപ്രസിദ്ധം.

14

എങ്ങുമെ പാണിപാദങ്ങൾ
ശിരോനേത്ര മുഖങ്ങളും
ശ്രവണങ്ങളുമായ് ലോകം
വ്യാപിച്ചായതു നില്പയാം.

15

ഒന്നും തനിക്കിന്ദ്രിയമില്ലയെങ്കിലും
സർവ്വേന്ദ്രിയത്തിൻ ഗുണ ശോഭിയാണു താൻ,
അസക്തനെന്നാലു മശേഷ ഭൃത്താം
ഗുണാനുഭോക്താ ഗുണഹീനനെങ്കിലും

16

"സൂക്ഷ്മാധിക്യമിയന്നകൊണ്ടിതറി-
വാനാകാത്തതായ് നില്പതാം
ദൂരത്തിൽ സ്ഥിതി ചെയ്യുതാം പുന-
രടുത്തെങ്ങും വിളങ്ങുന്നതാം
ഭൂതങ്ങൾക്കു പുറത്തുമുള്ളിലുമൊരേ-
മട്ടിൽ പ്രകാശിപ്പതാം
നേരാക്കിൽ ചരമെങ്കിലെന്തിതചരം
താനെന്നുമോതാവതാം.

17

വിഭക്തമല്ലായതു ഭൂതരാശിയിൽ
വിഭക്തമെന്നോണമമർന്നിരിപ്പതാം,
അതാണറിഞ്ഞീടുക, ഭൂതസംഭവ-
സ്ഥിതിപ്രണാശങ്ങൾ നടത്തിടുന്നതും".

(യുഗ്മകം)

18

ജ്യോതിസ്സുകൾക്കൊക്കെ വിഭാസ്സിതമത്രേ
തമസ്സിന്നങ്ങപ്പുറമാവസിപ്പതും
ജ്ഞാനത്തിനാൽ ഗമ്യമിതാണു ബോധ-
ജ്ഞേയങ്ങളും സർവ്വഹൃദിസ്ഥമായതും.

19

ക്ഷേത്രം ജ്ഞാനം തഥാ ജ്ഞേയ-
മേവം ചൊന്നേൻ ചുരുക്കി ഞാൻ
മത്ഭക്തനിതറിഞ്ഞെന്റെ
ഭാവത്തിന്നർഹനായ് വരും.

20

പുരുഷൻ പ്രകൃതിയീരണ്ടും
അനാദികളറിഞ്ഞു കൊൾ
പ്രകൃത്യുദ്ഭൂതമത്രേ കേൾ
വികാരങ്ങൾ ഗുണങ്ങളും.

21

കാര്യ്യകാരണ കർത്തൃത്വ-
ഹേതു വിമ്മായതാണെടോ.
സുഖദുഃഖാനുഭോഗത്തിൻ
ഹേതുവോ പുരുഷൻ സഖേ;

22

പ്രകൃതിയിൽ നിലകൊണ്ടീടുന്നൊരീ-
പ്പുരുഷൻ താൻ
പ്രകൃതിയതിലുദിച്ചീടും ഗുണൌഘം
ഭുജിപ്പൂ
ഗുണ സഹിതതയത്രേ കാരണം
പൂരുഷന്നീ-
യനവധി സദസത്താം ജന്മഭേ-
ദത്തിനെല്ലാം,

23

പുരുഷൻ പരനിദ്ദേഹേ
കൎത്താ ഭോക്താ മഹേശ്വരൻ
പരമാത്മാ f ന്നുദശിപ്പോ-
നനുചിന്തകനാം സഖെ.

24

ഈ മട്ടിലായ് പ്രകൃതിപൂരുഷരെഗ്ഗുണങ്ങ-
ളോടൊത്തറിഞ്ഞിടുമൊരാ മനുജൻ നിതാന്തം
ഏതേതുവൃത്തികൾ വരിച്ചു വസിയ്ക്കുയാമെ-
ന്നാലും വരില്ല ജനി വീണ്ടുമവന്നു നൂനം.

25

ധ്യാനത്താൽ തന്നിലാത്മാവെ-
ത്തന്നാൽ കാണുന്നിതേ ചിലർ,
കൎമ്മയോഗത്തിനാലന്യ,
രന്യർ സാംഖ്യത്തിനാലുമേ.

26

ഈ മാൎഗ്ഗമേതുമറിയാതെ വസിയ്ക്കുമന്യ-
രന്യോപദേശമതു കേട്ടു ഭജിക്കയാവാം
അക്കൂട്ടരാം ശ്രുതിപരായണരും ഗമിപ്പു
സംസാര സാഗരപരാന്ത മനന്തരായം.

27

ചരാചരങ്ങൾ ഭൂതങ്ങ-
ളേതേതുണ്ടായ് വരുന്നതും
ക്ഷേത്ര ക്ഷേത്രജ്ഞ സംയോഗ-
നിമിത്തമറികൎജ്ജുന,

28

എല്ലാററിലും തുല്യമമന്നിടുന്നോ-
നെല്ലാം നശിച്ചാലു മഴിഞ്ഞിടാത്തോൻ
മഹേശ്വരൻ താനിതുകണ്ടു മേവു-
മപ്പുരുഷൻ താനിഹ കണ്ടിടുന്നോൻ

29

എല്ലായിടത്തുമൊരുപോലെ മഹേശനാക-
മാത്മാ വസിപ്പതു നിജാത്മനി കണ്ടിരിപ്പോൻ,
വെല്ലാമയെ, നരകിയായി നശിച്ചിടാതി-
പ്രാപഞ്ചികസ്ഥിതിയിൽ നിന്നുമുയന്നിടുന്നു.

30

കമ്മങ്ങളൊക്കെ നിറവേററി വസിപ്പു മായാ,
കമ്മങ്ങളേതുമിയലാതെയിരിപ്പതാത്മാ
എന്നീവിധത്തിലറിയുന്നൊരു ഭക്തനത്രെ
സാക്ഷാൽ പരംപൊരുള്ളു കണ്ടറിവാന്നിടുന്നോൻ

31

ഭൂതങ്ങൾ വെവ്വേറെയുദിപ്പതും തൽ-
പ്രലച്ചയെന്നല്ല ലയിപ്പതും കേൾ
ഒന്നിങ്കൽ നിന്നെന്നറിയുമ്പൊഴത്രേ
പരങ്കലെത്താൻ തരമായിടുന്നു.

32

അനാദിയായ് നിർ ഗുണനായിരിക്കയാൽ
വ്യയം പെടാതപ്പരമാത്മ് ദൈവതം
ദേഹങ്ങൾ തോറും വിലസുന്നുവെങ്കിലും
കമ്മങ്ങൾ ചെയ്യീലവനില്ലപററലും.

33

എങ്ങും വിളങ്ങുന്നിതു സൂക്ഷ്മമാം നഭ-
സ്സെന്നാലിതിൽ പററുകയില്ലയൊന്നുമെ.
ആത്മാവുമമ്മട്ടു വസിപ്പതാകയാൽ
ദേഹാദിസംബന്ധമുദിക്കയില്ലതിൽ.

34

രവിയേകൻ ജഗത്തെല്ലാം
തെളിച്ചീടുന്ന രീതിയിൽ
ക്ഷേത്രിതാൻ ക്ഷേത്രമെപ്പേരും
വിളക്കുന്നിതു ഭാരത,

35

ക്ഷേത്ര ക്ഷേത്രജ്ഞർ തൻ ഭേദം
മായാബന്ധ വിമോക്ഷവും
ഈവിധം ജ്ഞാനനേത്രത്താ-
ലറിവോൻ പോം പരമ്പദം.

പതിമൂന്നാം അദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം XIV

### ഗുണത്രയവിഭാഗയോഗം

യാതൊന്നറിഞ്ഞു ഭവബന്ധമൊഴിഞ്ഞു മോക്ഷം
പ്രാപിച്ചു മാമുനികളൊക്കെയുമെൻ സുഹൃത്തെ,
ആ ശ്രേഷ്ഠമേറു മറിവിന്നറിവായ തത്ത്വം
ഓതാം നിനക്കറിവിനായിഹ വീണ്ടുമീ ഞാൻ

2

അറിവിതു പരിശീലിച്ചെൻെറ സാധർമ്മ്യമാർന്നു -
ള്ളവർ ജനനമരണഞ്ഞീടില്ല സൃഷ്ടിയിലപ്പോൾ,
പ്രളയസമയമെത്തീട്ടമ്പൊഴും ചെററുപോലും
വ്യഥയുമനുഭവിച്ചീടില്ലതിന്നില്ല വാദം.

3

എങ്ങും നിറഞ്ഞമരുമെന്നുടെ മായതന്നെ
യെല്ലാററിനും ജനനഭൂമി, യതിങ്കലീ ഞാൻ
പാകുന്നു ബീജനിര, യായതിൽ നിന്നുളിപ്പൂ
ഭൂതൌഘമൊക്കെയുമയെ, കുരുവീരമൌലെ.

4

ഉള്ളതി ഭൂമികളിലൊക്കെയു മുത്ഭവിക്കു-
മമ്മൂർത്തികൾക്കഖിലവും പുരുസൂതിപാത്രം
പാർത്തീടുകിൽ പ്രകൃതിയെന്നതറിഞ്ഞുകൊൾക,
ഞാൻ വിത്തു വയ്ക്കുകളിടുന്ന പിതാവുമത്രെ.

5

സത്വം രജസ്തമസ്സെന്നീ-
മൂന്നു മായാഗുണങ്ങൾ താൻ,
നാശമേശാത്ത ദേഹിക്കി-
ദ്ദേഹബന്ധം ചമപ്പിതെ.

6

ഇവയിൽ, ശുദ്ധിയാൽ ഭാസ്സാ-
ർന്നീടും സത്വം നിരാമയം,
സുഖവും ജ്ഞാനവും തോററി
ബന്ധിക്കുന്നിതു ദേഹിയെ

7

ആശാബന്ധത്തിൽ നിന്നുണ്ടാം
ആശാരൂപം രജോഗുണം
അതു ദേഹിയെ ബന്ധിപ്പൂ
കർമ്മത്തിൻ ചേർച്ചയാലലം.

8

തമസ്സജ്ഞാനജമാണു ദേഹി-
വ്രജത്തെ വല്ലാതെ മയക്കീടുന്നതാം
പ്രമാദമാലസ്യമുറക്കമെന്നീ-
വഴിക്കുബന്ധം പുലരിപ്പതെപ്പൊഴും.

9

സുഖത്തിൽ വാഴിപ്പതു സത്വമത്രേ
ദുഃഖത്തിലെത്തിപ്പതു രാജസം താൻ
ജ്ഞാനത്തെ മൂടീട്ടഥ തെറ്റിലെത്തി-
ച്ചീടുന്ന തത്താമസമെന്നറിയ്ക്കു.

10

സത്വം ചിലപ്പോളപരങ്ങളാകും
ഗുണങ്ങളെത്താഴ്ത്തിയുയർന്നു നില്ക്കും
രജസ്സുമപ്പോലെ തമസ്സുമേ മ-
റ്റവറ്റയെക്കാൾ പ്രബലീഭവിക്കാം.

11

ദേഹത്തിലുള്ളിന്ദ്രിയ വാതിൽ തോറും
ജ്ഞാനപ്രകാശം പുലരുമ്പോഴെല്ലാം
വർദ്ധിക്കയായ് സാത്വിക ഭാവമെന്നി-
ങ്ങറിഞ്ഞുകൊണ്ടാലു മഃമാംലബ്ധ്യലൊ,

12

ലോഭം പ്രവൃത്തിയും കർമ്മാ-
രംഭ മാഗ്രഹ,മക്ഷമ
ഇവയെല്ലാ മുദിച്ചീടും
രജോഭാവ സമൃദ്ധിയിൽ.

13

വെളിവില്ലായ്മ, നന്മയ്ക്കാ-
യൊന്നും ചെയ്യാതിരിക്കുക,
പ്രമാദം മോഹവും പാരം
തമോവൃദ്ധിയിൽ വന്നിടും.

14

സത്വം വർദ്ധിച്ചിരിക്കുമ്പോൾ
മൃത്യുവെത്തുന്ന മർത്ത്യന്
ഉത്തമജ്ഞാനികൾ മേവും
ശുദ്ധലോകത്തിലാർന്നിടാം.

15

സകാമരാം കർമ്മികൾ തൻ കുലത്തിൽ
ജനിച്ചിടും രാജസരന്തരിച്ചാൽ
തമസ്സിലപ്പോലെ മരിച്ചിടുന്നോർ
ജനിപ്പതോ,—മൂഢകുലങ്ങളിൽ താൻ.

16

പുണ്യകർമ്മഫലം ശുദ്ധം—
സാത്വികം സുഖമാണെടൊ,
തമസ്സിൻ ഫലമജ്ഞാനം
രജസ്സിന്റേതു ദുഃഖവും.

17

ജ്ഞാനം സത്വ സമുദ്ഭൂതം
ലോഭം രാജസമാണെടൊ,
പ്രമാദമോഹാജ്ഞാനങ്ങൾ
തമോദ്ഭൂതങ്ങളജ്ജുന.

18

മോക്ഷത്തിലെത്തുവതു സത്വ ഗുണസ്ഥർ മദ്ധ്യ-
വത്തിച്ചിടുന്നതിഹ രാജസർ തന്നെയല്ലൊ,
കീഴ്പ്പെട്ടുപോകവതു താമസർതന്നെ നീച-
വൃത്തിസ്ഥർ — താണഗുണമാന്നവരെന്നുറയ്ക്കൂ.

19

മായാഗുണം മൂന്നിനെയും കവിഞ്ഞു
കത്താവു വേറില്ലിഹ പാക്കിലെങ്ങും.
ആത്മാവിവയ്ക്കുററ മതീതനെന്നും
കണ്ടിങ്ങറിഞ്ഞോൻ മമ ഭാവമേല്പൂ.

20

ദേഹോത്ഭവത്തിനെ വരുത്തിടുമിഗ്ഗുണങ്ങ-
ളെല്ലാംകടന്നു മരുവുന്നൊരു ദേഹി, തൻെറ-
ജന്മം ജരാമരണമെന്നിവയാൽ ഭവിയ്ക്കും
ദുഃഖംവെടിഞ്ഞു ശുഭമാമമൃതം ഭുജിപ്പൂ.

21

അജ്ജു:— ത്രിഗുണാതീതനാം യോഗി-
യ്ക്കെന്തുചിഹ്നമയെപ്രഭൊ ?
ആചാരമെന്തവൻ മായാ-
ഗുണം താണ്ടുവതെങ്ങിനെ ?

ഭഗവാൻ:—

22

ഗുണത്രയത്തിൻ വകയാം പ്രകാശവും
പ്രവൃത്തിയും മോഹവു മേപ്പെട്ടമ്പൊഴും,
വെറുത്തിടുന്നില്ലെവൻ—ആയവററപോ—
മന്നേരവും തെല്ലു കൊതിപ്പതില്ലവൻ.

23

ഗുണങ്ങളാൽ ചഞ്ചലമാർന്നിടാതെയാ—
രിരിപ്പുദാസീനതയാർന്ന പോലവെ,
ഗുണങ്ങൾ തദ്വൃത്തികളാചരിപ്പതിൽ
ഭ്രമിച്ചിടാതാരമരുന്നിതെപ്പൊഴും,

24

ഏവന്നു ദുഃഖ സുഖമൊക്കെയുമൊന്നുപോലെ
ഏവന്നു കൽ,കനക,മൃത്തുകളൊന്നുപോലെ
ഏവന്നു സുപ്രിയ,മൊടപ്രിയമൊന്നുപോലെ
ഏവന്നു നിന്ദ,നുതിയെന്നതു മൊന്നുപോലെ

25

ഏവന്നു മാനമപമാനവു മൊന്നുപോലെ
ഏവന്നു താന്നരി സുഹൃദ്പക്ഷമൊന്നുപോലെ
ആ ധീരനാത്മനിലയാർന്നഖിലം ത്യജിച്ചു—
മേവും മഹായതി, സഖെ, ത്രിഗുണം കടന്നോൻ.

(വിശേഷകം)

26

ദൃഢഭക്തിയൊടെന്നെ നിത്യമാ—
യിഹ സേവിപ്പവനേവനാ,ണവൻ,
ത്രിഗുണങ്ങളെവെന്നുയർന്നു മത്—
പരമാം ബ്രഹ്മ പദത്തിലാഴ്‌വുതെ.

27

ജ്ഞാനത്തിനും വ്യയമൊരിക്കലുമേശിടാത്ത
മോക്ഷത്തിനും നിയതധൎമ്മമതിന്നു മെന്നാൽ,
ഉത്കൃഷ്ടമാമൊരു സുഖത്തിനുമാസ്പദം ഞാ-
നെന്നോൎക്കെടൊ ഭരതവീര യശോംബുരാശെ.

പതിനാലാം അദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം XV

ശ്രീഭഗവാനുവാച

മേൽത്തട്ടിൽ ച്ചുവടാൎന്നു കൊമ്പുകളധോ
ഭാഗത്തു വീശീട്ടതിൽ
പെട്ടീടും നിഗമങ്ങളാമിലകളോടശ്വത്ഥ-
മൊന്നങ്ങിനെ
നില്ക്കുന്നുണ്ടഴിവററതെന്നിതിനെ യോതീ-
ടുന്നു വേദങ്ങളി-
ങ്ങിത്തത്വത്തെയറിഞ്ഞിടുന്നതെവനൊ,
വേദജ്ഞനാണായവൻ.

2

കീഴ്മേലായ് കവരങ്ങളാൎന്നിതുപരം വ്യാ-
പിച്ചു മായാഗുണാ-
ഭോഗത്താൽ വിഷയങ്ങളാം തളിരണി-
ഞ്ഞേററം തഴച്ചൂററമായ് *

* എന്നല്ലീ നരലോകകൎമ്മമനുബന്ധിച്ചിങ്ങ-
വിച്ഛിന്നമായ്
വേരും വൻ വിഴവും പാഃലവഴി ചുഴി-
ഞാത്തുന്നു കീഴ്പ്പെട്ടുമെ.

3

ഇതിന്റെരൂപം സ്ഥിതിയന്ത മാദിയും
ബോധിപ്പതിന്നാൎക്കു മെളുപ്പമല്ല താൻ,
ഈ വേരറച്ചുള്ളരയാൽ മരത്തിനെ-
ക്കടുത്തവൈരാഗ്യ പരശ്വധത്തിനാൽ,

4

മുറിച്ചുപിന്നെത്തിരഃയണഃമവരും
ചെന്നാൽ തിരിച്ചിങ്ങുവരാത്തതാമിടം
കൎമ്മം ജനിച്ചീടിന മൂലധാമമാ-
ണതാ ദ്യനാമപ്പുരുഷങ്കലെത്തണം.

(യുഗ്മകം)

5

ഡംഭം മാനവു മററുപററൽ മുഴവൻ വിട്ടെന്നു-
മാത്മാവിലും-
ക്കാമ്പൎപ്പിച്ചതിൽ നിഷ്ഠയാൎന്നു ചെറുത്തും കാമം
വഹിയ്ക്കാതെയും
സൌഖ്യം ദുഃഖ മിവണ്ണമുള്ള നിഖില ദ്വന്ദ്വ-
ങ്ങളും വിട്ടേഴും
വിജ്ഞന്മാ രഴിവററൊര പ്പദമണഞ്ഞീടുന്നു
നിസ്സംശയം.

6

ചന്ദ്രമസ്സിനൊടു വഹ്നി സൂൎയ്യനും
ദീപ്തിയേതി ലിയലിപ്പതില്ലയൊ,
ഏതിലെത്തുകിൽ വരില്ലയൊ തിരി-
ച്ചായ തെൻെറ പരധാമ മാണെടൊ;

7

ഒരുപൊഴുതു മഴിഞ്ഞീടാത്തതാ മെൻെറയംശം
പരിചിലുയിരതായിത്തീൻ താൻ ജീവലോകെ
പ്രകൃതിയിൽ നിലകൊണ്ടീടും മനഷഷ്ഠമാമി-
ന്ദ്രിയനിരയെ നിതാന്തം കൎഷണം ചെയ്തിടുന്നു.

8

ഒരുദേഹത്തെ വെടിഞ്ഞു ദേഹിമ-
റെറാരുദേഹം സ്വയ മാൎന്നിടുമ്പൊഴും
കരണൌഘത്തെയു മാവഹിപ്പതു-
ണ്ടനിലൻ പൂമണ മെന്ന പോലവെ,

9

ശ്രോത്രവും നേത്രവും ത്വക്കും
നാവും നാസികയും മനം
ഇവയിൽപെട്ടു താൻ ജീവൻ
വിഷയങ്ങളശിപ്പിതെ.

10

ജീവൻ ശരീരത്തിൽ വസിയ്ക്കു ന്നതൊ,
ഗുണങ്ങളോടൊത്തു ഭുജിച്ചിടുന്നതൊ,
ദേഹത്തെ വേറിട്ടു ഗമിപ്പതൊ, തിരി-
ച്ചറിഞ്ഞിടാ, മൂഢർ, അറിഞ്ഞിടും ബുധർ.

11

ആ ജീവനെത്തന്നുടെ യുള്ളിലായ് ത്താൻ
കാണുന്നു യത്നിച്ചമരുന്ന യോഗികൾ,
യത്നിയ്ക്കിലും കാണുകയില്ല, ചിത്ത-
സംശുദ്ധിയേലാത്ത വിമൂഢബുദ്ധികൾ.

12

ജഗത്തശേഷം തെളിയിച്ചു നില്ക്കും
സൂര്യങ്കലെന്നല്ലഥ ചന്ദ്രമസ്സിൽ
ഹുതാശനൻ തന്നിലുമുള്ള തേജ-
സ്സശേഷവും മാമകമാണു പാർത്ഥാ.

13

ഭൂതങ്ങളെബ്ഭൂമിയിലാർന്നു ഞാനെ-
ന്നോജസ്സിനാലെ നില നിർത്തിടുന്നു,
രസാത്മകൻ ഞാൻ വിധുരൂപിയായും
പോററുന്നിതിങ്ങൌഷധി വർഗ്ഗമെല്ലാം.

14

അഗ്നിരൂപത്തിൽ ഞാൻ ജന്തു-
വർഗ്ഗത്തിൻ ദേഹമാർന്നലം
പ്രാണാപാനരുമായന്നം-
പചിപ്പൂ നാലു മാതിരി.

15

സർവ്വാന്തരംഗമതിലാർന്നിടു മെന്നിൽ നിന്നു-
ണ്ടാകുന്നിതോർമ്മയറിവും മറവും കിരീടിൻ,
ആമ്നായവേദ്യനുമട്ടിഹ വേദവിത്തും
വേദാന്തകൃത്തുമയി ഫല്ഗുന, ഞാനെന്നെടോ കേൾ.

16

ക്ഷരാക്ഷര വിഭാഗത്തിൽ
പുരുഷദ്വന്ദ്വമുള്ളതിൽ
ക്ഷരൻ സർവ്വ ജഗദ്രൂപൻ
കൂടസ്ഥൻ തന്നെ യക്ഷരൻ.

17

ക്ഷരാ ക്ഷരന്മാരിലുമുത്തമൻ പുമാ-
നന്യൻ ജയിപ്പൂ പരമാത്മ നാമവാൻ
ലോകത്രയത്തിങ്കലമന്ന സർവ്വവും
ഭരിയ്ക്കുവോ നവ്യയ നീശ്വരൻ സഖെ,

18

ക്ഷരത്തെയെന്നല്ലഹ മക്ഷരത്തെയും
കവിഞ്ഞു താനുത്തമനായിരിക്കയാൽ
ലോകത്തിലും വേദ വചസ്സിലും പരം
പ്രസിദ്ധനാമയൻ പുരുഷോത്തമാഖ്യയാൽ.

19

പുരുഷോത്തമനെന്നി വണ്ണമെന്നെ-
ക്കരുമൂത്ത മതിയൊത്തെവൻ ധരിപ്പൂ
സകലജ്ഞനവൻ ഭജിപ്പൂതെ മാം
അഖിലത്തിങ്കലു മാത്മ ഭാവ യുക്തം.

20

അതിഗുഹ്യ മിതാത്മ ശാസ്ത്രമെന്നാ-
ലരുളപ്പെട്ടിഹ പാർത്ഥ, കേൾക്ക നീ,
ഇതു ബോധിപ്പവനാണു ബുദ്ധിമാ-
നതിമാത്രം ചരിതാർത്ഥനും സഖെ,

പതിനഞ്ചാം അദ്ധ്യായം കഴിഞ്ഞു.

# അദ്ധ്യായം XVI

## ഗുണത്രയവിഭാഗയോഗം

ദാനവും നിഗമ പാഠശീലവും
ആർജ്ജവത്തോട്ട തപസ്സു യജ്ഞവും
സത്വശുദ്ധി, ദമ, മെന്നതും തഥാ-
ജ്ഞാനയോഗമതിൽ നിഷ്ഠ, നിർഭയം.

2

ശാന്തി, ഭൂതദയ, ലോഭഹാനിയ-
ക്രോധവും പുനരഹിംസ മാർദ്ദവം
ലജ്ജ, സത്യവു മപൈശുനം പരം
ത്യാഗബുദ്ധിയു മചഞ്ചലത്വവും

3

അദ്രോഹവും ക്ഷമ യമാനിത ശൌചമാത്മ-
തേജസ്സു ധൈര്യമിവയൊക്കയു മർജ്ജുന, കേൾ
കൈവന്നിടുന്നിതു മഹത്വമിയന്ന ദൈവീ-
സമ്പത്തോടിങ്ങുദിതനായ പുമാന്നു നൂനം.

4

ദംഭവും ദർപ്പവും മാനം
കോപം കാഠിന്യമജ്ഞതാ
ഇവയാസുരിയാം സമ്പ-
ത്തിയന്നോൻ തന്റെ ലക്ഷണം.

5

ദൈവീ സമ്പത്തിനാൽ മോക്ഷം,
ബന്ധമാസുരിയാലുമെ,
വരും, ദൈവികസമ്പത്തിൽ-
ജാതൻ നീ ദുഃഖിയാകൊലാ.

6

ദൈവ മാസുരമിവണ്ണ മിങ്ങു ര-
ണ്ടുണ്ടു സൃഷ്ടികൾ ജഗത്തിലജ്ജുന,
ദൈവസൃഷ്ടി വിവരിച്ചു ചൊല്ലിതേനൻ
കേൾക്കുകാസുര മുരച്ചിടാമിനി.

7

പ്രവൃത്തിയെന്നല്ല നിവൃത്തിയും തിരി-
ച്ചറിഞ്ഞിടി ല്ലാസുര ജന്മ മാൻവർ
സത്യം സദാചാരവു മാത്മശൌചവും
കണ്ടീടുകില്ലായവരിൽ തരിമ്പുമെ.

8

സത്തായുള്ളൊരു ശക്തിയിങ്കലുദയം
ചെയ്തീ ജഗത്തായതിൽ
വത്തിക്കുന്നിതി നീശനുണ്ടിതു നിനച്ചാ-
താത്തൊരമ്മൂഢർ താൻ,
പ്രത്യകം മരുവുന്ന വസ്തു ചിലതിൻ
യോഗത്തിലുണ്ടായിതേ,
സ്ത്രീപുംസ്ത്രാമജ മെന്നപോലെ യുലകം,
മററില്ലയെന്നോതുവോർ

9

ഇമ്മതത്തെ മുറുകെപ്പിടിച്ചോരീ-
യല്പബുദ്ധികൾ ദുഷിച്ചഹൃത്തൊടും
ഘോരകർമ്മരതരായി ലോകശ-
ത്രുക്കളായ് മുടിവിയറ്റിടുന്നിതു

10

പൂർത്തീകരിപ്പതിനെളുപ്പമെഴാത്ത കാമം
കൈക്കൊണ്ടു ദംഭമദമാനമിയന്നുകൊണ്ടും
മോഹം നിമിത്തമശുചിവ്രതരായ് വിവർജ്ജ്യ-
മൊക്കെ ഗ്രഹിച്ചു ഞെളിയുന്നു നരാധമന്മാർ.

11

ദേഹാവസാനംവരെയുൽഗമിയ്ക്കു-
മസാദ്ധ്യചിന്തയ്ക്കു വിധേയരായി,
കാമോപഭോഗപ്രതിപത്തിയാർന്നി-
ങ്ങിത്രയ്ക്കു താൻ സാദ്ധ്യമിതെന്നുറപ്പോർ.

12

അനേകമാശക്കയറാൽ കുടുങ്ങി-
ക്കാമപ്രകോപങ്ങളിലാഴ്ന്നു മുറ്റും
മനോരഥം ഹന്ത നിറയ്ക്കുവാനായ്
വിത്തങ്ങളന്യായമൊടാഗ്രഹിപ്പൂ.

(യുഗ്മകം)

13

ഇന്നിനിക്കിതു ലഭിച്ചു ഞാൻ നിന-
ച്ചുള്ളതൊക്കെയിനിമേൽ വരും ദൃഢം
ഇത്രയുണ്ടിതിനിമേലുമേറെ വ-
ന്നെത്തിടും ധനമിനിയ്ക്കധീനമായ്.

14

ഈ വൈരിയെ കൊന്നു കഴിഞ്ഞു മററു-
ശത്രുക്കളേയും കുല ചെയ്യുമീ ഞാൻ
ഞാനീശ്വരൻ സ്വാദു ഭുജിച്ചിടുന്നോൻ
സിദ്ധൻ ബലിഷ്ഠൻ സുഖിയായതും ഞാൻ.

15

സമ്പന്നനും ഞാൻ തറവാട്ടുകാരനും
ഞാൻതന്നെ, യാരന്യനൊരുത്തനെൻ സമൻ?
യജിച്ചിടും ഞാനിഹ ദാന മേകിടും
മോദിക്ക മെന്നിങ്ങിനെ ചൊല്ലി മൂഢരായ്.

16

ബഹു പ്രകാരത്തിൽ മനസ്സു വിഭ്രമി-
ച്ചജ്ഞാനമാകും വലയിൽ കുടുങ്ങിയും
കാമോപഭോഗ പ്രതരായ് പതിക്കയാ-
ണശുദ്ധിയാളും നരകത്തിലായവർ.

17

ദുശ്ലാഘ്യമാന്റു ധനമാന മദത്തൊടും ദുർ-
മേധസ്സുകൾ സ്വയമതിസ്തുതി ചെയ്തുകൊണ്ടും
വേദത്തിലുള്ള വിധി തെററി യഹങ്കരിച്ചു
പേരിന്നു മാത്ര മവർ ചെയ്‌വു മഖങ്ങൾ മന്നിൽ

18

അഹങ്കാരം ബലം ദർപ്പം
കാമം കോപ മസൂയയും
ആർന്നു നിന്ദിപ്പുതെ യെന്നെ-
ത്തന്നിലന്യരിലും ഖലർ.

19

ക്രൂരത്വവും ദ്വേഷവുമാന്ന് മേവുമാ-
നരാധമന്മാരെ യനാരതം സഖെ,
ക്ഷേപിപ്പു ഞാനാസുര ജന്മ ഭൂക്കളിൽ
സംസാരദുഃഖങ്ങ ളശിച്ചു കൊള്ളുവാൻ

20

ജന്മം തോറും പ്രവേശിച്ചു
മൂഢ രാസുര യോനിയിൽ
എന്നിലെത്താതെ കീഴ്പ്പെട്ടു
കീഴ്പെട്ടങ്ങിനെ പോമെടോ,

21

കാമം കോപം ലോഭമെന്നു
മൂന്നുണ്ടാത്മ വിനാശകം
നരകത്തിൻ വഴിയിമ്മൂന്നും
നീ ജയിയ്ക്കണ മർജ്ജുന,

22

ഇരുളിൻ വാതലിമ്മൂന്നും
വിട്ടകന്ന പുമാനയെ.
ആത്മ ശ്രേയസ്സിനായ് യത്നി-
ച്ചീടിലൊ മോക്ഷമപ്പിതെ.

23

ശാസ്ത്രപദ്ധതി വെടിഞ്ഞു തോന്നിടും
മട്ടിലിങ്ങു വിഹരിപ്പവന്നെടൊ,
സിദ്ധിയില്ല സുഖമില്ല സദ്ഗതി-
യ്ക്കെത്തുകില്ല പഴുതും പരന്തപ,

24

ആകയാൽ ശാസ്ത്രമേ കാര്യാ-
കാര്യ ബോധത്തിന്നാശ്രയം
ശാസ്ത്ര വാക്യാനുസാരം നീ
കർമ്മിക്കാ നർഹനാണെടൊ.

പതിനാറാം അദ്ധ്യായം കഴിഞ്ഞു.

## അദ്ധ്യായം XVII

### ശ്രദ്ധാത്രയവിഭാഗയോഗം

അർജ്ജു:—

ശാസ്ത്രത്തിൻ വിധിയെ വിട്ടും
ശ്രദ്ധാപൂർവ്വം യജിപ്പവൻ
ഗ്രഹിക്കും നിഷ്ഠയേതാകാം
ത്രിഗുണങ്ങളി ലച്യുത, ?

2

ഭഗവാൻ:—

ഉണ്ടാം ത്രിവിധമാ ശ്രദ്ധ-
സ്വഭാവത്താൽ നരക്കയെ
സത്വം രജ, സ്തമ, സ്സെന്നു-
ള്ളവ നീ കേൾക്ക ഫല്ഗുന.

3

സ്വഭാവാനുഗുണം ശ്രദ്ധ-
യുണ്ടാമേവർക്കു മർജ്ജുന,
ശ്രദ്ധാസ്വരൂപി താൻ ജീവൻ
ശ്രദ്ധയേതാ മതാ മവൻ,

4

സത്വസ്ഥർ ദേവാർച്ചനചെയ്‌വു രക്ഷോ
യക്ഷാർച്ചനം രാജസ രാചരിപ്പൂ
പ്രേതങ്ങൾ ഭൂതങ്ങളിവറ്റെ മററു-
ജനങ്ങളാം താമസരും ഭജിപ്പൂ.

5

ദംഭാ ഹങ്കാര മാർന്നോരും
കാമ രാഗ ബലത്തൊടും
വിധിയെന്ന്യ തപസ്സുഗ്ര-
മേലുന്നോർ മൂഢ രർജ്ജുന,

6

ആസുരാത്മകരാം മൂഢർ
കശിപ്പൂ കരണങ്ങളെ
അതുമല്ലന്തരാത്മാവാം
എന്നെയും പീഡ ചെയ്‌വിതെ.

7

ഓരോരുത്തർക്കു മാഹാരം
യജ്ഞം ദാനം തപസ്സുമെ
മൂന്നുമാതിരി താൻ കേട്ടീ-
ട്ടവററിൻ ഭേദമർജ്ജുന,

8

ആയുസ്സം മോജസ്സം ബലം സുഖം ന-
ല്ലാരോഗ്യവും പ്രീതിയു മേകിടുന്നതും
സ്നിഗ്ദ്ധം സ്ഥിരം ഹൃദ്യ മതീവ രസ്യ-
മായുള്ളതും സാത്വിക ഭോജനം സഖെ

9

കട്വമ്ല ലവണാത്യുഷ്ണ-
തീക്ഷ്ണ രൂക്ഷ വിദാഹിയായ്
ദുഃഖ ശോകാമയം നൽകു-
മാഹാരം രാജസപ്രിയം.

10

യാമം കഴിഞ്ഞു രുചിയററു മേറെ നാററം
പൂരിച്ചതും പഴകിയുള്ളതു മെന്നുമല്ല,
ഉച്ഛിഷ്ടവും പുന രശുദ്ധവു മായതല്ലൊ
ഭോജ്യം തമോഗുണമെഴുന്ന ജനത്തിനിഷ്ടം

11

യഷ്ടവ്യ മെന്നതിൽ മനസ്സു പതിച്ചു ശാസ്ത്ര
ദൃഷ്ടം മഖം ചെറുതുമെ ഫലകാംക്ഷ യെന്ന്യെ
ചെയ്യുന്നുവെങ്കിൽ, അതു സാത്വിക യജ്ഞമെന്നു
ചൊല്ലുന്നു, ചൊല്ലെഴു മിളാവരഹീരമെ, കേൾ.

12

ഫലം കാംക്ഷിച്ചുകൊണ്ടും തൻ
വൻപു കാട്ടുന്നതിന്നുമായ്
ചെയ്തിടുന്നതു താനല്ലൊ
യജ്ഞം രാജസ മർജ്ജുന,

13

മന്ത്ര, ദക്ഷിണക, ളന്നദാനമെ-
ന്നുള്ളതൊതു മിയലാതനാദരാൽ,
ശാസ്ത്ര സിദ്ധ വിധിയും വെടിഞ്ഞു ചെ-
യ്യുന്ന യാഗ മതു താമസാഖ്യമാം.

14

ദേവ വിപ്ര ഗുരുനാഥ വിജ്ഞർ തൻ-
പൂജനം, തനുവിശുദ്ധി, ദനമ്മയും
ബ്രഹ്മചര്യ്യവു, മഹിംസയും, ശരീ-
രത്തിനുള്ള വ്രതമെന്നു ചൊൽവതാം.

15

ഉൾതാപ മേവക്കു മിയററിടാത്തതും
സത്യം ഹിതം സുപ്രിയ മാം വചസ്സുമെ
വേദാദിപാഠങ്ങളു മൊക്കെയാണു വാങ്-
മയം തപസ്സെന്നിഹ ചൊൽവതജ്ഞ്ന.

16

മനഃപ്രകാശത്തൊടു മൗന മാത്മ-
നിയന്ത്രണം, സൗമ്യത യെന്നതും തഥാ
വിചാര സംശുദ്ധിയുമാണു ചേതോ-
മയം തപ , ന്നതറിഞ്ഞു കൊൾക നീ.

17

ഇച്ചൊന്ന മൂന്നു വിധമാം തപവും ഫലത്തെ-
യിച്ഛിച്ചിടാ തരിയ നിഷ്ഠയെഴും നരന്മാർ
സുശ്രദ്ധ യാർന്നിഹ നടത്തുകി ലായതത്രേ
സത്വപ്രധാന തപമെന്നു ധരിച്ചുകൊൾക.

18

സൽക്കാരം ബഹുമാന പൂജകൾ മററുള്ള
ന്ന്യങ്കൽ നിന്നും വരാ-
നദ്ദേശിച്ചു മുരുപ്രതാപനിലയുള്ളോ
നെന്നു ഭാവിച്ചുമേ
ചെയ്തീടുന്ന തപസ്സു രാജസ മതാണെന്നാ-
ലറിഞ്ഞീടുകനീ
മുപ്പാരിങ്കലു മില്ലതിന്നു ചെറുതും സ്ഥായി-
ത്വവും സ്ഥാനവും.

19

വിവേകമില്ലാതിഹ മൗഢ്യമാർന്നു തൻ-
ദേഹത്തെയെന്നല്ല മനസ്സിനേയും
ക്ലേശപ്പെടുത്തി പ്പരനാശനത്തിനായ്
ചെയ്യും തപസ്സായതു താമസാഖ്യം.

20

നൽകീടേണ്ടതു ധർമ്മമെന്നു കരുതീട്ടിങ്ങോട്ടു
യാതൊന്നുമേ
നൽകാനാകരുതാത്തവർക്കു മതുപോൽ സദ്-
ദേശ കാലങ്ങളിൽ
സൽപ്പാത്രങ്ങളിലും സമർപ്പിത മെതാണാ-
ദ്ദാനമത്രേ പരം
ശ്ലാഘ്യം സാത്വികമെന്നു പാരിലരുളും ചെയ്തീ-
ടുന്നു വിദ്വജ്ജനം.

21

പ്രത്യുപകാര മിച്ഛിച്ചും
ഫല സിദ്ധി കൊതിച്ചുമെ
മനഃക്ലേശമൊടും ചെയ്യും
ദാനം രാജസ മാണെടൊ !

22

സൽക്കാരങ്ങൾ നടത്തിടാതെ നിയതം
നിന്ദിച്ചു കൊണ്ടേത്രയും
ധിക്കാരത്തോടു ദേശകാല മിവയെ
ച്ചൊറും നിനയ്ക്കാതെയും
പാത്രാപാത്ര വിവേചന സ്ഥിതിയെഴാ-
തേയും നടത്തപ്പെട്ടും
ദാനം താമസ സംജ്ഞമാണിതു ധരി-
ച്ചാലും സഃഖ ! ഫല്ഗുന !

23

"ഓം" "തത്" "സദ്" ഇതി മൂന്നത്രെ
ബ്രഹ്മ നിർദ്ദേശ കാക്ഷരം
ബ്രാഹ്മണ ക്രതു വേദങ്ങ-
ളിതിൽ നിന്നുദിതങ്ങളായ്.

24

അതിനാൽ ബ്രഹ്മജ്ഞരെപ്പോഴും
"ഓം" എന്നാദ്യം ജപിച്ചു താൻ
പ്രവൎത്തിപ്പൂ യജ്ഞദാന-
വ്രതകൎമ്മങ്ങളാദരാൽ.

25

മുമുക്ഷുക്കൾ "തത്" എന്നോതി
ഫലമോക്കാതെ ദാനവും
യജ്ഞവും വ്രതവും നാനാ-
കർമ്മവും ചെയ്തീടുന്നിതെ.

26

ഉണ്മയിങ്കലു മെന്നല്ല
നന്മയിങ്കലു മാവിധം
നല്ല കർമ്മത്തിലും ചൊൽവൂ
സച്ഛബ്ദം പാരിലർജ്ജുന !

27

യജ്ഞത്തിനും ദാന തപസ്സുകൾക്കും
ധർമ്മസ്ഥിതിക്കും പുനരപ്രകാരം
അക്കാര്യ്യ സാദ്ധ്യത്തിനു ചെയ്തീടും നൽ-
ക്കർമ്മത്തിനും "സദ്" പദ മോതിടുന്നിതെ.

28

ശ്രദ്ധ വിട്ടാചരിച്ചീടും
യജ്ഞ ദാന തപസ്സുകൾ
അസത്തെന്നരുൾവൂ സിദ്ധി-
യവയ്ക്കില്ലങ്ങു മിങ്ങുമേ.

പതിനേഴാം അദ്ധ്യായം കഴിഞ്ഞു.

# അദ്ധ്യായം XVIII

## സന്ന്യാസയോഗം

അർജ്ജു:—

സന്ന്യാസം ത്യാഗ മിവ തൻ
തത്വം കേശിനിഷൂദന !
പ്രത്യേകിച്ചറിവാനായി-
ട്ടാഗ്രഹിക്കുന്നു ഞാൻ വിഭോ !

2

ഭഗവാൻ:—

കവികളരുളിടുന്നു കാമ്യ കർമ്മങ്ങ-
ളെല്ലാം
വടിവിൽ വെടിവതത്രെ പാർത്ഥ ! സന്ന്യാ-
സമെന്നായ്
അവരുടെ മതമല്ലോ സർവ്വ കർമ്മ-
ത്തിലും തൽ-
ഫലമൊരു ലവ മാശിയ്ക്കായ്ക്ക താൻ
"ത്യാഗ"മെന്നും.

3

രാഗാദി ദോഷങ്ങളെ യെന്നപോലെ
കർമ്മം ത്യജിപ്പാൻ ചിലരോതിടുന്നു.
യജ്ഞം തപോദാനവു മെന്നു മാരും
ത്യജിച്ചിടായ്ക്കെന്നുമുരപ്പിതന്യർ.

4

ത്യാഗത്തിങ്കലെനിക്കുള്ള
നിശ്ചയം കേൾക്ക ഭാരത !
ത്രിവിധം താനതെന്നല്ലോ
മുന്നേ കീർത്തിച്ചിരിപ്പതും.

5

യജ്ഞ ദാന തപസ്സാകും
കർമ്മ മത്യാജ്യ മാണെടോ !
ഇവ ചിന്തകരായുള്ളോ-
ർക്കന്തഃ സംശുദ്ധി ചേർപ്പിതെ.

6

സംഗം ത്യജിച്ചു ഫലകാംക്ഷയതും വെടിഞ്ഞി-
ക്കർമ്മങ്ങൾ മൂന്നു വകയും കരണീയമെന്നായ്
ചൊല്ലുന്നു ഞാൻ മതമിതെത്രയു മുത്തമം കേ-
ളെന്നല്ല -നിശ്ചിതവു മാണറികർജ്ജുനാ, നീ.

7

അവശ്യം കാര്യമാം കർമ്മം
വെടിയുന്നതയോഗ്യമാം
മോഹത്താലാവിധം ചെയ്കി-
ലത്യാഗം താമസാഭിധം.

8

കായ ക്ലേശ ഭയാൽ കഷ്ട-
പ്പാടെന്നെണ്ണീട്ടു ചെയ്വതാം
കർമ്മത്യാഗം—സഖെ, താമ-
സാഖ്യമായതു നിഷ്ഫലം.

9

വിഹിതം കർമ്മമെന്നപ്പേരും
കാര്യമെന്നോർത്തു ചെയ്യവെ,
പററല്ലം ഫലവും വിട്ടാ-
ല "ത്യാഗം" സാത്വികം സഖെ;

10

മേധാവിയായ് സംശയമററ സത്വ-
വൃത്തിസ്ഥനാം ത്യാഗിയശസ്ത കർമ്മം
ദ്വേഷിക്കയോ നല്ലതിലിങ്ങടിഞ്ഞു
ബന്ധിക്കയോ ചെയ്യുകയില്ലയല്ലോ.

11

കർമ്മങ്ങൾ നിഃശ്ശേഷ മൊഴിച്ചിരിപ്പാൻ
ശരീരികൾക്കൊക്കെ യശക്യമത്രെ.
തല്ലാരണാൽ കർമ്മഫലത്തെ മുററും
ത്യജിയ്ക്കുവോൻ ത്യാഗിവരൻ ധരിക്കു.

12

ദേഹാന്തത്തിനു മപ്പുറത്തനുഭവിച്ചീടേ-
ണ്ടതായ് പാർക്കിൽ
ഇഷ്ടാ നിഷ്ടാ മിവററ രണ്ടു മിടചേർന്നി-
ട്ടുള്ളതെന്നിങ്ങനെ
കർമ്മത്തിൻ ഫലമുണ്ടു മൂന്നുവിധമി പ്രാപ-
ഞ്ചികൾക്കൊക്കെയും
സന്ന്യാസി പ്രവരർക്കിതൊന്നു മൊരുകാലത്തും
ഭവിക്കില്ല താൻ.

13

കർമ്മ സിദ്ധിക്കു ഹേതുക്ക-
ളഞ്ചാണറിയുകർജ്ജുന,
ജ്ഞാന ശാസ്ത്രോക്തമായീടു-
മവയോതാം നിനക്കു ഞാൻ.

14

കർമ്മാധിഷ്ഠാനമാം ദേഹം
അഹങ്കാരേന്ദ്രിയങ്ങളും
നാനാ വായു ക്രിയാ ദൈവ-
മിവയാണവയഞ്ചുമേ.

15

ശരീര വാങ്മനസ്സാലെ
ന്ന്യായാന്യായ ങ്ങളായിടും
ഏതു കർമ്മം തുടർന്നാലും
ഹേതുവിപ്പഞ്ച കാരണം.

16

ഇപ്രകാരമിരിയ്ക്കേത്ത-
ന്നാത്മാ കർത്താവിതിസ്വയം
കാണ്മാനശുദ്ധ ബോധത്താ-
ലെന്നെക്കാൺമീല ദുർമതി.

17

ഞാനാണു ചെയ്തതിതി ഭാവമൊഴിഞ്ഞു ബുദ്ധി
ഏതൊന്നിനാലുമിഹ ബാധിതമായിടാതെ
മേവീടുവോൻ കൊല നടത്തുകിലും നിഹന്താ-
വാകില്ല ബന്ധവു മവന്നതിനാൽ വരില്ല

18

അറിവു മറിയുവാനായുള്ളതും മാത്രമല്ലി-
ങ്ങറിവവനിതി മൂന്നും കർമ്മസാംപ്രേരകങ്ങൾ
കരണവുമിഹ കർത്താ കർമ്മമീ മൂന്നുമോതു-
ന്നിതു ബുധരയി! കർമ്മാധാരമായ് ഭാരതേന്ദ്ര!

19

സത്വാദി ഗുണ ഭേദത്താൽ
ജ്ഞാനവും കർമ്മവും തഥാ
കർത്താവും ത്രിവിധം ചൊല്ല-
പ്പെടുന്നുണ്ടവ കേൾക്കെടോ

20

വിഭിന്നമായീട്ട മശേഷ ഭൂത-
വൃന്ദത്തിലും നിർവ്യയമേകമായ് സദാ-
ഭിന്നത്വമില്ലാതെഴ മാത്മ ഭാവ-
മീക്ഷിച്ചിടും 'ജ്ഞാന'മതാണു സാത്വികം.

21

ഭൂത വർഗ്ഗങ്ങളാർന്നീടും
പ്രത്യേക ബദ്ധ സത്തകൾ
വെവ്വേറായ് കണ്ടിടും ജ്ഞാനം
രാജസം നീ ധരിക്കെടൊ!

22

ഏതെങ്കിലും കാര്യ്യ മതിങ്കലൊന്നി-
ലാസക്ത മായിട്ടതു താൻ സമസ്തവും
എന്നിങ്ങയുക്ത്യാ പരമാർത്ഥ ഹീനം
നിസ്സാരമായുള്ളറിവാണു താമസം.

23

രാഗ ദ്വേഷങ്ങൾ കൈവിട്ടും
ഫലാകാംക്ഷയൊഴിഞ്ഞുമെ
പററലററാം വിധിയോൎത്തും
ചെയ്യും കൎമ്മം സുസാത്വികം.

24

ഫലമാശിച്ചുകൊണ്ടോ പി-
ന്നഹങ്കാര സമന്വിതം
ബഹുയത്നത്തൊടോ ചെയ്യും
കൎമ്മം രാജസ നാമകം.

25

ഗുണദോഷാദിയും സ്വന്താ
കഴിവും ഹിംസ നഷ്ടവും
ചിന്തിയാതാചരിച്ചീടും
കൎമ്മം താമസ മാണുതാൻ.

26

കൎമ്മത്തിൻെറ ഫലത്തിലിങ്ങു നിജഹൃത്സംഗം
വെടിഞ്ഞും തഥാ
കൎമ്മം ചെയ്യുവനെന്ന ഭാവവു മകന്നുത്സാഹ
ധൈൎയ്യാന്വിതം
ചെയ്യേണ്ടുന്നതു ചെയ്തു മായതു ഫലിച്ചാലും
ഫലിയ്ക്കായ്കിലും
തൻ ഭാവത്തിനു മാററ മററു മരുവും ക-
ൎത്താവുതാൻ സാത്വികൻ.

27

രാഗം കർമ്മ ഫലാകാംക്ഷ
ലോഭം ഹിംസ യശുദ്ധിയും
മോദഃശാകങ്ങളും ചേൎന്ന
കർത്താ രാജസനാണു താൻ.

28

ധിക്കാരമസ്ഥിരതയും മടിശാഠ്യമാൎത്തി
സംസ്കാരശൂന്യതയഹംകൃതി ദീർഘസൂത്രം
ഇച്ചൊന്ന ദോഷമഖിലം കൂടികൊണ്ടിടുന്ന
കർത്താവുതാനറിക താമസ നാമധേയൻ.

29

മതിയും ധൃതിയും മൂന്നു-
വിധമാം ത്രിഗുണത്തിനാൽ
അതുവെഃവ്വേറെ ഞാഃനോതാ-
മശേഷം കേട്ടു കൊൾക നീ.

30

പ്രവൃത്തിയെന്നല്ല നിവൃത്തി കാര്യാ-
കാര്യങ്ങളും കേൾക്ക ഭയാ ഭയങ്ങളും
ബന്ധം തഥാ മോക്ഷമതും വിവേചി-
ച്ചറിഞ്ഞുകൊള്ളുന്നൊരു ബുദ്ധി "സാത്വികീ"

31

ധർമ്മാ ധർമ്മങ്ങളും കാര്യാ-
കാര്യങ്ങളിവ യൊക്കെയും
ശരിയായി ഗ്രഹിക്കാത്ത
ബുദ്ധി രാജസിയാണെടൊ.

32

അജ്ഞാനാവൃതിയിൽ പെട്ടി-
ട്ടധർമ്മം ധർമ്മമെന്ന പോൽ
സർവ്വവും വിപരീതത്തിൽ
കണ്ടീടും ബുദ്ധി താമസീ.

33

യോഗത്തിനാൽ ചലനമററിഹ ധൈര്യമാൻ
ചേതോ മരുത്കരണവൃത്തികളെ ക്രമത്തിൽ
നേരെ നയിച്ചിടുമൊരാ ധൃതി തന്നെയല്ലോ
സാരജ്ഞ! സാത്വികിയതെന്നു കഥിച്ചിടുന്നു.

34

പററലാൽ ഫലമാശിച്ചു
ധർമ്മ കാമാർത്ഥ സഞ്ചയം
കൈക്കൊൾവാൻ കുതികൊള്ളുന്ന
ധൃതി താൻ പാർത്ഥ, രാജസി.

35

ഉറക്കം പേടിയും ദുഃഖം
നിരാശ മദ മെന്നിവ
കൈവിടാത്തൊരു ദുർബ്ബുദ്ധി-
യ്ക്കുള്ളതാം ധൃതി താമസീ.

36

ശീലിയ്ക്കിലാനന്ദമുയർത്തിടുന്നതായ്
ദുഃഖത്തിനന്തത്തെ വരുത്തിടുന്നതായ്
പരം വിളങ്ങും സുഖവും ശ്രവിക്കെടോ
പറഞ്ഞിടാം മൂന്നു വിധത്തിലാണയെ.

37

ആദ്യം വിഷത്തിനു സമാനമതായു മന്ത്യ
മെത്തുമ്പോഴേയ്ക്കമൃതുപോലെ രസിപ്പതായും
ആത്മപ്രലീന ഹൃദയത്തെളിവിൽ ഭവിക്കും
സൗഖ്യം, സഖെ, കരുതുസാത്വികമെന്നു പാർത്ഥ!

38

വിഷയേന്ദ്രിയ സംയോഗാ-
ലമൃതം പോലെ യാദിയിൽ
വിഷം പോലെ്ടുവിൽ തോന്നു-
മാസുഖം രാജസം സഖെ.

39

അദ്യംമുതല്ക്കു മവസാന ദിനംവരെയ്ക്കും
ചേതസ്സിനേയിഹ മയക്കുവതും സഖെ! കേൾ
നിദ്രാ പ്രമീളമദമെന്നിവയിങ്കൽ നിന്നും
ഉണ്ടാവതും വിജയ! താമസികം സുഖം താൻ.

40

മണ്ണിലോ വിണ്ണിലോ പിന്നെ
വിണ്ണവന്മാരിലോ സഖെ!
മായിക ത്രിഗുണം ബന്ധി-
യ്ക്കാതെയില്ലെങ്ങു മൊന്നുമേ.

41

ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ
ശൂദ്രനി നാലുപേർക്കുമേ
വിഭാഗിച്ചിതു കർമ്മങ്ങൾ
സ്വഭാവോത്ഥ ഗുണങ്ങളാൽ

42

ശമം ദമം ശുദ്ധി തപസ്സു ബോധം
വിജ്ഞാനമാസ്തിക്യവു മാർജ്ജവം തഥാ
തിതീക്ഷയും ബ്രാഹ്മണ കർമ്മമത്രെ
സ്വഭാവജാതം നരവംശ ഹീരമേ.

43

പോരിൽ സ്ഥിരതയും ശൌര്യം
ധൈര്യം സാമർത്ഥ്യവും ബലം
ദാനം പ്രഭുത്വവും ക്ഷാത്ര-
കർമ്മം സ്വാഭാവികം സഖെ.

44

വാണിജ്യവും കാർഷികവൃത്തിയും ഗോ-
സംരക്ഷയും വൈശ്യനിസർഗ്ഗകർമ്മം
ശുശ്രൂഷയുൾക്കൊൾവതു തന്നെ ശൂദ്ര-
ജനത്തിനും ചേർന്ന നിസർഗ്ഗ കർമ്മം.

45

സ്വസ്വകർമ്മരതൻ മർത്ത്യൻ
പ്രാപിച്ചീടുന്നു സിദ്ധിയെ
എപ്രകാരമവൻ സിദ്ധി-
യെത്തുമെന്നതു കേൾക്ക നീ.

46

യാതൊന്നിൽ നിന്നഖിലഭൂതവു മുത്ഭവിച്ചു
യാതൊന്നിനാലുലകമൊക്കെ നിറഞ്ഞിരിപ്പൂ
ആ ദിവ്യശക്തിയെ നിനച്ചിഹ തന്റെ കർമ്മം-
കൊണ്ടർച്ച ചെയ്യുവനു സിദ്ധി ഭവിച്ചിടുന്നു.

47

ശരിക്കനുഷ്ഠിച്ചിടുമന്യ ധൎമ്മ-
ത്തിലും വിശിഷ്ടം വിഗുണം സ്വധൎമ്മം
സ്വാഭാവികം കൎമ്മമതാചരിപ്പോ-
നുണ്ടായിടാ കന്മഷമെന്നതേതും.

48

സ്വാഭാവികാം കൎമ്മമയെ നിനച്ചാൽ
സദോഷ മെന്നാലു മൊഴിച്ചു കൂടാ
ധൂമത്തിനാലഗ്നി കണക്കു സർവ്വ-
കൎമ്മങ്ങളും ദോഷപരീതമല്ലോ.

49

മനതാരിനു പററലററുനിർ-
ജിതചിത്തത്തൊടുമാശ വിട്ടവൻ
പരസന്ന്യാസമിയന്നനർഘമാ-
മുരുനൈഷ്കൎമ്മ്യഫലം ലഭിച്ചിടും.

50

ആമട്ടു സിദ്ധിയെ ലഭിപ്പവനെപ്രകാരം
പ്രാപിച്ചിടും ബ്രഹ്മപദത്തെ യെന്നും
ജ്ഞാനത്തിനുററൊരു മഹത്തമ നിഷ്ഠയേയും
സംക്ഷിപ്തമായരുളിടാ മതു കേട്ടുകൊൾക.

51

“ധൈൎയ്യത്തൊടാത്മനിയമം പരമാചരിച്ചും
ശബ്ദാദിയാം വിഷയമൊക്കെ നിരാകരിച്ചും
രാഗം വിരോധ മിവരണ്ടു മപാകരിച്ചും
ഏകാന്ത വാസമൊടു ലഘ്വശനം കഴിച്ചും

52

വാക്കും മനസ്സോടു ശരീരമത്തും നിയന്ത്രി-
ച്ചാക്കത്തൊടാത്മ പരിചിന്തന ചെയ്തുകൊണ്ടും
വൈരാഗ്യവും ബലമഹംകൃതി കാമദർപ്പ-
ദ്രോഹം പരിഗ്രഹമിവറ്റെ വെടിഞ്ഞുകൊണ്ടും

53

എല്ലായ്പ്പോഴും ഹൃദിമമതയൊഴിഞ്ഞു ശാന്തി-
കയ്ക്കൊണ്ടു ശുദ്ധിയെഴുമുത്തമ ബുദ്ധിമാനായ്
മേവും മഹായതിവരൻ "നിഖിലാത്മഭാവ"-
സിദ്ധിക്കയെന്ന നിലയാണ്ടു വിളങ്ങിടുന്നു."

(വിശേഷകം

54

ബ്രഹ്മഭൂതനു മനസ്സു നിർമ്മലം
ദുഃഖമില്ലവനു കാംക്ഷയെന്നതും
തുല്യഭാവനയവന്നു സർവ്വ ഭൂ-
തത്തിലും പരമ ഭക്തിയെന്നിലും.

55

സത്യത്തിൽ ഞാനാരെത്ര മട്ടിലുള്ളോ-
നെന്നുള്ളതെമ്മട്ടിഹ ഭക്തിയാലെ
ഗ്രഹിച്ചിടുന്നോൻ പുനരഗ്ര്യ മാമ-
പ്പദത്തിലെത്തുന്നിതു തത്ത്വവിജ്ഞൻ

56

എന്നെത്താനാശ്രയിച്ചെല്ലാ-
കർമ്മവും ചെയ്യുവോൻ സദാ
എത്തീടും മൽ പ്രസാദത്താൽ
നിത്യമെന്നവ്യയം പദം.

57

ചേതസ്സിനാൽ സകലകർമ്മവുമെന്നിലർപ്പി-
ച്ചെന്നെക്കുറിച്ചധിക ഭക്തിയൊടൊത്തു നിത്യം
എൻബുദ്ധിയോഗപരനായനിശം മനസ്സിൽ
ധ്യാനിച്ചുകൊണ്ടു നിവസിച്ചിടുകെൻ സഖേ നീ

58

എങ്കൽ സമർപ്പിതമനസ്സൊടു നീ വസിക്കിൽ
നിൻ ദുർഘടം സകലമെൻ കൃപയാൽ കടക്കാം
എന്നാലഹംകൃതി മുഴുത്തു മദീയ വാക്യം
കേൾക്കായ്കിൽ നന്മയൊരുനാളു മുദിയ്ക്കയില്ല.

59

പോരു ചെയ്യുകയില്ലെന്നായ്
കരുതീടിലഹന്തയാൽ
ഫലിയ്ക്കില്ലതിന്നായ് നിന്നെ
സ്വഭാവം തള്ളിവിട്ടിടും.

60

സ്വഭാവജം കർമ്മമതാചരിപ്പാൻ
നിബദ്ധനാം നീയതു മോഹമൂലം
ചെയ്യാൻ മടിച്ചാലു മതിങ്ങൊടുക്കം
ചെയ്തീടുവാൻ പ്രേരിതനായിടും കേൾ.

61

ചരാചരങ്ങൾക്കകമേ വിളങ്ങും
സർവ്വേശ്വരൻ താൻ നിജമായയാലേ
സമസ്തവും പാർത്ഥ! ചുഴററിടുന്നു
യന്ത്രത്തിലാളുന്നവയെക്കണക്കെ.

62

സർവ്വാത്മനാ ശരണമായ് കരുതീടണം നീ
യദുദ്ഭവനെ ത്തദഹര തൽ കൃപയേല്ക്കുമെന്നാൽ
ഉൽകൃഷ്ടശാന്തിയുടെ ശാശ്വതമായ കേന്ദ്ര-
മെത്തും സഖേ! വിജയ! ഹേ, പരിശുദ്ധബുദ്ധേ,

63

അതീവ ഗോപ്യമീജ്ഞാനം
നിനക്കിന്നോതി ഞാനെടോ
ഇതു നിശ്ശേഷമാലോചി-
ച്ചിഷ്ടംപോലാചരിക്ക നീ.

64

എല്ലാററിലും കാളതി ഗോപ്യമാകും
പ്രധാനമാമെന്നുടെ വാക്കു കേൾക്ക
നീയെൻ സഖാവായതിനാലയ്യ! ഞാൻ
നിനക്കു വേണ്ടുന്നതു വീണ്ടുമോതാം.

65

എന്നിൽ ചിത്തമണച്ചു മെന്നെ നിതരാം
സേവിച്ചു മെൻ പൂജചെ-
യ്തെന്നെത്തന്നെ നമസ്കരിച്ചു മിഹ നീ,
വാണീടുകെന്നാകിലോ
നീ താനെൻ പ്രിയനെന്നുമല്ലയി സഖേ!
സത്യം നിനക്കെന്നിൽ വ
ന്നെത്താനും തരമാകുമെന്നതിവിടെ-
ത്തീർത്തോതിടുന്നിന്നു ഞാൻ.

66

സമസ്തധർമ്മങ്ങളെയും വെടിഞ്ഞി-
ട്ടാലംബമായെന്നെ യൊരുത്തനെ നീ
വ്രജിക്ക; ഞാൻ നിന്നെ യഘങ്ങളിൽ നി-
ന്നൊഴിക്കുമേവ്യനല്ലലിയന്നിടേണ്ട.

67

എന്നെക്കുറിച്ചു തപവും പരഭക്തിയെന്ന-
ല്ലെൻ വാർത്ത കേൾപ്പതിനു മോദവു മററവർക്കും,
എന്നെപ്പരം പഴിപറഞ്ഞു നടപ്പവർക്കും
ചൊല്ലിക്കൊടുക്കരുതൊരിക്കലു മീ രഹസ്യം

68

ഉൽകൃഷ്ട മെന്നല്ല രഹസ്യമാകു-
മിത്തത്ത്വമെൻ ഭക്തജനത്തിനേവൻ
ശ്രദ്ധിച്ചു ചൊൽവു നിജഭക്തി വർദ്ധി-
ച്ചെത്തീടു മീയെന്നിലവൻ വിശങ്കം.

69

അവനെക്കാളിനിക്കേററം
പ്രിയകൃത്തൊരു മർത്ത്യരിൽ ?
അവനല്ലാതിനിക്കെന്നും
പ്രിയനില്ലന്യ നൂഴിയിൽ.

70

നമ്മളാർന്നൊരു സംവാദം
ധർമ്മ്യ മിങ്ങു പഠിപ്പവൻ
ജ്ഞാനയജ്ഞത്തിനാലെന്നെ-
പ്പൂജിപ്പോനെന്നതെൻമതം.

71

ശ്രദ്ധപൂണ്ടു മനനസൂയയാർന്നമി-
ത്തത്ത്വമൊത്തു മനുജൻ ശ്രവിക്കിലോ
മുക്തനായ് സുകൃതകർമ്മികൾക്കെഴും
ശുദ്ധമാമുലകമെത്തു മാനവൻ.

72

ഏകാഗ്രമാനസം പൂണ്ടു
കേട്ടുവോ? നീയിതർജ്ജുനാ
അജ്ഞാനജന്യമാം മോഹം
നഷ്ടമായോ, നിനക്കിഹ ?

73

അർജ്ജു:-

മോഹം നശിച്ചു വഴിപോൽ സ്മൃതി-
യാർന്നിതാ ഞാൻ
ധൈര്യം തികഞ്ഞു നിലപൂണ്ടു ഭവൽ
പ്രസാദാൽ
മത്സംശയങ്ങളകന്നിതു മേലി-
ലങ്ങേ
ചൊൽപൊങ്ങുമിത്തിരുവചസ്സതു-
പോൽ നടത്താം.

74

സഞ്ജ:-

മഹാത്മാമാധവന്റെയും
പാർത്ഥന്റെയും പരസ്പരം
വിസ്മയം പുളകം റീശ്ശും
സംവാദമിതു കേട്ടു ഞാൻ.

75

യോഗനാഥ നലിവുററ കൃഷ്ണനീ
യോഗമിങ്ങതി രഹസ്യ മീവിധം
നേരിലോതുവതു കേൾക്കയായി ഞാൻ
വ്യാസദാമുനി യനുഗ്രഹിക്കയാൽ

76

കേശവാജ്ജുനർ നടത്തി യോരുസം-
ഭാഷണം മഹിത പുണ്യമത്ഭുതം
ഞാൻ നിനച്ചിഹ നിനച്ച പിന്നെയും
മോദമാന്ന മരുവുന്നു,യെ വിഭൊ !

77

ഹരിതൻ രൂപമഹൊ! മഹാത്ഭുതം!
നിനവാന്നതുതാൻ നിനച്ച ഞാൻ
വലുതാം വിസ്മയ മാണ്ടുപിന്നെയും
പുനരാമോദിതനാണു ഭൂപതെ.

78

യോഗേശനാം കൃഷ്ണ നിരിപ്പതെങ്ങുവാൻ,
വില്ലാളിയാം പാത്ഥനു മെങ്ങു വാഴ്‌വിതെ
അങ്ങൈശ്വര്യം, വെന്നി, വിഭൂതി, നീതിയും
വന്നെത്തിടും സുസ്ഥിര മെന്നതെന്മതം.

പതിനെട്ടാം അദ്ധ്യായം കഴിഞ്ഞു.

"ശുഭം"

ॐ

# ശുദ്ധിപത്രം

| അ. | പേ. | ശ്ലോ. | വ. | തെ. | ശ. |
|---|---|---|---|---|---|
| 2 | 13 | 12 | 4 | ണ്ധ | ണ്ധു |
| ,, | 19 | 40 | 4 | യതിനെക്കുറെ | യതിനക്കരെ |
| ,, | 22 | 50 | 3 | കു, | ക, |
| ,, | 25 | 64 | 4 | പ്പ | പി |
| 4 | 36 | 1 | 4 | — | ക്ഷ്വാകു–<br>വിന്നമെ |
| ,, | 37 | 6 | 4 | ഷ്പു | ഷ്പി |
| 7 | 67 | 27 | 1 | | ഷ |
| 8 | 74 | 26 | 4 | കേവലം | റിഞ്ഞു–<br>കൊൾക |
| 9 | 81 | 30 | 3 | ക്ക | ർക്കു |
| 10 | 82 | 2 | 1 | ള്ളി | ളൃ |
| ,, | 87 | 27 | 1 | ന | നി |
| ,, | 88 | 32 | 3 | ദ | ദം |
| 11 | 92 | 6 | 4 | | യ |
| ,, | 96 | 23 | 4 | ത | ത്ര |
| 11 | 100 | 36 | 3 | ശി | ശ |
| ,, | 102 | 45 | 3 | യ | യി |
| ,, | 103 | 48 | 2 | യു | വു |

| | | | | | |
|---|---|---|---|---|---|
| 12 | 107 | 11 | 4 | പ | പി |
| ,, | 107 | 12 | 2 | ശ്ല | ശ്ലി |
| ,, | ,, | ,, | 4 | ന | നി |
| ,, | 108 | 19 | 2 | ന്നി | ന്ന |
| 14 | 122 | 26 | 4 | വ | വി |
| 15 | 123 | 1 | 2 | ങ്ങി | ങ്ങ |
| 16 | 131 | – | – | XIV | XVI |
| ,, | 131 | 14 | 2 | ക | കൊ |
| 18 | 142 | 12 | 1 | – | കി |

PROF. C.K. MOOSAD
"SUDARSAN"
TARAKKAD
PALGHAT 678 001

പരുഷക്കൊട്ടു പാടില്ലീ
നിലത്തിന്നതയുക്തവും
ഇഷ്ടമാം ചിത്രദേശങ്ങളും
വിട്ടെങ്ങിങ്ങു പറന്നവ!

(II, 3)

൧൩, ൧൭ പേജ്

ശ്രീമദ് ഭഗവദ് ഗീത

നെയ്യാറ്റിൻകര.
സി. ആർ. അച്യുതൻ വൈദ്യൻ